# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ



## ആഗസ്റ്റ് 15 – പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ

Vol. LXX August 2020 No.6



പാലാ കോർപ്പറേറ്റിന്റെ നേതൃത്വത്തിൽ +2 വാർഷിക പരീക്ഷയിൽ 1200– ൽ 1200 വാങ്ങിയ വിദ്യാർത്ഥികളെ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അനുമോദിക്കുന്നു.




PSWS, മാതൃവേദി, DFC, DCMS, SMYM എന്നീ അഞ്ച് സംഘടനകളുടെ നേതൃത്വത്തിൽ
സംഘടിപ്പിച്ച വനിതാദിനാചരണത്തിന്റെ ചെലവുനിയന്ത്രിച്ചതിന്റെ ഭാഗമായി വാങ്ങിയ പഠനസഹായ
ടെലിവിഷൻ വിതരണോദ്ഘാടനം അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് നിർവ്വഹിക്കുന്നു.



പാലാ രൂപതയുടെ നേതൃത്വത്തിൽ പൗരസ്ത്യ സുറിയാനി ഭാഷയുടെ പഠനപ്രോഗ്രാം
(ബേസ് ഹേകംസാ ദ്സുറ്യായാ മദ്ന്ഹായാ– The House of Wisdom of East Syriac)
അഭിവന്ദ്യ മാർ ജോസഫ്  കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സദ്പ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

AUGUST 2020
Vol. LXX No. 6

# CONTENTS


സർക്കുലർ - 273 .......................................................... 499

സർക്കുലർ - കെ.സി.ബി.സി. .................................................. 500

സർക്കുലർ - കെ.സി.ബി.സി .................................................. 508

സർക്കുലർ- ലുത്തിനിയ ..................................................... 512

അറിയിപ്പ് - പ്രവാസി അപ്പൊസ്റ്റലേറ്റ് ....................................... 518

അറിയിപ്പുകൾ ................................................................ 523

കച്ചേരിക്കാര്യം ............................................................... 531

അറിയിപ്പുകൾ ................................................................ 532

വാർത്തകൾ ................................................................... 546

ആദരാഞ്ജലികൾ ................................................................ 571

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ......................................... 579

## സർക്കുലർ - 273

# രൂപത സ്ഥാപനത്തിന്റെ സപ്തതി

പ്രിയ അച്ചന്മാരേ,

നമ്മുടെ രൂപത സ്ഥാപിതമായത് 1950 ജൂലൈ 25-ാം തീയതിയാണല്ലോ. ഇപ്പോൾ 70 വർഷങ്ങൾ പൂർത്തിയാവുക യാണ്. രൂപതയുടെ സപ്തതിയുമായി ബന്ധപ്പെട്ട് ഇപ്പോഴത്തെ സാഹചര്യത്തിൽ ഒരു ആഘോഷപരിപാടികളും നടത്തുവാൻ ഉദ്ദേശിക്കുന്നില്ല. കഴിഞ്ഞ 70 വർഷങ്ങൾ നമ്മുടെ രൂപതയെ നല്ലവനായ ദൈവം പരിപാലിച്ചു സംരക്ഷിച്ചു വളർത്തി. അതിന് നമുക്ക് ദൈവത്തിനു നന്ദി അർപ്പിക്കാം. സപ്തതി പൂർത്തിയാകുന്ന **ജൂലൈ 25-ാം തീയതി ശനിയാഴ്ച** നമ്മുടെ ദൈവാലയങ്ങളിൽ രൂപതയ്ക്കുവേണ്ടി നിയോഗംവെച്ച് വി. കുർബാന അർപ്പിച്ച് നന്ദി പ്രകാശിപ്പിക്കാം. രൂപതയ്ക്കുവേണ്ടി അന്നേദിവസം വി. കുർബാനയർപ്പിക്കുന്ന വിവരം ഇടവകജന ങ്ങളെ ഉചിതമായ മാർഗ്ഗങ്ങളിലൂടെ അറിയിക്കുമല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 17-7-2020

---

N B: 17-7-2020 ൽ നൽകപ്പെട്ട സർക്കുലർ

Ref: 3321/K-5/KCBC/OL/DS 9.7.2020

## കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡവലെപ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

# കോവിഡ്-19 അതിജീവനമാർഗ്ഗരേഖ

മിശിഹായിൽ സ്നേഹംനിറഞ്ഞ വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരങ്ങളേ,

കേരള കത്തോലിക്കാസഭയുടെ സാമൂഹികനീതിക്കും സമാധാനത്തിനും വികസനത്തിനുമായുള്ള കമ്മീഷനിൽ നിന്നു സ്നേഹാശംസകൾ!

ഇന്നുവരെ നാം അഭിമുഖീകരിച്ചിട്ടില്ലാത്ത ഒരു മഹാവിപത്തിനെ ലോകം മുഴുവൻ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രത്യേക സാഹചര്യമാണല്ലോ ഇപ്പോഴുള്ളത്. കോവിഡ് 19-ന്റെ വ്യാപനം എവിടെയും വലിയ ദുരിതങ്ങളും ആശങ്കകളുമാണ് ഉളവാക്കിയിരിക്കുന്നത്. ഈ പ്രതിസന്ധിയുടെ നടുവിൽ മനസ്സിടിയാതെ ദൈവം നല്കുന്ന കാലത്തിന്റെ അടയാളങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ തിരിച്ചറിയാൻ നമുക്കു കഴിയണം. സ്വാർത്ഥം ഉപേക്ഷിച്ച്, മനുഷ്യൻ ആത്യന്തികലക്ഷ്യമായ ദൈവത്തിലേക്കും ഒപ്പം സഹോദരങ്ങളിലേക്കും പ്രകൃതിയിലേക്കും മടങ്ങണമെന്ന ആഹ്വാനമിവിടെ മുഴങ്ങുന്നുണ്ട്. അത് നാം ശ്രവിച്ചുകൊണ്ട് പുതിയ ജീവിതശൈലികൾ സ്വീകരിക്കേണ്ടതാവശ്യമാണ്.

ഇന്നത്തെ പ്രത്യേക പരിതോവസ്ഥയിൽ ശരിയായി ഇടപെടുകയും പഠനം നടത്തുകയും ചെയ്തുകൊണ്ടാണ് അതിജീവനത്തിനു സഹായിക്കുന്ന കർമ്മപദ്ധതികൾ കമ്മീഷൻ ആവിഷ്കരിക്കുന്നത്. നമ്മുടെ ആവാസവ്യവസ്ഥയ്ക്ക് നാം ഉണ്ടാക്കുന്ന ആഘാതങ്ങളാണ് പലപ്പോഴും വൈറസുകളുടെ രൂപമാറ്റത്തിന് (mutation) കാരണമാകുന്നത്. ഈ ഗണത്തിൽ

ഏറ്റവും പുതിയതാണല്ലോ കോവിഡ്-19 ന് കാരണമാകുന്ന കൊറോണ വൈറസ്. ഈ വൈറസ് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹികജീവിതത്തിലും ആരോഗ്യ മേഖലയിലും സാമ്പത്തികമേഖലയിലും കാർഷിക മേഖലയിലും വ്യാവസായികമേഖലയിലും ഏൽപ്പിക്കുന്ന ആഘാതം നാമിന്ന് നേരിട്ടനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ദൂഷ്യഫലങ്ങൾ എന്നവസാനിക്കുമെന്നു നിശ്ചയിക്ക പ്പെട്ടിട്ടുമില്ല. നാളിതുവരെ ഇതിനെ പ്രതിരോധിക്കുന്നതിനും വ്യാപനം തടയുന്നതിനും സഭയെന്ന നിലയിൽ നമ്മൾ ഉണർന്നു പ്രവർത്തിച്ചു. ബഹുമാനപ്പെട്ട വൈദികരുടെ നേതൃ ത്വത്തിൽ രൂപതാതലങ്ങളിൽ കോവിഡ് അതിജീവനപ്രവർത്ത നങ്ങൾ കാര്യക്ഷമമായി നടക്കുന്നത് തികച്ചും അഭിനന്ദ നാർഹമാണ്. ഇക്കാര്യത്തിൽ നമ്മുടെ രൂപതകളിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ വഹിച്ചിട്ടുള്ള പങ്ക് നിർണ്ണായകവുമാണ്. ഈ സന്ദർഭത്തിൽ കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ എല്ലാവരെയും പ്രാർത്ഥനാപൂർവ്വം സ്മരിക്കുന്നു. ഈ നാളുകളിൽ ത്യാഗപൂർവ്വം സേവനനിരതരായിരിക്കുന്ന നമ്മുടെ ആരോഗ്യപ്രവർത്തകർ, ഭരണാധികാരികൾ, നിയമപാലകർ, വൈദികർ, സന്ന്യസ്തർ തുടങ്ങിയവരെ ജസ്റ്റീസ് പീസ് ആന്റ് ഡവലപ്മെന്റ് കമ്മീഷൻ നന്ദിപൂർവ്വം ഓർക്കുന്നു.

ഏതൊരു ദുരന്തവും നമുക്കുമുന്നിൽ ചില വെല്ലു വിളികൾ അവശേഷിപ്പിക്കുന്നുണ്ട്. പുതിയ തീരുമാനങ്ങളും കർമ്മപദ്ധതികളും ഏറ്റെടുത്തു നടപ്പിലാക്കുവാനുള്ള അവസരമാണിത്. ദുരന്തമുഖത്തുള്ളവരെ അടിയന്തരമായി രക്ഷപ്പെടുത്തുക, അവർക്കാവശ്യമായ സഹായങ്ങൾ നൽകുക, പുനരധിവസിപ്പിക്കുക തുടങ്ങിയവ നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ് (Rescue, Relief and Rehabilitation).

ആവശ്യക്കാരന്റെ മുൻപിൽ മിശിഹായുടെ കണ്ണും കാതും കരങ്ങളും കാലുകളും ഹൃദയവുമായി കടന്നുചെന്ന്, അവരെ മനുഷ്യത്വപരമായി സഹായിച്ച് നമ്മുടെ ദൈവം ഇന്നും ജീവിക്കുന്ന ദൈവമാണെന്ന് അനുഭവവേദ്യമാക്കിക്കൊടുക്കുക വിശ്വാസികളുടെ കടമയാണ്. കർത്താവ് ഇന്നു നമ്മോട് ആവശ്യപ്പെടുന്ന സുവിശേഷപ്രഘോഷണം തന്നെയാണിത് എന്നതിൽ സംശയമില്ല.

കേരള കത്തോലിക്കാസഭ, പങ്കുവയ്ക്കുന്ന ഒരു സമൂഹമെന്നനിലയിൽ എന്നും എവിടെയും മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് പൂർവ്വാധികം തീക്ഷ്ണതയോടെ തുടരേണ്ടത് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഒരു അനിവാര്യതയാണ്. ഇതര സംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നും തിരികെയെത്തുന്ന നമ്മുടെ സഹോദരങ്ങളെ അനുഭാവപൂർവ്വം സ്വീകരിച്ചുകൊണ്ട് അവർക്ക് അനുകൂലമായ ജീവിതസാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ദുരന്തങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്ന വർത്തമാനകാലസാഹചര്യത്തിൽ ഇവയെ ധൈര്യപൂർവ്വം അതിജീവിക്കാൻ നമ്മുടെ ജനങ്ങളെ സജ്ജരാക്കേണ്ടതുണ്ട്. ഈ മേഖലകളിലെല്ലാം ഉണർന്നു പ്രവർത്തിക്കുവാൻ സഭ മുഴുവനെയും ആഹ്വാനം ചെയ്യുന്നു.

പരിസ്ഥിതി, കൃഷി, സമ്പത്ത്, വ്യക്തി-കുടുംബ -സാമൂഹികബന്ധങ്ങൾ എന്നിവയോടുള്ള സമീപനങ്ങളിൽ ഒരു ആന്തരികപരിവർത്തനത്തിനു നാം വിധേയരാകേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു. ആഡംബരങ്ങളെക്കാൾ ആവശ്യങ്ങൾക്കു മുൻതൂക്കം നൽകിവേണം നാം മുമ്പോട്ടു ചരിക്കുവാൻ. മിതത്വവും ലളിതജീവിതശൈലിയും ആഘോഷവേളകളിലും മറ്റു ജീവിതസാഹചര്യങ്ങളിലും നമ്മുടെ മുഖമുദ്രയായി മാറേണ്ടതുണ്ട്. സ്വയംപര്യാപ്തമായ

കുടുംബജീവിതം, സമൂഹജീവിതം എന്നിവയായിരിക്കണം നമ്മുടെ മുമ്പോട്ടുള്ള പ്രയാണത്തിൽ പ്രഥമ പരിഗണനകൾ.

കോവിഡ്-19 ഏൽപ്പിക്കുന്ന ആഘാതങ്ങളെ അതിജീവിക്കുന്നതിനായി വരുന്ന മൂന്നു വർഷത്തേക്കു നമ്മുടെ കമ്മീഷന്റെ കീഴിലുള്ള കേരളാ സോഷ്യൽ സർവ്വീസ് ഫോറവും, 32 രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളും സംയുക്തമായി 'കോവിഡ് അതിജീവനം' (Surviving Covid) എന്ന ശീർഷകത്തിൽ തയ്യാറാക്കിയിരിക്കുന്ന കർമ്മപദ്ധതികൾ കേരള കത്തോലിക്കാസഭയ്ക്കുവേണ്ടി സ്നേഹപൂർവ്വം സമർപ്പിക്കുകയാണ്. സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന കേരളസമൂഹത്തിന് ഒരു നവദർശനവും പരിരക്ഷയും പ്രദാനംചെയ്യുന്ന കർമ്മപരിപാടികളാണ് നമ്മൾ ആവിഷ്കരിച്ചിരിക്കുന്നത്.

**1. ആരോഗ്യപരിരക്ഷ:** അനുദിനം രോഗഗ്രസ്തമായിക്കൊണ്ടിരിക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. വരുമാനത്തിന്റെ മുഖ്യപങ്കും മരുന്നിനും ചികിത്സയ്ക്കുമായിട്ടാണല്ലോ നാം ചെലവിടുന്നത്. ജീവിതശൈലീ രോഗങ്ങൾ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് നമ്മുടെ ഇടയിലാണ്. ക്യാൻസർപോലുള്ള മാരകരോഗങ്ങൾ ദിനംതോറും കൂടിവരുന്നു. ഈ മേഖലയിൽ പ്രധാനമായും നാലു രീതിയിലുള്ള ഇടപെടലുകൾ പ്രയോജനപ്രദമാകുമെന്ന് സഭ ചിന്തിക്കുന്നു.

(എ) ആരോഗ്യ പരിപോഷണപ്രവർത്തനങ്ങൾ

(ബി) രോഗപ്രതിരോധപ്രവർത്തനങ്ങൾ

(സി) സൗഖ്യദായകമായ ചികിത്സാസൗകര്യങ്ങൾ

(ഡി) ആരോഗ്യ പുനരധിവാസപ്രവർത്തനങ്ങൾ

ഇവയുടെ ഭാഗമായി നമ്മുടെ ഗവൺമെന്റ് നൽകുന്ന നിർദ്ദേശങ്ങളെ അതേപടി പാലിക്കുന്നതിന് ഏവരും ശ്രദ്ധിക്കുന്നതോടൊപ്പം ഓരോരുത്തരും രോഗപ്രതിരോധ

ശേഷി വർദ്ധിപ്പിക്കേണ്ടതുമാണ്. സാമൂഹികസുരക്ഷാ പദ്ധതികളിൽ എല്ലാ കുടുംബാംഗങ്ങളും പങ്കുകാരാകേണ്ടതുമാണ്.

**2. ഭക്ഷ്യസുരക്ഷ:** ഭക്ഷണമായിരിക്കണം നമ്മുടെ മരുന്ന്. നമുക്കനുയോജ്യമല്ലാത്ത ഭക്ഷണക്രമമാണല്ലോ പല രോഗങ്ങളും ക്ഷണിച്ചുവരുത്തുന്നത്. ഭക്ഷ്യോത്പാദനത്തിൽ ഇനിയും നാം സ്വയംപര്യാപ്തത നേടിയിട്ടില്ല. ഇനിയെങ്കിലും ഇതിനൊരു പരിഹാരം ഉണ്ടായേ മതിയാകൂ. വിഷവിമുക്ത ഭക്ഷണശൈലി നാം അവലംബിക്കേണ്ടത് അത്യാവശ്യമാണ്. നാം എന്തു ഭക്ഷിക്കണമെന്ന് നാംതന്നെ തീരുമാനിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാവണം. പരസ്യങ്ങളുടെ പിന്നാലെ പോയി ആരോഗ്യത്തിനു ഹാനികരമായേക്കാവുന്ന ഭക്ഷണപദാർത്ഥങ്ങൾ സ്വീകരിക്കുന്ന ശൈലി വർജ്ജിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഒപ്പം, രോഗപ്രതിരോധശക്തി പ്രദാനം ചെയ്യുന്ന ഭക്ഷ്യപദാർത്ഥങ്ങൾ കൂടുതലായി നമ്മുടെ ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്താൻ നമ്മൾ പ്രത്യേകം ശ്രദ്ധിക്കണം. ഭക്ഷണകാര്യത്തിൽ ഒരു മിതത്വം നാം പാലിക്കേണ്ടതുമുണ്ട്. ഭക്ഷ്യസുരക്ഷാപ്രവർത്തനങ്ങളും ഇതോടൊപ്പം നാം ഏറ്റെടുത്തു നടപ്പിലാക്കേണ്ടതാണ്. അങ്ങനെ ഒരു പുതിയ ഭക്ഷ്യസാക്ഷരത പിൻതുടരുവാൻ കേരളസമൂഹം കാലവിളംബം വരുത്തിക്കൂടാ.

**3. കാർഷികസംസ്കൃതി:** കൃഷിയായിരുന്നല്ലോ നമ്മുടെ പ്രധാന സംസ്കാരം. നമ്മുടെ ഇളംതലമുറയെ കൃഷിയിലേക്കാകർഷിക്കുവാൻ നമുക്കു സാധിക്കണം. കാർഷികവൃത്തിയിൽ ക്രൈസ്തവർ മുൻപന്തിയിലാണെങ്കിലും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിൽ നാം പിൻപന്തിയിലാണ്. ഇവിടെയും ഒരു ക്രിയാത്മകമാറ്റം അനിവാര്യമാണ്. ഇത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനവർദ്ധനവിനും സഹായകമാകുന്നു. ഏകവിള സമ്പ്രദായത്തിനുപകരം ബഹുവിളയും

സമ്മിശ്ര കൃഷിരീതിയുമാണ് നാം ഏറ്റെടുക്കേണ്ടത്. നമ്മുടെ എല്ലാ കുടുംബങ്ങളിലും ഒരു അടുക്കളത്തോട്ടം ഉണ്ടാക്കി പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത ആർജ്ജിക്കേണ്ടതാണ്. പാരമ്പര്യമായി നമുക്കുള്ള കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, വിത്തിനങ്ങൾ തുടങ്ങിയവ കൃഷിചെയ്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ സാധിക്കും. പ്രകൃതിദത്ത കൃഷിരീതിയും ജൈവകൃഷി രീതിയും ആയിരിക്കണം നാം അവലംബിക്കേണ്ടത്. അതുവഴി നമ്മുടെ ആവാസ വ്യവസ്ഥയെയും മണ്ണിനെയും നമുക്കു സംരക്ഷിക്കാനാവും. വിപണനമേഖലയിലും വിലസ്ഥിരത ഉറപ്പാക്കുന്ന നവസംരംഭങ്ങൾ ആരംഭിക്കേണ്ടത് ഇന്നത്തെ വലിയ ആവശ്യമാണ്.

4. **പരിസ്ഥിതി സംരക്ഷണം:** ഫ്രാൻസിസ് മാർപാപ്പായുടെ ലൗദാതോ സി (*Laudato Si*) എന്ന ചാക്രികലേഖനം ഭൂമിയെ ഒരു പൊതുഭവനമായിട്ടാണല്ലോ അവതരിപ്പിക്കുന്നത്. ശുദ്ധമായ വായു, വെള്ളം. മണ്ണ്, ആവാസവ്യവസ്ഥ മുതലായവയെല്ലാം സമസ്ത ജീവജാലങ്ങളുടെയും അവകാശമാണെന്ന് മാർപാപ്പാ നമ്മെ ഉദ്ബോധിപ്പിക്കുന്നു. വലിച്ചെറിയൽസംസ്കാരത്തിന് അറുതിവരുത്തേണ്ടതിന്റെ ആവശ്യകത മാർപാപ്പാ നമ്മെ വ്യക്തമായി ഉദ്ബോധിപ്പിക്കുന്നുണ്ട്. എല്ലാത്തരത്തിലുമുള്ള മലിനീകരണത്തിനും നമ്മൾ അറുതിവരുത്തേണ്ടതാണ്. ജലസംരക്ഷണപ്രവർത്തനങ്ങൾക്കു കൂടുതൽ ശ്രദ്ധ ചെലുത്താൻ കഴിയണം. ഉറവിടങ്ങളിലെ മാലിന്യ സംസ്കരണം ജീവിതശൈലിയുടെ ഭാഗമാക്കേണ്ടതാണ്. കൃഷിയിടങ്ങളിലും അല്ലാതെയുമുള്ള വനവത്കരണം പ്രോൽസാഹിപ്പിക്കണം. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കണം. പ്രകൃതിവിഭവങ്ങളുടെ നീതിപൂർവ്വകമായ ഉപയോഗം ഉറപ്പുവരുത്താൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

ഇത്തരം പ്രവർത്തനങ്ങളോടുകൂടി നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ നാമൊരുമിച്ചു യത്നിക്കണം.

**5. സാമ്പത്തികഭദ്രത:** മറ്റേതു മേഖലയുംപോലെതന്നെ കോവിഡ്-19 സാമ്പത്തികമേഖലയിലും കനത്ത പ്രഹരമാണ് ഏൽപ്പിച്ചിരിക്കുന്നത്. മുൻഗണനാക്രമങ്ങളിൽ ആവശ്യങ്ങളെ ക്രമീകരിച്ച്, മിതവ്യയം അഭ്യസിച്ച്, സമ്പാദ്യശീലം വർദ്ധിപ്പിച്ചാൽ മാത്രമേ നമുക്ക് പിടിച്ചുനിൽക്കുവാനാവൂ. എല്ലാത്തരം ധൂർത്തും ആഡംബരങ്ങളും നമ്മൾ ഒഴിവാക്കാൻ ശ്രമിക്കണം. സാമ്പത്തിക അച്ചടക്കം പാലിക്കലാണ് ഈ സാക്ഷരതയുടെ മുഖ്യപ്രമേയം. സർക്കാർ ആനുകൂല്യങ്ങൾ വേണ്ടവിധം പഠിച്ചു മനസ്സിലാക്കി പ്രയോജനപ്പെടുത്തുന്നതിൽ നാം ഇനിയും മടിച്ചുനിൽക്കരുത്. വരുമാനദായകമല്ലാത്ത എല്ലാ നിക്ഷേപങ്ങളും സാമ്പത്തികമേഖലയിലുള്ള നമ്മുടെ ആഘാതം വർദ്ധിപ്പിക്കുകയേയുള്ളൂ. പാവങ്ങളോട് പക്ഷം ചേർന്നു ജീവിക്കുന്നതിനായി ജാതി, മത, വർഗ്ഗ-വർണ്ണ ഭേദമെന്യേ പങ്കുവയ്ക്കുന്ന ജീവിതശൈലി നമുക്കവ ലംബിക്കാം. അങ്ങനെ നമ്മുടെ സാമ്പത്തികമേഖലയ്ക്കു നമ്മളാലാവുംവിധം പുതുജീവൻ പകരുന്നതിന് ഇടയാകട്ടെ.

പ്രകൃതിദത്ത ദുരന്തങ്ങളെ നമുക്ക് അഭിമുഖീകരിക്കാതി രിക്കുവാൻ കഴിയില്ല. എന്നാൽ, മനുഷ്യനിർമ്മിതദുരന്തങ്ങൾക്ക് അറുതിവരുത്താൻ ഇനിയെങ്കിലും നാം ശ്രദ്ധിക്കേണ്ടതാണ്. പല ദുരന്തങ്ങളും മനുഷ്യനിർമ്മിതമാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. അതുകൊണ്ടുതന്നെ നമ്മുടെ സമൂഹത്തെ ശരിയായി ബോധവത്കരിച്ചു പ്രതിസന്ധികളെ അഭിമുഖീ കരിക്കുന്നതിനും അതിജീവിക്കുന്നതിനും നാം സജ്ജമാ ക്കേണ്ടിയിരിക്കുന്നു.

കേരള കത്തോലിക്കാസഭയുടെ സമൂഹികനീതിക്കും സമാധാനത്തിനും വികസനത്തിനുമായുള്ള കമ്മീഷൻ ഈ നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും നിങ്ങളുടെ മുൻപാകെ

സമർപ്പിക്കുകയാണ്. ഈ കാര്യങ്ങളെല്ലാംതന്നെ കൂടുതൽ പഠനവിശകലനത്തിനു വിധേയമാക്കി അനുയോജ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ച് നമ്മുടെ പ്രകൃതിയെയും ജീവജാലങ്ങളെയും മനുഷ്യനെയും സംരക്ഷിക്കേണ്ടതിന് ഏവരെയും ദൈവനാമത്തിൽ ആഹ്വാനം ചെയ്യുന്നു. ഏവർക്കും ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സമൃദ്ധമായി ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ**
ചെയർമാൻ, കെസിബിസി ജെ.പി.ഡി. കമ്മീഷൻ

**ആർച്ച് ബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി ജെ.പി.ഡി. കമ്മീഷൻ

**ബിഷപ് തോമസ് മാർ എവുസേബിയൂസ്**
വൈസ് ചെയർമാൻ, കെസിബിസി ജെ.പി.ഡി. കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

---

N B: 9-7-2020 ൽ നൽകപ്പെട്ട കെ.സി.ബി.സി. സർക്കുലർ

Ref: 3332/K-5/KCBC/OL/DS 23.07.2020

# കെസിബിസി സർക്കുലർ
# കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താം

അഭിവന്ദ്യ പിതാക്കന്മാരേ, വൈദികരേ, സന്ന്യസ്തസഹോദരങ്ങളേ, പ്രിയ വിശ്വാസികളേ,

ഈ കോവിഡ് കാലത്ത് സർക്കാരിന്റെ പ്രതിരോധ പ്രവർത്തനങ്ങളോട് നമ്മൾ സർവാത്മനാ സഹകരിച്ചു കൊണ്ടിരിക്കുകയാണല്ലോ. സഭയുടെ ആരാധനാജീവിതത്തെയും സഭാജീവിതത്തിന്റെ മിക്കവാറും എല്ലാ മേഖലകളെയും കോവിഡ് പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

പ്രതിരോധ പ്രവർത്തനങ്ങളിൽ ഊന്നിയുള്ള ലോക്ക് ഡൗൺ ഭാഗികമായി തുടരുമ്പോൾത്തന്നെ അനുദിനം രോഗികളുടെ എണ്ണം വർധിച്ചുകൊണ്ടാണിരിക്കുന്നത്. ലോക്ക് ഡൗണിനു ശേഷമുള്ള സാഹചര്യങ്ങൾ രോഗസാധ്യതയുള്ളവരുമായി കൂടുതൽ ആളുകൾ ഇടകലരുന്നതിന് അവസരമുണ്ടാക്കി. ഈ സന്ദർഭത്തിലും പ്രതിരോധത്തിൽ ഊന്നിയുള്ള സർക്കാരിന്റെ നടപടികൾ ഒരു പരിധിവരെ ഫലപ്രദമായി മുന്നേറുകയാണല്ലോ.

എങ്കിലും, കോവിഡ് 19 മഹാമാരി അതിവേഗം പടരുന്ന സാഹചര്യത്തിൽ, സഭയിലും സമൂഹത്തിലുമുണ്ടായേക്കാവുന്ന അടിയന്തരസാഹചര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് നാം കൂടുതൽ സജ്ജരാകേണ്ടിയിരിക്കുന്നു.

1. നമ്മുടെ സന്ന്യാസഭവനങ്ങളിലും ആളുകൾ ഒരുമിച്ചു താമസിക്കുന്ന മറ്റിടങ്ങളിലും പ്രത്യേകമായ കരുതൽ ആവശ്യമാണ്. ആരോഗ്യരംഗത്തും മറ്റു സാമൂഹികരംഗങ്ങളിലും പ്രവർത്തിക്കുന്നവർ ദൈനംദിനം അവരുടെ പ്രവർത്തന മേഖലകളിൽ രോഗസാധ്യതയുള്ളവരുമായി ഇടപഴകുന്ന സാഹചര്യങ്ങളുണ്ടായേക്കാം. അത്തരം ഇടങ്ങളിൽനിന്നു രോഗം പിടിപെടാതിരിക്കുന്നതിനും രോഗമുണ്ടായാൽ മറ്റുള്ളവരിലേക്കു

പടരുന്നതിനുള്ള സാധ്യത തടയുന്നതിനും ആവശ്യമായ മുൻകരുതലുകളെടുക്കണം.

2. നമ്മുടെ സമർപ്പിതർ ഈ രംഗത്ത് അപകടസാധ്യത കൂടുതലുള്ള രംഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരാണ്. കഴിയുംവിധമുള്ള എല്ലാ മുൻകരുതലും സ്വീകരിക്കാൻ അവർ ശ്രദ്ധിക്കണം.

3. സഭ നടത്തുന്ന കെയർഹോമുകൾ, വൃദ്ധസദനങ്ങൾ തുടങ്ങിയ ഇടങ്ങളിലും പ്രത്യേകം കരുതലും ജാഗ്രതയും ഉണ്ടായിരിക്കണം.

4. അറുപത്തിയഞ്ചു വയസ്സിനു മുകളിലുള്ളവർക്ക് ഇടവകയിലെ ആത്മീയശുശ്രൂഷകളിൽ സംബന്ധിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, അവരെ ആത്മീയമായും മാനസികമായും സഹായിക്കുന്നതിന് വൈദികർ വേണ്ടതെല്ലാം ചെയ്യേണ്ടതാണ്.

5. കോവിഡ് രോഗബാധിതരായ ആർക്കുംതന്നെ അജപാലനപരമായ നമ്മുടെ ശ്രദ്ധ കിട്ടാതെപോകരുത്. ഏറെ ജാഗ്രതയോടും വിവേകത്തോടുംകൂടി ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യാൻ നമ്മുടെ വൈദികരെ ഒരുക്കണം.

6. കോവിഡ് രോഗലക്ഷണങ്ങളോടുകൂടി നമ്മുടെ സന്ന്യാസ ഭവനങ്ങളിലോ ഇടവകകളിലോ ആളുകൾ ഉണ്ടെന്നു ബോധ്യമായാൽ ആരോഗ്യപ്രവർത്തകരുടെ സഹായം തേടാൻ മടിക്കരുത്. ഇക്കാര്യത്തിൽ പ്രത്യേകം ജാഗ്രതപുലർത്താൻ വൈദികർക്കു നിർദേശം നൽകണം.

7. കോവിഡ് 19 സംശയിക്കത്തക്ക രോഗലക്ഷണങ്ങളോടെ വൈദികർ വി. കുർബാനയോ മറ്റു കൂദാശകളോ പരികർമ്മം ചെയ്യാനോ വി. കുർബാന മറ്റുള്ളവർക്കു നൽകാനോ ഇടയാകരുത്. അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സഭയിലെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്ന മറ്റു ശുശ്രൂഷകരും ഇക്കാര്യത്തിൽ ഉയർന്ന ജാഗ്രത പുലർത്തണം.

8. ക്വാറന്റൈനിൽ കഴിയുന്നവരും ഒറ്റപ്പെട്ടു കുടുംബങ്ങളിൽ കഴിയുന്നവരും ഇടവക വൈദികരുമൊക്കെ ഈ ദിവസങ്ങളിൽ ഏകാന്തതയും രോഗഭീതിയും മൂലമുള്ള മാനസിക സമ്മർദങ്ങളും അനുഭവിക്കുന്നുണ്ട്. നമ്മുടെ കരുതലും

ബലപ്പെടുത്തുന്ന വാക്കുകളും വളരെ പ്രധാനപ്പെട്ടതാണ്. സാമൂഹികമായി അകലം പാലിക്കുമ്പോഴും ആത്മീയമായും മാനസികമായും പരസ്പരം ശക്തിപ്പെടുത്താൻ നമുക്കു ജാഗ്രതയുള്ളവരാകാം.

9. കൗൺസിലിംഗിലൂടെയും മറ്റും വ്യക്തികളുടെ ഏകാന്തതയും ആശങ്കകളും കുറയ്ക്കുന്നതിനുള്ള ശുശ്രൂഷകൾ രൂപതാതലത്തിൽ ശക്തിപ്പെടുത്താനും ഈ രംഗത്തു പരിശീലനവും പരിചയവുമുള്ള അല്മായസഹോദരങ്ങളുടെയും സമർപ്പിതരുടെയും സേവനം പ്രയോജനപ്പെടുത്താനും കഴിയുന്നതെല്ലാം ചെയ്യണം.

10. രോഗികളെ തക്കസമയത്തു ശുശ്രൂഷാകേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും അവിടെയുണ്ടാകാവുന്ന അടിയന്തര സാഹചര്യങ്ങളിൽ സർക്കാർ സംവിധാനങ്ങളെയും സഭയുടെ ശുശ്രൂഷകളെയും ശക്തിപ്പെടുത്തുന്നതിനും മരിച്ചടക്ക്, മൃതശരീരങ്ങൾ ദഹിപ്പിക്കൽ, ശ്മശാനഭൂമി തയ്യാറാക്കൽ തുടങ്ങിയ കാര്യങ്ങളിൽ വൈദികരെയും സർക്കാർ സംവിധാനങ്ങളെയും സഹായിക്കുന്നതിനുമായി ഓരോ രൂപതയിലും കോവിഡ് 19 സന്നദ്ധപ്രവർത്തകരുടെ ഒന്നോ അതിലേറെയോ സംഘങ്ങളെ തയ്യാറാക്കേണ്ടതാണ്. രൂപതയിലെ സോഷ്യൽ സർവീസ് സൊസൈറ്റിയും യുവജനസംഘടനയും ആരോഗ്യ പ്രവർത്തകരും വൈദികരും ഉൾപ്പെട്ട ഒരു സംവിധാനമാണ് ഉണ്ടാകേണ്ടത്.

11. ഇടവകാതിർത്തിയിൽ കണ്ടെയിൻമെന്റ് സോണുകൾ ഉണ്ടെങ്കിൽ, അവിടെ വസിക്കുന്നവരുടെ ഭക്ഷണം, മരുന്ന് ഇത്യാദി കാര്യങ്ങളിൽ ഈ സംവിധാനങ്ങൾക്കു ഫലപ്രദമായി സഹായിക്കാൻ കഴിയണം.

12. കെസിബിസി തലത്തിൽ, ഈ പ്രവർത്തനങ്ങളെ കേരള സോഷ്യൽ സർവീസ് ഫോറം ക്രോഡീകരിക്കുന്നതാണ്. ഹെൽത്ത് കമ്മീഷനും യൂത്ത് കമ്മീഷനും കെസിഎംഎസ്സും ഈ പ്രവർത്തനങ്ങളുമായി കൈകോർക്കുന്നതാണ്.

13. ആവശ്യമായി വരുന്ന പ്രാരംഭച്ചെലവുകൾ രൂപതയിൽനിന്നു കണ്ടെത്തേണ്ടതാണ്. പ്രയാസമുള്ള രൂപതകളെ സഹായി

ക്കുന്നതിന് കേരള സോഷ്യൽ സർവീസ് ഫോറം സന്നദ്ധത അറിയിച്ചിട്ടുമുണ്ട്. സന്നദ്ധപ്രവർത്തകർക്കുള്ള പരിശീലനം, PPE കിറ്റ് തുടങ്ങിയ കാര്യങ്ങളും ഹെൽത്ത് കമ്മീഷന്റെ സഹകരണത്തോടെ കെഎസ്എസ് ഫോറംവഴി ക്രമീകരിക്കുന്നതാണ്.

14. ആശയവിനിമയം എളുപ്പമാക്കുന്നതിനു ഫോറത്തിന്റെ ഓഫീസായ ആമോസ് സെന്ററിൽനിന്നും സന്നദ്ധപ്രവർത്തകരുടെ ഒരു ഹെൽപ് ലൈൻ ക്രമീകരിക്കുന്നതാണ്.

15. നമ്മുടെ 32 രൂപതകളിലും ഇക്കാര്യങ്ങൾക്കായി പ്രത്യേകം ഡയറക്ടർമാരെ നിയമിക്കുകയോ സോഷ്യൽ സർവീസ് സൊസൈറ്റികളെ ചുമതലപ്പെടുത്തുകയോ വേണം.

16. കോവിഡ് പ്രതിരോധയജ്ഞത്തിൽ നമ്മുടെ തീക്ഷ്ണമായ പ്രാർത്ഥനകൾ തുടർന്നും ദൈവസന്നിധിയിൽ സമർപ്പിക്കാം.

ദൈവം നിങ്ങളെ കാത്തുപരിപാലിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ!

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

N B: 23-7-2020 ൽ നൽകപ്പെട്ട കെ.സി.ബി.സി. സർക്കുലർ

Ref: 3320/K-5/KCBC/OL/DS **06.07.2020**

# പരിശുദ്ധ കന്യകമറിയത്തിന്റെ മൂന്ന് അപദാനങ്ങൾ കൂട്ടിച്ചേർത്ത് മാധ്യസ്ഥ്യം തേടുന്ന സഭ

പരിശുദ്ധ കന്യകമറിയം വിശ്വാസികളുടെ പ്രത്യേക മധ്യസ്ഥയാണ്. ജപമാല പ്രാർത്ഥനയുടെ അവസാനത്തിൽ പരിശുദ്ധ കന്യകമറിയത്തിന്റെ അപദാനങ്ങൾ വാഴ്ത്തിപ്പാടി അവളുടെ മാധ്യസ്ഥ്യത്തിനായി അപേക്ഷിക്കുന്ന ലുത്തിനിയ ഇറ്റലിയിലെ ലൊറേറ്റോ എന്ന മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ 1541-ൽ ആരംഭിച്ചതാണ്. 1587-ൽ സിക്സ്റ്റസ് 5-ാമൻ പാപ്പാ അതിന് അംഗീകാരം നല്കുകയും മറ്റ് പല ലുത്തിനിയകൾ അനൗദ്യോഗികമാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. പിൽക്കാലത്ത് പല സമയങ്ങളിലായി 7 പുതിയ അർഥനകൾ പ്രസ്തുത ലൊറേറ്റോ ലുത്തിനിയയുടെകൂടെ ചേർക്കുകയുണ്ടായി. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ 1988-ൽ "സഭയുടെ മാതാവേ" എന്നതും 1995-ൽ "കുടുംബങ്ങളുടെ രാജ്ഞി" എന്നതും ചേർക്കുകയുണ്ടായി.

ഇപ്പോൾ ലോകം മുഴുവൻ നേരിട്ടുകൊണ്ടിരിക്കുന്ന വലിയ വിപത്തായ കൊവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2020 ജൂൺ 20-ാംതീയതി പരിശുദ്ധ കന്യകമറിയത്തിന്റെ വിമലഹൃദയത്തിരുനാളിൽ മൂന്ന് സംബോധനകൾകൂടി ചേർത്ത് അവളുടെ മാധ്യസ്ഥ്യത്തിനായി യാചിക്കാനായി വിശ്വാസികളെ ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുകയുണ്ടായി.

"**കരുണയുടെ മാതാവേ**" എന്ന യാചന "സഭയുടെ മാതാവേ" എന്നതിനുശേഷവും, "**പ്രത്യാശയുടെ മാതാവേ**" എന്നത് "ദൈവവരപ്രസാദത്തിന്റെ മാതാവേ" എന്നതിനുശേഷവും "**കുടിയേറ്റക്കാരുടെ ആശ്വാസമേ**" എന്നത് "പാപികളുടെ സങ്കേതമേ" എന്നതിനുശേഷവും ചേർക്കാനാണ് പരിശുദ്ധ പിതാവ് നിർദേശിച്ചിരിക്കുന്നത്.

ഈ യാചനകളിലുള്ള മറിയത്തിന്റെ നാമങ്ങളിൽ ആദ്യത്തെ രണ്ടെണ്ണം സഭയുടെ പരമ്പരാഗത പ്രാർത്ഥനകളിൽ ഉള്ളതാണ്. അതായത്, "പരിശുദ്ധ രാജ്ഞീ, കരുണയുടെ മാതാവേ സ്വസ്തി, ഞങ്ങളുടെ ജീവനും ശരണവുമേ സ്വസ്തി" (Salve, Regina, mater misericordiae; vita, dulcedo et spes nostra, salve = Hail, holy Queen, mother of mercy; hail our life, our sweetness, and our hope) എന്നു തുടങ്ങുന്ന പ്രാർത്ഥനയിൽ മറിയത്തെ സഭ "കരുണയുടെ മാതാവായും," "പ്രത്യാശയുടെ മാതാവായും" അഭിസംബോധന ചെയ്തുവരുന്നുണ്ട്. ഈ സംബോധനകൾ ലുത്തിനിയയിലേക്കു ചേർക്കുകയാണ് മാർപാപ്പാ ചെയ്തത്.

"**കുടിയേറ്റക്കാരുടെ ആശ്വാസമേ**" (Solacium migrantium = Solace of migrants) എന്നത് ഈ കാലഘട്ടത്തിന്റെ വലിയ പ്രതിഭാസത്തിനു ചേർന്നതാണല്ലോ. മനുഷ്യർ തങ്ങളുടെ ദേശങ്ങളിൽനിന്നും പുതിയ മേച്ചിൽസ്ഥലങ്ങൾ അന്വേഷിച്ചുപോകുന്നു. സംസ്ഥാനങ്ങളുടെയും രാഷ്ട്രങ്ങളുടെയും അതിർത്തികൾ ഭേദിച്ച് മനുഷ്യർ നീങ്ങിക്കൊണ്ടിരിക്കുന്നു. അതിർത്തിവരമ്പുകളില്ലാതെ ലോകം ഒന്നായിമാറുന്ന പ്രക്രിയയുടെ ഭാഗമാണത്. ബൈബിളിൽത്തന്നെയും കുടിയേറ്റത്തിന്റേതായ ചിത്രങ്ങൾ കാണാനാകും. വിശ്വാസികളുടെ പിതാവായ അബ്രഹാം തന്റെ ദേശത്തുനിന്ന് മറ്റൊരു ദേശത്തേക്ക് - ദൈവം കാണിച്ചുകൊടുത്ത ഇടത്തേക്ക്- കുടിയേറുന്നു. പിൽക്കാലത്ത് ഇസ്രായേൽക്കാർ ഈജിപ്തിൽ അഭയാർത്ഥികളായി മാറുന്നു. എന്നാൽ, ദൈവം അവരെ സ്വാതന്ത്ര്യത്തിന്റെ നാടായ, വാഗ്ദത്തഭൂമിയായ, കാനാൻ ദേശത്തേക്കു തിരികെക്കൊണ്ടുവരുന്നു. അസ്സീറിയായിലെയും ബാബിലോണിലെയും വിപ്രവാസം ദൈവജനത്തിന്റെ തുടർന്നുള്ള അനുഭവമായിരുന്നു. അങ്ങനെവരുമ്പോൾ അഭയാർത്ഥികളാകുന്നതും വിപ്രവാസത്തിലാകുന്നതും ഒക്കെ കുടിയേറ്റത്തിന്റെ ഭാഗങ്ങളാണ്. അതിനാൽ, കുടിയേറ്റക്കാർക്കു

വേണ്ടി ദൈവമാതാവിന്റെ മാധ്യസ്ഥ്യം അപേക്ഷിക്കുന്നത് നമ്മുടെ ഈ കാലഘട്ടത്തിൽ പ്രസക്തിയുള്ള കാര്യമാണ്.

പരിശുദ്ധ പിതാവിന്റെ ആഹ്വാനത്തെ നമുക്ക് സർവാത്മനാ സ്വീകരിക്കാം. കന്യകമറിയം കരുണയുടെയും പ്രത്യാശയുടെയും അമ്മയാണ്. കാനായിലെ കല്യാണവിരുന്നിൽ അവൾ കരുണാപൂർവം തന്റെ പുത്രനോടു യാചിച്ചുകൊണ്ട് ആ ഭവനത്തിനു പ്രത്യാശ പകർന്നു. അവിടെ ആഘോഷവും ആനന്ദവും തിരികെവന്നു. ഈ പ്രതിസന്ധിഘട്ടത്തിൽ ലോകത്തെ മുഴുവൻ രക്ഷയുടെ സമ്പൂർണമായ അനുഭവത്തിലേക്കു നയിക്കാൻ നമുക്ക് കന്യകമറിയത്തിന്റെ മാധ്യസ്ഥ്യം തേടാം. എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ജോർജ് കാർഡിനൽ ആലഞ്ചേരി**

പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**

വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**

സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

---

N B: 6-7-2020 ൽ നൽകപ്പെട്ട കെ.സി.ബി.സി. സർക്കുലർ.

പുനഃക്രമീകരിച്ച ലുത്തിനിയ ഇതിനോടൊപ്പം ചേർത്തിരിക്കുന്നു.

## ദൈവമാതാവിന്റെ ലുത്തിനിയ

കർത്താവേ, അനുഗ്രഹിക്കണമേ,
കർത്താവേ, അനുഗ്രഹിക്കണമേ.
മിശിഹായേ, അനുഗ്രഹിക്കണമേ,
മിശിഹായേ, അനുഗ്രഹിക്കണമേ.
കർത്താവേ, അനുഗ്രഹിക്കണമേ,
കർത്താവേ, അനുഗ്രഹിക്കണമേ.
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ,
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ,
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.
സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ,
ഞങ്ങളെ അനുഗ്രഹിക്കണമേ.
ഭൂലോകരക്ഷകനായ പുത്രനായ ദൈവമേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായ പരിശുദ്ധത്രിത്വമേ,
പരിശുദ്ധ മറിയമേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ദൈവത്തിന്റെ പരിശുദ്ധ ജനനീ,
കന്യകൾക്കു മകുടമായ നിർമല കന്യകേ,
മിശിഹായുടെ മാതാവേ,
തിരുസഭയുടെ മാതാവേ,
**കരുണയുടെ മാതാവേ,**
ദൈവവരപ്രസാദത്തിന്റെ മാതാവേ,
**പ്രത്യാശയുടെ മാതാവേ,**
ഏറ്റം നിർമ്മലയായ മാതാവേ,
അത്യന്തവിരക്തയായ മാതാവേ,
കളങ്കമറ്റ കന്യകയായ മാതാവേ,
കന്യാത്വത്തിനു ഭംഗംവരാത്ത മാതാവേ,
സ്നേഹത്തിന് ഏറ്റം യോഗ്യയായ മാതാവേ,
അത്ഭുതത്തിനു വിഷയമായ മാതാവേ,
സദുപദേശത്തിന്റെ മാതാവേ,

സ്രഷ്ടാവിന്റെ മാതാവേ,
രക്ഷകന്റെ മാതാവേ,
ഏറ്റം വിവേകമതിയായ കന്യകേ,
വണക്കത്തിന് ഏറ്റം യോഗ്യയായ കന്യകേ,
സ്തുതിക്കു യോഗ്യയായ കന്യകേ,
മഹാവല്ലഭയായ കന്യകേ,
കനിവുള്ള കന്യകേ,

ഏറ്റം വിശ്വസ്തയായ കന്യകേ,
നീതിയുടെ ദർപ്പണമേ,
ദിവ്യജ്ഞാനത്തിന്റെ സിംഹാസനമേ,
ഞങ്ങളുടെ സന്തോഷത്തിന്റെ കാരണമേ,
ആത്മജ്ഞാനപൂരിത പാത്രമേ,
ബഹുമാനത്തിന്റെ പാത്രമേ,
അത്ഭുതകരമായ ഭക്തിയുടെ പാത്രമേ,
ദിവ്യരഹസ്യം നിറഞ്ഞിരിക്കുന്ന റോസപുഷ്പമേ,
ദാവീദിന്റെ കോട്ടയേ,
നിർമ്മലദന്തംകൊണ്ടുള്ള കോട്ടയേ,
സ്വർണാലയമേ,
വാഗ്ദാനത്തിന്റെ പേടകമേ,
സ്വർഗത്തിന്റെ വാതിലേ,
ഉഷഃകാല നക്ഷത്രമേ,
രോഗികളുടെ ആരോഗ്യമേ,
പാപികളുടെ സങ്കേതമേ,
**കുടിയേറ്റക്കാരുടെ ആശ്വാസമേ,**
പീഡിതരുടെ ആശ്വാസമേ,
ക്രിസ്ത്യാനികളുടെ സഹായമേ,
മാലാഖമാരുടെ രാജ്ഞി,
പൂർവ്വപിതാക്കന്മാരുടെ രാജ്ഞി,
ദീർഘദർശികളുടെ രാജ്ഞി,
ശ്ലീഹന്മാരുടെ രാജ്ഞി,
വേദസാക്ഷികളുടെ രാജ്ഞി,
വന്ദകൻമാരുടെ രാജ്ഞി,

കന്യകളുടെ രാജ്ഞി,
സകല വിശുദ്ധരുടെയും രാജ്ഞി,
അമലോത്ഭവയായ രാജ്ഞി,
സ്വർഗ്ഗാരോപിതയായ രാജ്ഞി,
പരിശുദ്ധ ജപമാലയുടെ രാജ്ഞി,
കുടുംബങ്ങളുടെ രാജ്ഞി,
കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞി,
സമാധാനത്തിന്റെ രാജ്ഞി,
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ**

കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞി എന്ന അപദാനം ലൊറേറ്റോ ലുത്തിനിയായിൽ കാണുന്നില്ല. എങ്കിലും കേരളത്തിലെ സഭയിൽ ഉപയോഗിക്കുന്നതുകൊണ്ട് അതും ഈ ലുത്തിനിയായിൽ ചേർത്തിട്ടുണ്ട്.

# അറിയിപ്പ്

## പാലാ രൂപത പ്രവാസി അപ്പൊസ്തലേറ്റ്

2020 ജൂൺ 3-ാം തീയതി പ്രവാസികൾക്കായി പാലാ രൂപതയിൽ ഒരു പ്രവാസികാര്യാലയം ആരംഭിച്ച കാര്യം ഇതിനോടകം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. നമ്മുടെ രൂപതയിൽനിന്ന് നിരവധിയാളുകൾ ജോലിക്കും പഠനത്തിനും മറ്റുമായി രൂപതയ്ക്കു പുറത്തു വിവിധ സ്ഥലങ്ങളിൽ താമസിക്കുന്നുണ്ട്. കേരളത്തിനുപുറത്ത് മറ്റു സംസ്ഥാനങ്ങളിലും ഇന്ത്യയ്ക്കു പുറത്ത് മറ്റു രാജ്യങ്ങളിലും കഴിയുന്ന പ്രവാസികൾ എക്കാലത്തും തങ്ങളുടെ കുടുംബങ്ങൾക്കും നാടിനും മാതൃരാജ്യത്തിനും വലിയ ഉപകാരമാണു ചെയ്തുകൊണ്ടിരിക്കുന്നത്. രൂപതാ മക്കളിൽ പലരും മറ്റു സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും സ്ഥിരതാമസമാക്കിയവരുമുണ്ട്. ഇവരുടെയെല്ലാം വിവരശേഖരണം ഇടവകതലങ്ങളിലും കൂടാതെ google form വഴിയായി മറ്റുവിധത്തിലും നമ്മൾ ശേഖരിച്ചുതുടങ്ങിയിരിക്കുകയാണ്.

നിരവധി പ്രവാസികൾ തങ്ങളുടെ ബുദ്ധിമുട്ടുകൾ അറിയിച്ചുകൊണ്ട് ഈ കൊറോണ - ലോക്ക്ഡൗൺ കാലഘട്ടത്തിൽ രൂപതാകേന്ദ്രത്തോട് ഫോൺവഴിയും മറ്റുവിധങ്ങളിലും ബന്ധപ്പെടുകയുണ്ടായി. കോവിഡ് രോഗം പിടിപെടുകയും പിന്നീടു സുഖം പ്രാപിക്കുകയും ചെയ്ത നിരവധി പ്രവാസികൾ ഉണ്ട്. രോഗബാധയുടെ ഭീഷണിയിലാണ് സ്വദേശികളും വിദേശികളുമെല്ലാം. സാമ്പത്തികമായ ഉന്നമനത്തിനുവേണ്ടി വീടും നാടും വിട്ട് വിദൂരങ്ങളിലേക്കു പോകേണ്ടിവന്നവർ വലിയ പ്രതിസന്ധിഘട്ടത്തെയാണ് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ജോലി നഷ്ടപ്പെട്ടു നിരവധിയാളുകൾ നാട്ടിലേക്കു മടങ്ങിയെത്തിയിട്ടുണ്ട്. വിമാനസൗകര്യങ്ങൾ ലഭിക്കുന്നതിനും മറ്റും വലിയ ക്ലേശങ്ങളാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ക്വാറന്റൈൻ സൗകര്യങ്ങൾക്കായി വലിയ

ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരുണ്ട്. നിരവധി പ്രവാസി കളുടെ ശമ്പളം ഗണ്യമായ തോതിൽ വെട്ടിക്കുറയ്ക്കപ്പെട്ടു, ഒട്ടേറെപ്പേരുടെ തുടർപഠനം പ്രതിസന്ധിയിലായി നാട്ടി ലേയ്ക്കു വന്നിട്ടു തിരികെപ്പോകാൻ പറ്റാതെ വിഷമിക്കുന്നവ രുമുണ്ട്. പ്രതീക്ഷകളെല്ലാം നഷ്ടപ്പെട്ടു നാട്ടിലേക്കു തിരിച്ചുവരാൻ കാത്തിരിക്കുന്ന നിരവധിയാളുകളുമുണ്ട്.

നാട്ടിലുള്ളവർക്കും വിദേശത്തുനിന്നു വരുന്നവർക്കും തൊഴിൽ നഷ്ടപ്പെട്ടതുവഴി വലിയ പ്രതിസന്ധിയായി, തൊഴി ലില്ലായ്മ മുമ്പെന്നത്തെക്കാൾ നമ്മുടെ നാടിനെ ബാധിച്ചുകഴി ഞ്ഞു. കൊറോണ വൈറസ് ബാധയെയും തൊഴിലില്ലായ്മ യെയും സാമ്പത്തികഞെരുക്കത്തെയും ഒരുപോലെ നാം നേരി ടേണ്ടിവരികയാണ്. ഈ സാഹചര്യത്തിൽ ജീവിതശൈലിക്കു പുതിയ മാനങ്ങൾ നാം കണ്ടെത്തേണ്ടിയിരിക്കുന്നു. നമ്മുടെ പൂർവ്വികരുടെ കാലത്തെന്നപോലെ അയൽപക്ക സൗഹൃദ ങ്ങളും പങ്കാളിത്തകൃഷിയും കൂടുതൽ പ്രോത്സാഹിപ്പിക്കപ്പെ ടണം. കൃഷിയിൽ അധിഷ്ഠിതമായ ഒരു സ്വാഭാവിക ജീവിത ശൈലി നമ്മൾ വീണ്ടെടുക്കണം.

ഏതു തൊഴിലും മാന്യമാണെന്ന ചിന്ത നമ്മിൽ രൂഢമൂലമാകണം. നമ്മുടെ നാട്ടിൽ ഒരേസമയം ഒരു തൊഴി ലുമില്ലാതെ വിഷമിക്കുന്നവരും അതേസമയം തൊഴിലിന് ആളെക്കിട്ടാത്ത മേഖലകളും ധാരാളമുണ്ട്. ഈ സാഹചര്യ ങ്ങളെ കോർത്തിണക്കി സാധ്യമായ തൊഴിൽ വിതരണത്തിനു നമ്മൾ ശ്രമിക്കുകയാണ്. പ്രവാസികളെ ലക്ഷ്യംവച്ച് Apostolate പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. google form വഴി ഡേറ്റ കളക്ഷൻ നടത്തുകയും തൊഴിൽ സാധ്യതകൾ പങ്കുവ യ്ക്കുകയും ചെയ്തുതുടങ്ങിയിരിക്കുകയാണ്. നമ്മുടെ നാട്ടി ലെവിടെയെങ്കിലും എന്തെങ്കിലും പണികൾക്ക് ആളെ ആവ ശ്യമുണ്ടെങ്കിൽ ലേബർ മൂവ്മെന്റ്, പ്രവാസി അപ്പൊസ്റ്റലേറ്റ് എന്നീ മിനിസ്ട്രികളുമായി ബന്ധപ്പെടുമല്ലോ. പ്രവാസികാര്യാ

ലയത്തിന്റെ മുഖ്യ ചുമതലക്കാരനായി വെരി റവ. ഫാ. ബെർക്കുമാൻസ് കുന്നുംപുറത്തിനെയും അസി. കോർഡിനേറ്ററായി ഫാ. തോമസ് (സിറിൽ) തയ്യിലിനെയും നിയോഗിച്ചിട്ടുണ്ട്.

മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും ആവശ്യമുള്ളവ സൃഷ്ടിച്ചതിനുശേഷമാണ് സൃഷ്ടിയുടെ മകുടമായി മനുഷ്യന് ദൈവം രൂപം നല്കിയതെന്ന് ഉത്പത്തിയുടെ ആദ്യ അദ്ധ്യായങ്ങളിലൂടെ നമ്മൾ മനസ്സിലാക്കുന്നു. എന്നാൽ, അനാവശ്യത്തിനും അത്യാഗ്രഹത്തിനും ആഡംബരത്തിനുമായി മനുഷ്യൻ ആഗ്രഹിച്ചാൽ അവ തൃപ്തികരമായി ലഭിക്കണമെന്നില്ല. പൊതുവേ എല്ലാവരുടെയും ജീവിതവ്യഗ്രത ആവശ്യത്തിലധികം സമ്പാദിക്കാനാണല്ലോ. മിതവ്യയശീലം ഇന്ന് ഏറെക്കുറെ നഷ്ടപ്പെട്ട സ്ഥിതിയാണ്. അധ്വാനശീലം, പ്രത്യേകിച്ച് കായികമായ അധ്വാനം കേരളീയർക്ക് പൊതുവേ ഇല്ലാതായിരിക്കുന്നു. മെയ്യനങ്ങാതെയോ അധ്വാനിക്കാൻ ആരോഗ്യവും സമയവും ചെലവഴിക്കാതെയോ പണസമ്പാദത്തിനു മുതിർന്നാൽ - അമിതപ്രതീക്ഷയോടെ മാത്രം ജോലികൾ അന്വേഷിച്ചാൽ നിരാശയാവും ഫലം. "മണ്ണിൽ അധ്വാനിക്കുന്നവൻ വിളവ് കുന്നുകൂട്ടും" (പ്രഭാ 20 : 28). ചില ജോലികൾ തരംതാഴ്ന്നവയാണ്, അവ ഒരുകാരണവശാലും ചെയ്യില്ല എന്നിങ്ങനെയുള്ള നിലപാടുകൾ തിരുത്തണം. മണ്ണിൽ അധ്വാനിക്കുന്നവന് യഥേഷ്ടം ആഹാരം കിട്ടും, പാഴ്‌വേല ചെയ്യുന്നവൻ ബുദ്ധിശൂന്യനാണെന്നും അവന് കടുത്ത ദാരിദ്ര്യം അനുഭവിക്കേണ്ടിവരുമെന്നും വചനത്തിലൂടെ ദൈവം നമുക്ക് മുന്നറിയിപ്പു നല്കിയിട്ടുണ്ട് (സുഭാ 12:11 ; 28:19).

ഈ മേഖലകളിലെല്ലാം കൊറോണക്കാലം ഒരു തിരുത്ത് നമ്മോട് ആവശ്യപ്പെടുന്നുണ്ട്. സാമ്പത്തികമായ ഉയർച്ചയിലൂടെ ഒറ്റയ്ക്കൊറ്റയ്ക്കു നില്ക്കാനുള്ള ശ്രമം നമ്മുടെ ഇടയിൽ അടുത്തകാലത്ത് വളർന്നുവന്നു. "അധ്വാനിച്ച് ധാരാളം സമ്പാദിക്കുന്നവനാണ്, പൊങ്ങച്ചം പറയുന്ന പട്ടിണിക്കാരനെ

ക്കാൾ ഭേദം'' (പ്രഭാ 10:27). ഏതു ജോലിയും ആത്മാർത്ഥമായി ചെയ്തും സ്വന്തം പറമ്പിലെങ്കിലും അധ്വാനിച്ചും, നമുക്കുള്ളവ മറ്റുള്ളവരുമായി പങ്കുവച്ചും ജീവിച്ചാൽ ശാന്തസുന്ദരമായ ഒരു ലോകം സൃഷ്ടിക്കാൻ – ഈ ഭൂമിയെ സ്വർഗ്ഗമാക്കി മാറ്റാൻ നമുക്കു സാധിക്കും. ''സമ്പത്തും സമൃദ്ധിയും അത് അനുഭവിക്കുവാനുള്ള കഴിവും നൽകി ദൈവം അനുഗ്രഹിച്ചിട്ടുള്ള ഓരോ വ്യക്തിയും തന്റെ ഈ അവസ്ഥയെ മാനിക്കുകയും അധ്വാനഫലം ആസ്വദിക്കുകയും ചെയ്യേണ്ടതാണ്. ഇത് ദൈവത്തിന്റെ ദാനമാണ്'' (സഭാ പ്രസം 5:19). സ്വന്തമായി ഭൂമി ഇല്ലെങ്കിൽപ്പോലും വീട്ടുമുറ്റത്തും വാർക്കവീടുകൾ ഉള്ളവർ ടെറസ്സുകളിലും അനുദിന വീട്ടാവശ്യങ്ങൾക്കുള്ള പച്ചക്കറിയും മറ്റും കൃഷിചെയ്യുന്ന സംസ്കാരത്തിലേക്ക് ഇനിയും കൂടുതൽ ആളുകൾ മാറേണ്ടതുണ്ട്. കോഴി, പന്നി, പശു, ആട് മുതലായ മൃഗങ്ങളെ വളർത്തിയും മീൻകൃഷിപോലുള്ളവ തുടങ്ങിയും ജീവിതവിജയം നേടുന്ന നിരവധി അനുഭവങ്ങൾ നമ്മുടെ നാട്ടിൽതന്നെയുണ്ട്. പരമ്പരാഗത ശൈലികൾ ഉപേക്ഷിക്കാതെതന്നെ സാങ്കേതികവും നൂതനവുമായ കൃഷിരീതികൾ വിജയകരമായി ഇതിനോടകം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇവയെ കൂടുതൽ വ്യാപിപ്പിക്കുന്നതിനായി രൂപതാതലത്തിൽ വിവിധ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. രൂപതയിലാകമാനം നല്ല കർഷക കൂട്ടായ്മകൾ ഇനിയും ധാരാളമുണ്ടാകണം. ''രണ്ടുപേർ ഒരാളെക്കാൾ മെച്ചമാണ്. കാരണം, അവർക്ക് ഒരുമിച്ച് കൂടുതൽ ഫലപ്രദമായി അധ്വാനിക്കാൻ കഴിയും'' (സഭാ പ്രസം 4:9).

വിദേശത്തുനിന്നും ഇതരസംസ്ഥാനങ്ങളിൽനിന്നും തിരികെവന്ന് സ്വന്തം നാട്ടിൽ ജീവിതം തുടരാൻ ആഗ്രഹിക്കുന്നവരിൽ സാമ്പത്തികമായി വിഷമിക്കുന്നവരുടെ മക്കൾക്ക് പാലാ രൂപതയുടെ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ ഒന്നു മുതൽ 12 വരെ ക്ലാസുകളിൽ സൗജന്യവിദ്യാഭ്യാസം നൽകുന്നതിന്

രൂപത സന്നദ്ധമാണ്. അങ്ങനെയുള്ളവർ ഏറ്റവും സമീപത്തുള്ള സ്കൂളുകളിലെ പ്രഥമാധ്യാപകരെ സമീപിച്ച് അഡ്മിഷൻ നേടാവുന്നതാണ്. പ്ലസ് വൺ ക്ലാസുകളിലേക്കു വിദ്യാഭ്യാസ വകുപ്പു നൽകിയിരിക്കുന്ന നിബന്ധനകൾ പാലിച്ച് അഡ്മിഷന് അപേക്ഷിക്കേണ്ടതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 21-7-2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

N B: *21-7-2020* ൽ നൽകപ്പെട്ട അറിയിപ്പ്

# പ്രവാസികളെ ഹൃദയത്തിൽ സൂക്ഷിക്കുന്നു

ഉത്പത്തി പുസ്തകത്തിലെ ഏറ്റം ശ്രദ്ധേയമായ ഒരു തിരുവചനം: "നീ നിന്റെ ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ട് പുറപ്പെട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോവുക" (ഉത്. 12:1). സ്വന്തം ദേശം വിട്ടുള്ള അപ്രതീക്ഷിതമായ ഒരു യാത്രയായിരുന്നു അബ്രാഹത്തിന് ചെയ്യേണ്ടിവന്നത്. ഇപ്രകാരമുള്ള ഒരു പറിച്ചുനടലിനു വിധേയരാകുന്നവർ ഒരുപാടു ക്ലേശങ്ങൾ അനുഭവിക്കുന്നവരാണ്. ഈശോയുടെ ബാല്യംതന്നെയും ഒരു പ്രവാസിയുടേതായിരുന്നു. ദൈവദൂതന്റെ കല്പനയനുസരിച്ച് ഉണ്ണീശോയെയുംകൊണ്ട് യൗസേപ്പിതാവും മാതാവും ബത്‌ലഹേമിൽനിന്ന് ഈജിപ്തിലേക്കു പോയി. പിന്നീട് ദൈവദൂതൻ കല്പിച്ചതനുസരിച്ച് നസ്രത്തിലേക്കു വന്നു നസ്രായൻ എന്നു വിളിക്കപ്പെടും (മത്താ.2:13-23) എന്ന പ്രവാചകവചനം പൂർത്തിയാക്കുവാൻ അതാവശ്യമായിരുന്നു. ചില സമയങ്ങളിൽ മനുഷ്യർക്കു സ്വന്തം നാടും വീടും വിട്ട് മറ്റു പ്രദേശങ്ങളിലേക്ക് മാറേണ്ടതായി വരും. എന്നാൽ, ഏതൊരു വ്യക്തിയെ സംബന്ധിച്ചും അവന് ഏറ്റവും പ്രധാനപ്പെട്ടത് അവന്റെ ജനനസ്ഥലവും വീടും കുടുംബാംഗങ്ങളും ആദ്യം പഠിപ്പിച്ച അധ്യാപകരും ആദ്യം കണ്ടുമുട്ടിയ വൈദികരുമൊക്കെയാണ്. ഇതിനെക്കാൾ വലിയൊരു ലോകം വാസ്തവത്തിൽ വേറേയില്ല. അതുപോലെതന്നെ നമ്മുടെ ഏറ്റവും വലിയ ബന്ധങ്ങൾ കുട്ടിക്കാലത്തു നമ്മുടെ വീടിനുചുറ്റും പാർത്ത അയൽപക്കക്കാരുമായിട്ടാണ്. നാം എവിടേക്കു കുടിയേറിയാലും ഈ ചരിത്രം നമ്മുടെ ഓർമ്മയായിട്ട് (History becoming memory), കൂടപ്പിറപ്പായിട്ട് ഉള്ളിന്റെ ഉള്ളിൽ ഉണ്ട്. ഈ സ്ഥലം (space) ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ടാണ് ഓരോ പ്രവാസിയും നടക്കുന്നത്. ഇതുപോലെതന്നെ പ്രവാസികൾ ചെന്നെത്തുന്ന സ്ഥലത്തെ സംസ്കാരവും ഭാഷയും ജീവിതശൈലികളുമായിട്ട് ഒത്തു

ചേർന്നുപോകുന്നു. നമ്മൾ വിദേശത്തായിരിക്കുമ്പോഴും ഇന്ത്യയുടെ, സ്വന്തം മതവിശ്വാസത്തിന്റെ, മാതൃഭാഷയുടെ യൊക്കെ ഒരു portable രൂപമായിട്ടാണു ജീവിക്കുന്നത്. വിദേ ശത്ത് ആയിരിക്കുമ്പോൾ അതിന്റേതായ ബുദ്ധിമുട്ടുകൾ എല്ലാ വർക്കുമുണ്ട്. അതുകൊണ്ടാണ് പ്രതിസന്ധികളുണ്ടാകുമ്പോൾ നാട്ടിലേക്കു തിരിച്ചു പോകണമെന്ന വികാരം പുറത്തുവരു ന്നത്. വളരെ സ്വാഭാവികമായ വികാരമാണത്. മലയാളികളായ പ്രവാസികൾ കേരളത്തിന്റെ സമഗ്രമായ വളർച്ചയിൽ എറ്റം നിർണ്ണായകമായ പങ്കു വഹിക്കുന്നവരാണ്. ഈ നാടിനെയും ഇതിന്റെ വിശ്വാസ - സാംസ്കാരിക പൈതൃകങ്ങളെയും ലോകമെമ്പാടും എത്തിച്ചത് പ്രവാസികളാണ്. പ്രവാസികളെ മറന്നുകളയാൻ കേരളത്തിന് ഒരിക്കലും സാധ്യമല്ല.

വിദേശത്തു വിദ്യാർത്ഥികൾ ഉൾപ്പെടെ 1.30 കോടി ഇന്ത്യക്കാരുണ്ടെന്ന് സർക്കാർ ഹൈക്കോടതിയിൽ നല്കിയ സത്യവാങ്മൂലത്തിൽ പറയുന്നു. ഈ വിധത്തിൽ ജോലിക്കും പഠനത്തിനുമായി ജന്മനാട്ടിൽനിന്ന് അകന്ന് കേരളത്തിനു വെളിയിലും ഇന്ത്യക്കു വെളിയിലുമായി കഴിയുന്ന നമ്മുടെ സഹോദരങ്ങളെ പ്രാർത്ഥനാപൂർവ്വം ഓർമ്മിക്കുന്നു. കൊറോണാ വൈറസ് കോവിഡ്-19 ന്റെ ഭീഷണിമൂലം ഒറ്റ പ്പെട്ടതുപോലെ തോന്നിക്കുന്ന എല്ലാവർക്കും മാതൃസംസ്കാ രവും മാതൃസഭയും മറ്റു സമുദായങ്ങളുമെല്ലാം സ്വന്തമെന്ന വണ്ണം കൂട്ടിനുണ്ട്. ഈ വൈറസ് ലോകവ്യാപകമായിക്കഴി ഞ്ഞു. പ്രവാസികളെ സംബന്ധിച്ചു നിരവധി പ്രതിസന്ധിക ളാണ് ഇപ്പോൾ. ജോലിസംബന്ധമായ വെല്ലുവിളികൾ ഏറ്റെ ടുക്കേണ്ടിവരുന്ന നിരവധി ആളുകളുണ്ട്: പ്രത്യേകിച്ച് ആരോഗ്യമേഖലയിലുള്ളവരും സ്വകാര്യകമ്പനികളിലെ ജോലി ക്കാരും. മതിയായ സുരക്ഷാക്രമീകരണങ്ങളുടെ അഭാവം ചില സ്ഥലങ്ങളിലെങ്കിലും ഉണ്ടെന്ന് വാർത്തകളിലൂടെയും നിങ്ങ ളുടെ പങ്കുവയ്ക്കലുകളിലൂടെയും അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈശോയുടെ സൗഖ്യശുശ്രൂഷ നിർവഹിക്കുന്ന ലക്ഷക്കണ

ക്കിനു നേഴ്സുമാരും ഡോക്ടർമാരുമുണ്ട് വിദേശത്ത്. അതേവിധത്തിൽ ഭാരതീയരായ അനേകം വൈദികരും സിസ്റ്റേഴ്സുമുണ്ട്. നിങ്ങളിലൂടെ നിർവഹിക്കപ്പെടുന്നത് ദൈവികശുശ്രൂഷയാണ് എന്നത് ഏറ്റവും ആശ്വാസകരമായ കാര്യമാണ്. രോഗം ബാധിച്ചു മരണമടഞ്ഞ കുറെ മലയാളികളുണ്ട്; രോഗം ബാധിച്ചു ചികിത്സയിലായിരിക്കുന്ന ഏറെ മലയാളി നേഴ്സുമാരും സിസ്റ്റേഴ്സും വൈദികരുമുണ്ട്. രോഗവ്യാപനംമൂലം പുറത്തിറങ്ങാൻ പറ്റാതെ വീടിനുള്ളിൽ ഭയന്ന് കഴിയുന്നവരും ഏറെയുണ്ട്. ഇവരെല്ലാവരും ഞങ്ങളുടെ പ്രാർത്ഥനാവിഷയമാണ്; നിരന്തരമായ ഓർമ്മകളുടെ വിഷയമാണ്.

പ്രവാസികളിൽ ചെറിയ ജോലികളൊക്കെ ചെയ്ത് പഠനവും മറ്റു താമസസൗകര്യങ്ങളും ക്രമീകരിക്കുന്നവർ ഏറെയാണ്. ഒട്ടേറെപേർ ജോലിചെയ്യുന്ന ഫാക്ടറികൾ പൂട്ടി; ഹോട്ടലുകളും റസ്റ്റോറന്റുകളും ആഗോളതലത്തിൽ അടച്ചപ്പോൾ, ഹോട്ടൽ മാനേജ്മെന്റ് മേഖലയിലുള്ളവർ ഏറെ വിഷമിക്കുന്നുണ്ട്. ടൂറിസവും മറ്റും തത്ക്കാലത്തേക്കു നിർത്തിവച്ചപ്പോൾ ആ വിഭാഗം വലിയ പ്രതിസന്ധിയിലായി. കൂടാതെ, സ്വകാര്യ സെക്ടറുകളിലും ചെറുകിട സ്ഥാപനങ്ങളിലുമൊക്കെയായി പ്രതിസന്ധികൾ നേരിടുന്ന ധാരാളം വ്യക്തികളുണ്ട്. സാധാരണജോലിക്കുവേണ്ടി പോയി ലേബർ ക്യാമ്പുകളിൽ സൗകര്യങ്ങളുടെ അപര്യാപ്തതയിലും ജോലിയുമില്ലാതെ കഴിയുന്നവരുമുണ്ട്. കമ്പനി മാനേജർമാരിൽനിന്നും മുതിർന്ന ഉദ്യോഗസ്ഥന്മാരിൽനിന്നുമൊക്കെ എതിർപ്പുകൾ ഏറ്റുവാങ്ങേണ്ടിവരുന്നവരും കുറവല്ല. പറഞ്ഞുവിടൽഭീഷണി അനുഭവിക്കുന്നവരുമുണ്ട്. ധാരാളം പേരുടെ ജോലി നഷ്ടപ്പെടുകയും ജോലി ചെയ്യുന്നവർക്കാണെങ്കിലും ശമ്പളം കിട്ടാതിരിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ട്. കുടുംബമായി വിദേശത്തു കഴിയുന്നവരും, തനിച്ചു കഴിയുന്നവരുമുണ്ട്. നാട്ടിലുള്ളവരെക്കുറിച്ചുള്ള ഓർമ്മ വിഷമിപ്പിക്കുമ്പോൾ കേരളത്തിലെ സ്ഥിതി

ഗതികൾ നിയന്ത്രണത്തിലാണെന്ന കാര്യം നിങ്ങളെ ആശ്വസിപ്പിക്കട്ടെ. കുഞ്ഞുങ്ങളെയും മറ്റും വീട്ടിലാക്കി, ജോലിക്കു പോകേണ്ടിവരുന്ന, ദിവസങ്ങളോളം മാറിനില്ക്കേണ്ടിവരുന്ന അവസ്ഥയും പ്രയാസമേറിയതാണല്ലോ. വീടിനുള്ളിൽ മാത്രം ഒതുങ്ങിക്കഴിയേണ്ടിവരുമ്പോഴുള്ള വീർപ്പുമുട്ടലുകളും വലുതാണ്. ലോക്ക്ഡൗണിന്റെ വിഷമങ്ങൾ പേറുന്ന ധാരാളം പേരുണ്ട്. ആത്മീയവും ശാരീരികവുമായ രീതിയിൽ ശക്തിയുള്ളവരായിരിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. എല്ലാം വിട്ടുപേക്ഷിക്കേണ്ടിവരുമ്പോഴും പ്രാർത്ഥന ഉപേക്ഷിക്കരുത്. ബൈബിൾ വായനയും മുടക്കരുത്. യഹൂദരുടെ ഇടയിൽ ഒരു ചൊല്ലുണ്ട്: ഏതു രാജ്യത്തിരുന്ന് ബൈബിൾ വായിച്ചാലും അത് നമ്മെ മാതൃരാജ്യത്തെത്തിക്കുന്ന അനുഭൂതി നല്കും.

വിദേശങ്ങളിലായിരിക്കുന്നവരുടെ, നാട്ടിലുള്ള സ്വന്തക്കാരെയും പ്രത്യേകം ഓർമ്മിക്കുന്നു. വിദേശത്ത് - പഠനത്തിനോ ജോലിക്കോ പോകാനായി ലക്ഷക്കണക്കിനു രൂപ കടമായോ ലോണായോ ബാധ്യതകളുള്ളവർ അനേകരാണ്. ഇത് ഭാവിയിൽ വലിയ പ്രതിസന്ധിയുണ്ടാക്കും. മക്കൾ വിദേശത്തും മാതാപിതാക്കൾ നാട്ടിൽ രോഗാവസ്ഥയിലായിരിക്കുന്നവരും ഒട്ടും കുറവല്ല. ഭക്ഷണത്തിനും മരുന്നിനുംവേണ്ടി വിഷമിക്കുന്നവരുമുണ്ട്. അവരുടെ ബുദ്ധിമുട്ടുകൾ അതതുസ്ഥലത്തെ ബഹുമാനപ്പെട്ട വികാരിമാരെയോ കോൺവെന്റിലെ മദറുമാരെയോ അറിയിച്ചാൽ സാധിക്കുന്ന സഹായങ്ങൾ അവർ ചെയ്തുതരുന്നതാണ്. സാധനങ്ങൾ വീട്ടിലെത്തിച്ചുതരാനും ഇടവകകളിലെ കൈക്കാരന്മാരും സംഘടനാഭാരവാഹികളും യുവാക്കളും സന്നദ്ധരാണ്. നിരവധിയായ കാരുണ്യപ്രവൃത്തികൾ ഇവർ ചെയ്തുകൊണ്ടാണിരിക്കുന്നത്. സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഗവൺമെന്റ് തലത്തിലും രാഷ്ട്രീയതലത്തിലുമൊക്കെ സാധ്യമായ രീതിയിലൊക്കെ നടത്താൻ ശ്രമിച്ചുകൊണ്ടാണിരിക്കുന്നത്.

പ്രവാസികളെ സംബന്ധിച്ച് ഒരു അനിശ്ചിതാവസ്ഥ നിലവിലുണ്ട്. സ്വന്തം നാട്ടിലേക്കു മടങ്ങിവരണമെന്ന് ആഗ്രഹിച്ചാലും വിമാനസർവ്വീസുകൾ ഇല്ലാത്തതിനാൽ ബുദ്ധിമുട്ടുന്ന അനേകരുണ്ട്. പ്രത്യേകിച്ചു നാട്ടിലേക്കു മടങ്ങിവരാൻ ആഗ്രഹിക്കുന്നവരെ സംബന്ധിച്ച്. എത്രയും വേഗം അതിനു വേണ്ട ക്രമീകരണങ്ങൾ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും കൂടിയാലോചിച്ച് അതിനായി നോർക്കയിലോ എംബസിമുഖേനയോ രജിസ്റ്റർ ചെയ്യാൻ സൗകര്യം ഒരുക്കണം. ആശങ്കയിൽ കഴിയുന്ന പ്രവാസികളെ ലോക്ക്ഡൗൺ കഴിയുമ്പോൾ നാട്ടിലെത്തിക്കേണ്ടതാണ്. പ്രത്യേകിച്ചും ഗർഭിണികൾ, കുട്ടികൾ, വിസിറ്റിംഗ് വിസയിൽ പോയിരിക്കുന്നവർ, വയോജനങ്ങൾ. പ്രവാസികൾക്കു നാട്ടിലേക്കു പോരണമെന്ന ആഗ്രഹം അവരുടെ അവകാശമാണ്. അവർ ഈ നാടിന്റെ അവിഭാജ്യഘടകമാണ്. അവരെ തിരിച്ചെത്തിക്കാൻ പരിശ്രമിക്കുന്നത് അവരോടു കാണിക്കുന്ന ഔദാര്യമായിട്ട് സർക്കാർ കാണേണ്ടതില്ല. അവരുടെ അധ്വാനത്തിന്റെ ഫലമാണ് ഇന്ന് നാട്ടിൽ കാണുന്ന പലതും. ഗൾഫ് രാജ്യങ്ങളിൽനിന്നാണ് നാട്ടിലെത്താനുള്ള താത്പര്യക്കാർ കൂടുതലുള്ളതെന്നാണ് മാധ്യമങ്ങളിൽനിന്നു മനസ്സിലാക്കുന്നത്. അതും നിയന്ത്രണാതീതമായ രീതിയിൽ കാണാൻ സാധ്യതയില്ല. അവരുടെ ആഗ്രഹത്തോടു നിഷേധാത്മകനടപടികൾ സ്വീകരിക്കുന്നതു ശരിയല്ല. വിദേശത്തുകിടന്നു പ്രയാസപ്പെടുന്നവരെ കഴിവതും വേഗം നാട്ടിൽ എത്തിക്കാൻ സർക്കാരിന് കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു. അവർ തിരിച്ചു വരുമ്പോൾ വിപുലമായ പരിശോധനാസൗകര്യങ്ങൾ ഒരുക്കണം. രോഗലക്ഷണമോ സാധ്യതയോ ഉള്ളവർക്ക് ക്വാറന്റൈനുവേണ്ടി താമസസൗകര്യങ്ങൾ കൊടുക്കുക എന്നതാണ് ഏറ്റവും ആദ്യം ചെയ്യേണ്ടത്. പ്രവാസികൾ തിരികെയെത്തുമ്പോൾ അവരുടെ സംരക്ഷണത്തിനായി കത്തോലിക്കാ കോൺഗ്രസ് രംഗത്ത് ഉണ്ടാകും. പാലാ രൂപതയിലെ മൂന്ന് സ്ഥാപനങ്ങൾ ക്വാറന്റൈൻകാല താമസത്തിനായി വിട്ടുതരാനും തയ്യാറാണ്.

1) St. Mary’s Hostel of St. Joseph's College of Engineering and Technology, (SJCET) Pala, Choondacherry.

2) St. Thomas Hostel of St. Joseph's College of Engineering and Technology, (SJCET) Pala, Choondacherry.

3) Mission League Mathru Bhavan, Bharananganam

“വൈദ്യന് അർഹമായ സ്ഥാനം നല്കുക. കർത്താവാണ് അവനെ നിയോഗിച്ചത്. അവനെ ഉപേക്ഷിക്കരുത്; അവനെക്കൊണ്ട് നിനക്ക് ആവശ്യമുണ്ട്; വിജയം വൈദ്യന്റെ കൈകളിൽ സ്ഥിതിചെയ്യുന്ന അവസരമുണ്ട്. രോഗം നിർണ്ണയിച്ച് സുഖപ്പെടുത്തി ജീവൻ രക്ഷിക്കാൻ അവിടുത്തെ അനുഗ്രഹത്തിനു വേണ്ടി അവനും കർത്താവിനോടു പ്രാർത്ഥിച്ചിട്ടുണ്ട്”(പ്രഭാ. 38:12-14).

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 20-4-2020

---

N B: 20-4-2020 ൽ നൽകപ്പെട്ട അറിയിപ്പ്

# കോവിഡ് വ്യാപനഘട്ടത്തിൽ കൂടുതൽ ജാഗ്രത പുലർത്തണം

കോവിഡ് 19 മഹാമാരി നമ്മുടെ നാട്ടിലും കൂടുതൽ വ്യാപിക്കുന്ന സാഹചര്യത്തിൽ ക്രൈസ്തവ പ്രേഷിത ചൈതന്യത്തോടെ നമുക്കേവർക്കും കൂടുതൽ ജാഗരൂകരാകാം. തീക്ഷ്ണമായ പ്രാർത്ഥനയും ജാഗ്രതയുമുണ്ടെങ്കിൽ മാത്രമേ രൂക്ഷമായ കൊറോണാ വൈറസ് ബാധയെ പ്രതിരോധിക്കാൻ നമുക്കാവൂ. ഗവൺമെന്റുകളും ആരോഗ്യപ്രവർത്തകരും പോലീസധികാരികളും ശുചീകരണപ്രവർത്തകരും മാത്രമല്ല, സമൂഹത്തിലെ എല്ലാ തുറകളിലുമുള്ളവർ നിയമങ്ങളും നിബന്ധനകളും പാലിച്ചും സാധ്യമായ മുൻകരുതലുകൾ സ്വീകരിച്ചും എല്ലായിടത്തും സാമൂഹിക അകലം പാലിച്ചും മാസ്ക് ധരിച്ചും കൈകൾ സോപ്പോ സാനിറ്റൈസറോ ഉപയോഗിച്ച് അണുവിമുക്തമാക്കിയും ജീവിതം മുമ്പോട്ടു നയിച്ചാൽ എളുപ്പത്തിൽ ഈ പ്രതിസന്ധികാലഘട്ടത്തെ മറികടക്കാം. നമ്മുടെ ചെറിയ ശ്രദ്ധക്കുറവ് വലിയ അപകടത്തെയാണു ക്ഷണിച്ചു വരുത്തുന്നതെന്നു മറക്കാതിരിക്കാം.

രോഗം വരാതെ നോക്കുമ്പോഴും, ക്വാറന്റൈനിൽ കഴിയുന്നവരോടും രോഗികളോടും രോഗബാധയുടെ അന്തരീക്ഷത്തിൽ ആയിരിക്കുന്നവരോടും നമ്മുടെ നാട്ടിലും പ്രവാസത്തിലും വിവിധതരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരോടും കരുണയും കരുതലുമുള്ളവരാകാൻ നമുക്കു ശ്രദ്ധിക്കാം. നമുക്കു ചുറ്റുമുള്ള ആവശ്യക്കാരെ തിരിച്ചറിയാനും സഹായങ്ങൾ നല്കാനും ഏവരും ശ്രദ്ധിക്കുമല്ലോ. വിദേശത്തുനിന്നും നാട്ടിലെത്തുന്നവർക്കു ക്വാറന്റൈൻ സൗകര്യങ്ങൾക്കായി വീടുകളോ മറ്റു സൗകര്യങ്ങളോ നല്കാൻ കൂടുതൽ സന്മനസ്സ് എല്ലാവരും കാട്ടേണ്ടിയിരിക്കുന്നു. കോവിഡ് രോഗബാധ കൂടുതൽ വ്യാപിച്ചാൽ ഉത്തരവാദിത്വപ്പെട്ട അധികൃതരോടും പ്രവർത്തകരോടുമൊപ്പം സാധ്യമായ മുൻകരുത

ലുകളോടെ സുമനസ്സുകൾ മുന്നോട്ടു വരേണ്ടിയിരിക്കുന്നു. ഒപ്പം തന്നെ കോവിഡ് രോഗം ബാധിച്ച് ആരെങ്കിലും മരിക്കാനിടയായാൽ ഉചിതമായ മൃതസംസ്കാരത്തിനുള്ള സംവിധാനങ്ങൾ ഒരുക്കാനും നാം തയ്യാറാകേണ്ടതുണ്ട്. ഈ കാര്യങ്ങൾക്കായി നമ്മുടെ രൂപതയിൽ എ.കെ.സി.സി., കുടുംബക്കൂട്ടായ്മ, പിതൃവേദി, സോഷ്യൽ സർവ്വീസ്, എസ്.എം.വൈ.എം. എന്നീ സംഘടനകളുടെ നേതൃത്വത്തിൽ വിവിധ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. ഏവരുടെയും സഹകരണം ഉണ്ടാകുമല്ലോ. എല്ലാക്കാലങ്ങളിലും നമ്മുടെ പൂർവ്വികരെയും നമ്മെയും കാത്തുപരിപാലിച്ച നല്ലവനായ ദൈവം നാമെല്ലാവരെയും സഹായിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 21-7-2020

---

N B: 21-7-2020 ൽ നൽകപ്പെട്ട അറിയിപ്പ്

# കച്ചേരിക്കാര്യം

## Transfer and Appointment (June-July 2020)

| Name | Office (Appointed/Relieved) | w.e.from |
|---|---|---|
| Joseph Vazhackapara | Librarian and residence in Philip's Hostel, Arunapuram | 22.06.2020 |
| Thomas Chellamthara | Relieved from Chaplain, Fathima Mission Hospital, Kozhuvanal and residence in Mar Aprem Priest Home, Pala | 08.07.2020 |
| Mathew Muthuplackal | Licentiate Studies, Eastern Canon Law, Paurasthya Vidhyapitham, Vadavathoor | 08.07.2020 |
| Scaria Moloparambil | Formator, Mar Aprem Seminary, Lalam, Pala | 08.07.2020 |
| Thomas Olickalputhenpura | Vicar, Narianganam | 08.07.2020 |
| Scaria Vekathanam | Vicar, Kavumkandam | 08.07.2020 |
| Devasiachan Vattappalam | Relieved from Vicar, Kavumkandam and residence in St. Joseph's Church, Kizhathadiyoor | 08.07.2020 |
| Philip Vattamattathil | Residence in Vianney Priest Home, Muttuchira | 08.07.2020 |
| Michael Thottumkal | Asst. Vicar, Kadanad | 08.07.2020 |
| Mathew Peedikayil | Chaplain, Fathima Mission Hospital, Kozhuvanal (temporaray) | 09.07.2020 |
| Joseph Vattappillil | Priest in Charge, Website of the Eparchy (additional) | 15.07.2020 |
| Alexander Moolakunnel | Spiritual Director, St. Mary's Minor Seminary, Thuckalay | 22.07.2020 |

# അറിയിപ്പുകൾ

ഈശോയിൽ പ്രിയ വൈദികരേ, സഹോദരങ്ങളേ,

കോവിഡ് 19 മഹാമാരി നമ്മുടെ നാട്ടിലും കൂടുതൽ വ്യാപിക്കുന്ന പശ്ചാത്തലത്തിൽ അഭിവന്ദ്യപിതാവ് 21-07-2020 ൽ നൽകിയ അറിയിപ്പിന്റെ വെളിച്ചത്തിൽ പാലാരൂപതയുടെതായി "Pala Samaritan Force' എന്നപേരിൽ ഒരു രൂപതാതല കോവിഡ് ടാസ്ക്ഫോഴ്സ് രൂപീകരിക്കുന്നു.

പാലാരൂപതയിൽ എല്ലായിടത്തും ക്രിസ്തീയപ്രേഷിത ചൈതന്യത്തിൽ കോവിഡ് വോളണ്ടിയേഴ്സ് തയ്യാറായിരിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എപ്പോൾ ആവശ്യം വന്നാലും ധൈര്യപൂർവ്വം മുന്നോട്ടുവരുന്ന, നല്ല ആരോഗ്യവും ധൈര്യവും സന്മനസ്സുമുള്ള യുവാക്കന്മാരെയും മുതിർന്നവരെയു മാണ് നമുക്കാവശ്യമായിരിക്കുന്നത്. ബഹുമാനപ്പെട്ട വികാരി യച്ചന്മാർ ഇരുപത്തിയാറാം തീയതിയോടെ (ഞായറാഴ്ച) എങ്കിലും താഴെ സൂചിപ്പിച്ചിരിക്കുന്ന വിധത്തിലുള്ള ലിസ്റ്റുകൾ തയ്യാറാ ക്കിത്തന്നാൽ ആരോഗ്യവകുപ്പിന്റെ ട്രെയിനിങ്, ഓൺലൈൻവഴി മുൻഗണനാക്രമത്തിൽ ലഭ്യമാക്കുന്നതാണ്.

**മൂന്നുതരത്തിലുള്ള ലിസ്റ്റുകളാണ് തയ്യാറാക്കുന്നത്.**

1. വിശാലമായ അർത്ഥത്തിൽ രൂപതയുടെ എല്ലാ പ്രദേശങ്ങളിലും അതാതു പ്രദേശത്തെ വിവിധ കോവിഡ് അനുബന്ധ ആവശ്യങ്ങൾ നിർവഹിക്കാൻ തയ്യാറുള്ളവരുടെ ലിസ്റ്റ്: ഓരോ 100 വീടിനും 30 വയസ്സ് മുതൽ 50 വയസ്സുവരെയുള്ള രണ്ടുപേർ, 30 വയസ്സിൽ താഴെ 20 വയസ്സുവരെയുള്ള രണ്ടു യുവാക്കന്മാർ എന്ന മാനദണ്ഡമാണ് ഓരോ ഇടവകയ്ക്കുമായി നിർദേശിക്കുന്നത്. ക്വാറന്റൈനിൽ കഴിയുന്നവർക്കോ കണ്ടെയിൻമെന്റ് സോണുകൾ പ്രഖ്യാപിക്ക പ്പെടുമ്പോൾ അവിടങ്ങളിലെ കുടുംബങ്ങൾക്കോവേണ്ടി ആരോഗ്യപ്രവർത്തകരോട്/ ഉത്തരവാദിത്വപ്പെട്ട ഗവൺമെന്റ് അധികൃതരോടുചേർന്ന് ആവശ്യം വരുമ്പോൾ നിർദ്ദേശിക്ക പ്പെടുന്നതനുസരിച്ച് പ്രവർത്തിക്കുന്നതിനായി മതിയായ അറിവും ഒരുക്കവും സന്നദ്ധതയും ഉള്ളവരായി തയ്യാറായിരിക്കുക എന്നതാണ് ഈ ടീമിന്റെ ലക്ഷ്യം. ദൂരസ്ഥലങ്ങളിലേക്ക് വോളണ്ടിയർ സർവീസിനു പോകുന്ന കാര്യവും ഗവൺമെന്റ് സംവിധാനങ്ങളോടോ രൂപതയുടെ സംവിധാനങ്ങളോടോ ചേരാതെ

സ്വതന്ത്രമായ ശൈലിയിലുള്ള സർവീസുകളും പരിഗണനയിലില്ല എന്നകാര്യം പ്രത്യേകം പറയട്ടെ.

2. കോവിഡ് രോഗം ബാധിച്ച് ആരെങ്കിലും മരിക്കാനിടയായാൽ ഉചിതമായ മൃതസംസ്കാരശുശ്രൂഷ നൽകുന്നതിനുവേണ്ടി വൈദികർ ഉൾപ്പെടെയുള്ള സന്നദ്ധപ്രവർത്തകരുടെ ലിസ്റ്റ്: ഇവർക്ക് പ്രത്യേക നിർദ്ദേശങ്ങളും ട്രെയിനിങ്ങും ഉണ്ടായിരിക്കുന്നതാണ്. താരതമ്യേന കൂടുതൽ സുരക്ഷിതമായ ഈകാര്യത്തിനായി ഈ വോളണ്ടിയർ കൂട്ടായ്മ ഓരോ ഫൊറോനയിലും ഒന്നുവീത മെങ്കിലും രൂപതയിലാകമാനം രൂപീകരിക്കാനാണു ലക്ഷ്യമിടുന്നത്.

3. മുകളിൽ പറഞ്ഞ രണ്ടു ലിസ്റ്റുകളിലും, അതായത്, കോവിഡ് വ്യാപനം വർദ്ധിച്ചാൽ സന്നദ്ധപ്രവർത്തകരാകാനും മൃതസംസ്കാരം നടത്തേണ്ടിവരുന്ന സാഹചര്യമുണ്ടായാൽ അതിനും തയ്യാറുള്ളവരുടെ ലിസ്റ്റ്.

ആരെയും കൂടുതൽ നിർബന്ധിക്കേണ്ടതില്ല, എങ്കിലും എല്ലാ സ്ഥലങ്ങളിലും ആവശ്യത്തിനു കരുതൽ ഉണ്ടാകണമെന്ന ലക്ഷ്യത്തോടെ വോളണ്ടിയേഴ്സിനെ കണ്ടെത്തുക നമ്മുടെ കൂട്ടായ ആവശ്യമാണ്.

രൂപതാതലത്തിലുള്ള പ്രവർത്തനങ്ങൾക്കു വിശ്വാസ പരിശീലനകേന്ദ്രം, എ.കെ.സി.സി., കുടുംബകൂട്ടായ്മ, പിതൃവേദി, പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി, എസ്.എം.വൈ.എം.-കെ.സി.വൈ.എം. തുടങ്ങിയ വിഭാഗങ്ങൾ നേതൃത്വം നൽകും.

പ്രവർത്തനങ്ങളുടെ ചീഫ് കോർഡിനേറ്ററായി ഫാ. സിറിൽ തയ്യിൽ (യൂത്ത് ഡയറക്ടർ), കോർഡിനേറ്റഴ്സായി ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ (എ.കെ.സി.സി. ഡയറക്ടർ), ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (കുടുംബകൂട്ടായ്മ കോർഡിനേറ്റർ), ഫാ.ജോസഫ് കുറ്റിയാങ്കൽ (പിതൃവേദി ഡയറക്ടർ), ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ (വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ) എന്നിവരടങ്ങുന്ന ഉന്നതതല സമിതിരൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്.

ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

ഈശോയിൽ സ്നേഹത്തോടെ,

പാലാ **മോൺ. ജോസഫ് തടത്തിൽ**

23 - 07- 2020 വികാരി ജനറൽ

# മാർ സ്ലീവാ മെഡിസിറ്റി പാലാ

**1. 1000 ശസ്ത്രക്രിയകൾ പൂർത്തിയാക്കി**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ 6 മാസംകൊണ്ട് 1000 ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കി. എല്ലാ സർജിക്കൽ ഡിപ്പാർട്ട്മെന്റുകളുമുള്ള ആശുപത്രിയിൽ ആറ് ഓപ്പറേഷൻ തിയേറ്ററുകളാണ് പ്രവർത്തിക്കുന്നത്. സൂചിദ്വാര ശസ്ത്രക്രിയ, ഭാരം കുറയ്ക്കുന്നതിനുള്ള ശസ്ത്രക്രിയ, ഹെർണിയ, തൈറോയ്ഡ്, അപ്പെൻഡിസൈറ്റിസ്, പിത്താശയത്തിലെ കല്ലു നീക്കം ചെയ്യുന്നതിന്, വെരിക്കോസ്, പൈൽസ്, ഫിഷർ സർജറികൾ, ബ്രെസ്റ്റ് സർജറികൾ, ഡയബറ്റിക് സർജറി, പ്രോസ്റ്റേറ്റ് സർജറി, കാൽമുട്ടു മാറ്റിവയ്ക്കൽ സർജറി തുടങ്ങിയ ഒട്ടേറെ സർജറികൾ നടത്തിയിട്ടുണ്ട്. ഉദരസംബന്ധമായ രോഗങ്ങൾക്കുള്ള സങ്കീർണ്ണമായ ശസ്ത്രക്രിയകളും ഓപ്പൺ ഹാർട്ട് ശസ്ത്രക്രിയകളും ഇതിൽപ്പെടും.

**2. ഋതു 2020**

മെഡിസിറ്റിയിലെ ആയുർവേദ വിഭാഗം ഋതു 2020-കർക്കിടകമാസ സുഖചികിത്സ-ആരംഭിച്ചു. മെഡിസിറ്റിയിൽവച്ചു നടന്ന ചടങ്ങിൽ കൊഴുവനാൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ തോമസ് ജോർജ് ഋതു 2020 ന്റെയും കർക്കിടക പാക്കേജിന്റെയും ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. തദവസരത്തിൽ കർക്കിടക ഔഷധ കഞ്ഞി കിറ്റിന്റെ വിതരണം മെഡിസിറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ മെഡിക്കൽ ഡയറക്ടർ ഡോ. ലിസി തോമസിനു നല്കി ഉദ്ഘാടനം ചെയ്തു. ആയുർവേദ വിഭാഗം സീനിയർ കൺസൽട്ടന്റ് ഡോ. എസ്. ജയകുമാറും കൺസൽട്ടന്റ് ഡോ. പൂജ ടി. അമലും പ്രസംഗിച്ചു. എല്ലാ ദിവസവും രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ ആയുർവേദം ഒ.പി. സൗകര്യമുണ്ട്. ഐ.പി സൗകര്യം, സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ ട്രീറ്റ്മെന്റ് റൂമുകൾ, പരിചയസമ്പന്നരായ തെറാപ്പിസ്റ്റുകൾ, എം.ആർ.ഐ, സിറ്റി സ്കാൻ, ലാബ്, എക്സ്റേ എന്നീ സൗകര്യങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്.

**3. ഡോക്ടേഴ്സ് ദിനം ആചരിച്ചു.**

മെഡിസിറ്റിയിൽ ജൂലൈ ഒന്നിന് ഡോക്ടേഴ്സ് ദിനം ആചരിച്ചു. ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ചു നടന്ന യോഗത്തിൽ ഡോ

കൂർമാർ നല്കുന്ന സേവനത്തെയും അവരുടെ കർമ്മനിരതയെയും പ്രശംസിച്ച് അഭിവന്ദ്യ പിതാവ് മാർ ജോസഫ് കല്ലറങ്ങാട്ട് സംസാരിച്ചു. മെഡിസിറ്റിയിൽ ജോലിചെയ്യുന്ന എല്ലാ ഡോക്ടേഴ്സിനെയും പ്രസ്തുത യോഗത്തിൽ ആദരിച്ചു.

**4. ലഹരിവിരുദ്ധദിനം ആചരിച്ചു.**

മെഡിസിറ്റിയിൽ ജൂൺ 26 ന് മയക്കുമരുന്നിന്റെ ഉപയോഗത്തിനും അനധികൃത ലഹരി ഉപയോഗത്തിനും എതിരായി ലോക ലഹരിവിരുദ്ധദിനം ആചരിച്ചു. അമിതലഹരിയുടെ ഉപയോഗത്തിൽ നിന്നും യുവാക്കളെ ഉണർത്തുക, മയക്കുമരുന്നിന്റെ ഉപയോഗം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് യുവാക്കളിൽ അവബോധം വളർത്തുക തുടങ്ങിയവയോ ആണ് ഈ ദിനാചരണംകൊണ്ട് ലക്ഷ്യമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ അഭിപ്രായപ്പെട്ടു.

**5. മൂലമറ്റം ബിഷപ് വയലിൽ മെഡിക്കൽ സെന്ററിൽ ഗൈനക്കോളജി ഡോക്ടർ**

മാർസ്ലീവാ മെഡിസിറ്റി പാലായിലെ ഗൈനക്കോളജി വിഭാഗം ഡോക്ടറുടെ സേവനം മൂലമറ്റം ബിഷപ് വയലിൽ മെഡിക്കൽ സെന്ററിൽ ആരംഭിച്ചു. എല്ലാ വ്യാഴാഴ്ചയും രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1 മണി വരെ ഒ. പി. സൗകര്യമുണ്ടായിരിക്കും.

**6. പുതിയ ഡോക്ടർമാർ**

Dr. Vijay Radhakrishnan (Senior Consultant, Urology)
Dr. Anil K. John (Senior Consultant, Gastroenterology)
Dr. Shubhanshu Gupta (Consultant, Surgical Oncology)
Dr. Philip George (Consultant, ENT & Laryngology)
Dr. Sandeep R. (Consultant, Cardiology)
Dr. Amritha Elizabeth Varghese (Consultant, Dermatology& Cosmetology)
Dr. Cherian Jerin Oommen (Visiting Consultant, Pediatric Surgery)
Dr. Basil Paul Manayalil (Consultant, Anesthesiology)
Dr. Abhijith Kumar (Consultant, Anesthesiology)
Dr. Joseph Cherian (Consultant, Radiology)
Dr. Thara Joseph (Consultant, Radiology)

**മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ**

(എക്സിക്യൂട്ടീവ് ഡയറക്ടർ, മാർസ്ലീവാ മെഡിസിറ്റി, പാലാ)

# വിദ്യാഭ്യാസ മികവോടെ പാലാ സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേജ്.

ഉന്നതവിദ്യാഭ്യാസത്തിനായി നമ്മുടെ രൂപത സ്ഥാപിച്ച സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേജ് കേരളത്തിലെ ഏറ്റവും മികച്ച കോളേജുകളിൽ ഒന്നായി 18 വർഷം പൂർത്തിയാക്കുകയാണ്. നല്ല കത്തോലിക്കാ അന്തരീക്ഷത്തിൽ ഉയർന്ന നിലവാരത്തിലുള്ള എഞ്ചിനീയറിംഗ് വിദ്യാഭ്യാസം കുറഞ്ഞ ഫീസോടെ വിദ്യാർത്ഥികൾക്കു ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നമ്മുടെ കോളേജ് പ്രവർത്തിക്കുന്നത്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിൽ മറ്റൊരു കോളേജിനും കൈവരിക്കാൻ സാധിക്കാത്ത നേട്ടങ്ങളാണ് നമ്മുടെ കോളേജ് കരസ്ഥമാക്കിയിരിക്കുന്നത്. ഇതിനോടകംതന്നെ മിടുക്കരായ നമ്മുടെ കുട്ടികൾ ഇൻഫോസിസ്, റ്റി.സി.എസ്. വിപ്രോ തുടങ്ങിയ വൻകിട കമ്പനികളിൽ കോളേജിൽനിന്ന് ലഭിച്ച പ്ലെയ്സ്മെന്റോടെ ജോലി നേടിക്കഴിഞ്ഞിരിക്കുന്നു. കേരളാ സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള നമ്മുടെ സ്ഥാപനം റിസൾട്ടിന്റെ കാര്യത്തിലും മുൻനിരയിൽത്തന്നെയാണ്. നമ്മുടെ കോളേജിലെ 2020 അദ്ധ്യായനവർഷത്തേക്കുള്ള ബി.ടെക്., എം.ടെക്, എം.ബി.എ, എം.സി.എ, പി.എച്ച്.ഡി. എന്നീ കോഴ്സുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഈ വർഷം ബി.ടെക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് ഡാറ്റ സയൻസ് എന്ന പുതിയ ബ്രാഞ്ച് ആരംഭിക്കുകയാണ്. വരുംകാലഘട്ടങ്ങളിൽ ഏറ്റവും കൂടുതൽ തൊഴിൽസാധ്യതയുള്ള മേഖലയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്.

## അഡ്മിഷൻ രീതി

### ബി.ടെക്

ബി.ടെക്കിന് 50% ഗവ. അലോട്ട്മെന്റു സീറ്റും 50% മാനേജ്മെന്റ് സീറ്റുമാണ്. മാനേജ്മെന്റ് സീറ്റിൽ 35% മെറിറ്റ് അടിസ്ഥാനത്തിലാണ് അഡ്മിഷൻ നടത്തുക. +2 വിന്റെ മാർക്കും എൻട്രൻസിന്റെ സ്കോറും 50:50 എന്ന അനുപാതത്തിലാണ് കോളേജ് മെറിറ്റിലേക്കുള്ള റാങ്ക് തയ്യാറാക്കുന്നത്. ഇതുകൂടാതെ എൻ.ആർ.ഐ. സീറ്റിലും അഡ്മിഷൻ എടുക്കാവുന്നതാണ്.

കാർഷികമേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് നമ്മുടെ പിതാവിന്റെ പ്രത്യേക നിർദ്ദേശപ്രകാരം, ഈ വർഷം റീഫണ്ടബിൾ ഡെപ്പോസിറ്റായ 1,00,000 (ഒരു ലക്ഷം) രൂപ എല്ലാ ബ്രാഞ്ചുകളിലും ഒഴിവാക്കിയിട്ടുണ്ട്.

**എം.ടെക്**

60% മാർക്കോടെ ബി.ടെക് പൂർത്തിയായവർക്കും ഇപ്പോൾ ബി.ടെക് പഠിച്ചുകൊണ്ടിരിക്കുന്നവർക്കും എം.ടെക്കിന് അപേക്ഷിക്കാവുന്നതാണ്. ഗേറ്റ് സ്കോർ ഉള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

**എം.ബി.എ.**

ഏതെങ്കിലും വിഷയത്തിൽ 50% മാർക്കുള്ള ബിരുദധാരികൾക്കും, അവസാനവർഷ പരീക്ഷ എഴുതിയ ബിരുദവിദ്യാർത്ഥികൾക്കും അപേക്ഷിക്കാം.

അപേക്ഷകർ എം.ബി.എ എൻട്രൻസ് പരീക്ഷയായ കെമാറ്റ്, സിമാറ്റ്, ക്യാറ്റ് (KMAT, CMAT, CAT) ഇവയിലേതെങ്കിലുമൊരു പരീക്ഷ 15% മാർക്കോടുകൂടി പാസായിരിക്കണം.

**എം.സി.എ.**

ഡിഗ്രിക്കോ, +2-നോ മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിച്ചിട്ടുള്ള ബിരുദവിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. എൽ.ബി.എസ്. നടത്തുന്ന എൻട്രൻസ് പരീക്ഷ പാസായിരിക്കണം.

**ഹോട്ടൽ മാനേജ്മെന്റ്**

നമ്മുടെ രൂപതയിലെ യുവതീയുവാക്കൾക്ക് "ഒരു പുതിയ തൊഴിൽമേഖല തുറന്നുകൊടുക്കുക" എന്ന ലക്ഷ്യത്തോടെ 2010-ൽ ചൂണ്ടച്ചേരിയിൽ ആരംഭിച്ച നാം വർഷ ഹോട്ടൽ മാനേജ്മെന്റ് ഡിഗ്രി (BHM) കോഴ്സിൽ ഇതിനകം പഠനവും പരിശീലനവും പൂർത്തിയാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും ക്യാമ്പസ് പ്ലേസ്മെന്റ് മുഖാന്തിരം വിവിധ പഞ്ചനക്ഷത്രഹോട്ടലുകളിൽ ജോലി ലഭിക്കുകയുണ്ടായി.

2024-ൽ ഈ കോഴ്സിലെ 10-ാം ബാച്ച് പഠനം പൂർത്തിയാകുമ്പോൾ രൂപതയിലെ ഓരോ ഇടവകയിൽനിന്നും കുറഞ്ഞത് ഒരാൾക്കെങ്കിലും ഈ കോഴ്സ് മുഖാന്തിരം ജോലി ലഭിക്കണമെന്ന

ലക്ഷ്യം സാക്ഷാത്കരിക്കുവാനുള്ള തീവ്രപരിശീലനത്തിലാണ് ചൂണ്ടച്ചേരിയിലെ സെന്റ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി.

45% ശതമാനം മാർക്കോടെ പ്ലസ്ടു അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ പാസ്സായവർക്ക് ഈ കോഴ്സിന് അപേക്ഷിക്കാം.

**സ്കോളർഷിപ്പുകൾ**

1. കേരള ഗവൺമെന്റ് നടത്തുന്ന എഞ്ചിനീയറിംഗ് കോമൺ എൻട്രൻസ് പരീക്ഷ (KEAM-2020) യിൽ ആദ്യത്തെ 10,000 റാങ്കിൽ വരുന്ന വിദ്യാർത്ഥികൾ, അല്ലെങ്കിൽ സ്റ്റേറ്റ് സിലബസിൽ ഫിസിക്സ്, കെമിസ്ട്രി, മാത്സ് വിഷയങ്ങളിൽ 95% ത്തിൽ കൂടുതൽ മാർക്ക് വാങ്ങുകയും, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ തുടങ്ങിയ ബോർഡുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മേൽപറഞ്ഞ വിഷയങ്ങളിൽ 90% ത്തിൽ കൂടുതൽ മാർക്കു വാങ്ങുകയും ചെയ്യുന്നപക്ഷം ഗവൺമെന്റ് കോളേജുകളിലെ റ്റ്യൂഷൻ ഫീസായ 8,200 രൂപ മാത്രമേ അടയ്ക്കേണ്ടതുള്ളൂ. ബാക്കി 66,800 രൂപ സ്കോളർഷിപ്പായി നൽകും.
2. എൻട്രൻസ് പരീക്ഷയിൽ 10001 നും 15000 ത്തിനും ഇടയിൽ റാങ്കു നേടുന്നവർ അല്ലെങ്കിൽ സ്റ്റേറ്റ് സിലബസിൽ ഫിസിക്സ്, കെമിസ്ട്രി, മാത്സ്, വിഷയങ്ങളിൽ 90% കൂടുതൽ മാർക്ക് വാങ്ങുകയും, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ തുടങ്ങിയ ബോർഡുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മേൽപ്പറഞ്ഞ വിഷയങ്ങളിൽ 85% കൂടുതൽ മാർക്കു വാങ്ങുകയും ചെയ്താൽ, ഗവൺമെന്റ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളായ IHRD, CAPE, തുടങ്ങിയ കോളേജുകളിൽ ഗവൺമെന്റ് ക്വോട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ അടയ്ക്കുന്ന ഫീസായ 35000 രൂപ മാത്രമേ ഒരു വർഷം അടയ്ക്കേണ്ടതുള്ളൂ. ബാക്കി 40,000 രൂപ സ്കോളർഷിപ്പായി നൽകും.
3. എൻട്രൻസ് പരീക്ഷയിൽ 15001 നും 20,000ത്തിനും ഇടയിൽ റാങ്കു നേടുന്നവർ അല്ലെങ്കിൽ സ്റ്റേറ്റ് സിലബസിൽ ഫിസിക്സ്, കെമിസ്ട്രി, മാത്സ് വിഷയങ്ങളിൽ 85% കൂടുതൽ മാർക്ക് വാങ്ങുകയും, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ തുടങ്ങിയ ബോർഡുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മേൽപ്പറഞ്ഞ വിഷയങ്ങളിൽ

80% ൽ കൂടുതൽ മാർക്കു വാങ്ങുകയും ചെയ്താൽ, ഒരു വർഷം 20,000 രൂപ സ്കോളർഷിപ്പായി ലഭിക്കും.

4. എൻട്രൻസ് പരീക്ഷയിൽ 20001 നും 25000 ത്തിനും ഇടയിൽ റാങ്കു നേടുന്നവർ അല്ലെങ്കിൽ സ്റ്റേറ്റ് സിലബസിൽ ഫിസിക്സ്, കെമിസ്ട്രി, മാത്സ് വിഷയങ്ങളിൽ 80% കൂടുതൽ മാർക്കു വാങ്ങുകയും, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. തുടങ്ങിയ ബോർഡുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മേൽപ്പറഞ്ഞ വിഷയങ്ങളിൽ 75% ൽ കൂടുതൽ മാർക്കു വാങ്ങുകയും ചെയ്യുന്നപക്ഷം ഒരു വർഷം 10,000 രൂപ സ്കോളർഷിപ്പായി ലഭിക്കും.

5. മേൽപ്പറഞ്ഞ സ്കോളർഷിപ്പിനു പുറമേ, ഗവൺമെന്റ്, മാനേജ്മെന്റ്, എൻ.ആർ.ഐ. അഡ്മിഷനിൽ വരുന്ന ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ഒരു വർഷം 15000 രൂപയും ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ് വിദ്യാർത്ഥികൾക്ക് ഒരു വർഷം 25000 രൂപയും സ്കോളർഷിപ്പായി നൽകുന്നതായിരിക്കും. ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ വിദ്യാർത്ഥികൾക്ക് ഒരു വർഷം സ്കോളർഷിപ്പായി 40000 രൂപ നൽകുന്നതായിക്കും.

## പാലാ രൂപത സ്കോളർഷിപ്പ്

6. ബിടെക്, എം.ടെക്, എം.ബി.എ., എം.സി.എ. എന്നീ കോഴ്സുകളിൽ ചേരുന്ന പാലാ രൂപതയിൽപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും 40000 രൂപ (വർഷം 10000 രൂപ) സ്കോളർഷിപ്പായി നൽകുന്നതാണ്. പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കുന്നതിന് ബഹു. വികാരിയച്ചന്റെ കത്ത് ഓഫിസിൽ സമർപ്പിക്കേണ്ടതാണ്.

എല്ലാത്തരത്തിലും ഉന്നതനിലവാരം കാത്തുസൂക്ഷിക്കുന്ന നമ്മുടെ സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുവാനുള്ള അവസരം പാലാ രൂപതയിലുള്ള എല്ലാ വിദ്യാർത്ഥികളും ഉപയോഗപ്പെടുത്തണമെന്നു താത്പര്യപ്പെടുന്നു.

വിശദവിവരങ്ങൾക്ക് കോളേജ് വെബ്സൈറ്റ് (www.sjcetpalai.ac.in) സന്ദർശിക്കുകയോ, താഴെ പറയുന്ന ഫോൺ 8078700700, 8078701701, നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

**മോൺ. ജോസഫ് മലേപറമ്പിൽ**

(ചെയർമാൻ, സെന്റ് ജോസഫ് എഞ്ചിനീയറിംഗ് കോളേജ്, പാലാ)

# H.G.M. ഹോസ്പിറ്റൽ സ്കൂൾ ഓഫ് നഴ്സിങ്

**മുട്ടുചിറ പി.ഒ., കോട്ടയം - 686613**

**ഫോൺ - 04829 284424**

(കേരളാ നേഴ്സ് ആൻഡ് മിഡ്വൈഫ്സ് കൗൺസലിന്റെയും ഇന്ത്യൻ നേഴ്സിങ് കൗൺസലിന്റെയും അംഗീകാരമുള്ളത്)

## നേഴ്സിംങ് അഡ്മിഷൻ

ജനറൽ നേഴ്സിംങ് മിഡ് വൈഫറി കോഴ്സിലേക്ക് (3 വർഷത്തെ) അപേക്ഷകൾ ക്ഷണിക്കുന്നു.

യോഗ്യത - ഏതെങ്കിലും വിഷയത്തിൽ 40 % മാർക്കോടുകൂടി +2 അല്ലെങ്കിൽ തത്തുല്യ യോഗ്യത.

പ്രായം 17 നും 35 നും മദ്ധ്യ.

അപേക്ഷാഫോറവും പ്രോസ്പെക്ടസും www.hgmhospital.org എന്ന വെബ്സൈറ്റിൽനിന്നു ഡൗൺലോഡ് ചെയ്ത് പുരിപ്പിച്ചതിനുശേഷം principalholyghost@yahoo.com എന്ന E-mail - ലേക്കോ, 9497222620 എന്ന whatsaap നമ്പറിലേക്കോ ആഗസ്റ്റ് 31 നു മുൻപായി അയയ്ക്കേണ്ടതാണ്. അല്ലെങ്കിൽ 200 രൂപ ക്യാഷായോ 250 രൂപാ മണിയോഡർ ആയോ അടച്ച് പ്രിൻസിപ്പാൾ ഓഫീസിൽനിന്നു ജൂലൈ 27 നും ആഗസ്റ്റ് 31 നും ഇടയിൽ കൈപ്പറ്റാവുന്നമാണ്.

SC/ST വിഭാഗക്കാർക്ക് ഗവൺമെന്റിൽനിന്ന് ഗ്രാന്റ് ലഭിക്കുന്നതാണ്.

**ഫാ. അലക്സ് പണ്ടാരകാപ്പിൽ**

(ഡയറക്ടർ, H.G.M. ഹോസ്പിറ്റൽ സ്കൂൾ ഓഫ് നഴ്സിംഗ്)

# മേരി ഗ്ലോവ്റി - ലിലിയൻ ബ്രക്ക്ൽമാൻസ് ഡിസബിലിറ്റി അവാർഡ് - 2020

കാത്തലിക്ക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇൻഡ്യ (CHAI) ദേശീയതലത്തിൽ ഭിന്നശേഷി ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്ന ബഹു. വൈദികർ, സിസ്റ്റേഴ്സ്, വ്യക്തികൾ, സന്നദ്ധ സംഘടനങ്ങൾ/സ്ഥാപനങ്ങൾ എന്നിവർക്ക് 2020 ൽ ഏർപ്പെടുത്തിയിരിക്കുന്ന അവാർഡിന് പാലാ സോഷ്യൽ വെൽഫയർ സൊസൈറ്റി നോമിനേഷനുകൾ ക്ഷണിക്കുന്നു.

**മാനദണ്ഡങ്ങൾ :**

**വ്യക്തിഗത അവാർഡ്**

1. ഭിന്നശേഷി ക്ഷേമപ്രവർത്തനങ്ങളിൽ മൂന്നു വർഷമോ അതിൽ കൂടുതലോ ഉള്ള പ്രവൃത്തിപരിചയം.
2. ഭിന്നശേഷിയുള്ളവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനു സമൂഹത്തിൽ വരുത്തിയ മാറ്റങ്ങൾ.
3. ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് സമൂഹത്തിൽ നടത്തിയ ഇടപ്പെടലുകൾ.
4. സാമൂഹിക ഇടപ്പെടലുകളിൽ പ്രദർശിപ്പിച്ച നേതൃത്വപാടവും ഉദാത്തമാതൃകയും.

**മാനദണ്ഡങ്ങൾ :**

**സന്നദ്ധസംഘടനകൾ / സ്ഥാപനങ്ങൾ**

1. ഭിന്നശേഷി ക്ഷേമപ്രവർത്തനങ്ങളിൽ അഞ്ചു വർഷമോ അതിൽ കൂടുതലോ ഉള്ള പ്രവൃത്തിപരിചയം
2. സാമൂഹികാധിഷ്ഠിത പുന:രധിവാസത്തിൽ നൂതന / മാതൃകാപരമായ സമീപനങ്ങൾ
3. ഭിന്നശേഷിയുള്ളവരുടെ ജീവിതത്തിലും പൊതുസമൂഹത്തിലും സംഘടന/സ്ഥാപനത്തിന്റെ ഇടപെടലുകളിലൂടെ കൈവന്ന പ്രകടമായ മാറ്റങ്ങൾ.

നോമിനേഷനുകൾ നൽകാൻ താത്പര്യപ്പെടുന്ന വ്യക്തികൾ, സംഘടനകൾ / സ്ഥാപനങ്ങൾ തങ്ങളുടെ നൂതനമായ/ മാതൃകാപരമായ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട്

ആഗസ്റ്റ് മാസം 7, വൈകിട്ട് 4– ന് മുൻപ് പാലാ ഷാലോമിൽ പ്രവർത്തിക്കുന്ന പാലാ സോഷ്യൽ വെൽഫയർ സൊസൈറ്റി ഓഫീസിൽ എത്തിക്കേണ്ടതാണ്.

പ്രവർത്തനറിപ്പോർട്ടിൽ ഭിന്നശേഷിയുള്ളവരുടെ സമഗ്ര വികാസത്തിനും സാമൂഹികാധിഷ്ഠിത പുനരധിവാസത്തിനും നൽകിയ സംഭാവനകൾ എടുത്തുപറയേണ്ടതാണ്.

അവാർഡിന് അർഹരാകുന്ന വ്യക്തികൾക്ക് Rs.1,00,000 (ഒരു ലക്ഷം രൂപ)യും സംഘടനകൾക്ക്/സ്ഥാപനങ്ങൾക്ക് Rs.2,00,000 (രണ്ടു ലക്ഷം രൂപ) യും പാരിതോഷികം ലഭിക്കുന്നതാണ്.

| |
|---|
| വിശദവിവരങ്ങൾക്കു വിളിക്കുക - 9447143305. |

**ഫാ. തോമസ് കിഴക്കേൽ**

ഡയറക്ടർ, പാലാ സോഷ്യൽ വെൽഫയർ സൊസൈറ്റി.

# CORPORATE EDUCATIONAL AGENCY, DIOCESE OF PALAI

## PLUS TWO RESULTS 2020

| | Groups | | Science | | | | Humanities | | | | Commerce | | | | Full A+ | Total | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Rank No. | School | Name | Pass | Fail | Total | Pass % | Pass | Fail | Total | Pass % | Pass | Fail | Total | Pass % | | Total | Fail | Pass | Pass % |
| 1 | Cherpunkal | Holy Cross HSS | 172 | 0 | 172 | 100.0 | | | | | 57 | 0 | 57 | 100 | 39 | 229 | 0 | 229 | **100.00** |
| 2 | Kadanad | St.Sebastian's HSS | 112 | 0 | 112 | 100.0 | 55 | 0 | 55 | 100 | 55 | 0 | 55 | 100 | 18 | 222 | 0 | 222 | **100.00** |
| 3 | Kuravilangad | St.Mary's HSS | 117 | 0 | 117 | 100.0 | 56 | 1 | 57 | 98 | | | | | 29 | 174 | 1 | 173 | **99.43** |
| 4 | Elanji | St.Peter's HSS | 109 | 1 | 110 | 99.1 | | | | | 50 | 0 | 50 | 100 | 26 | 160 | 1 | 159 | **99.38** |
| 5 | Plassanal | St.Antony's HSS | 94 | 0 | 94 | 100.0 | 54 | 1 | 55 | 98 | | | | | 21 | 149 | 1 | 148 | **99.33** |
| 6 | Bharananganam | St.Mary's HSS | 113 | 1 | 114 | 99.1 | 56 | 0 | 56 | 100 | 55 | 1 | 56 | 98 | 39 | 226 | 2 | 224 | **99.12** |
| 7 | Vilakkumadam | St. Joseph's HSS | 55 | 0 | 55 | 100.0 | | | | | 52 | 1 | 53 | 98 | 13 | 108 | 1 | 107 | **99.07** |
| 8 | Pala | St.Mary's GHSS | 107 | 0 | 107 | 100.0 | 56 | 2 | 58 | 97 | | | | | 34 | 165 | 2 | 163 | **98.79** |
| 9 | Valiyakumaramagalam | St. Paul's HSS | 50 | 0 | 50 | 100.0 | | | | | 55 | 2 | 57 | 96 | 5 | 107 | 2 | 105 | **98.13** |
| 10 | Arakulam | St.Mary's HSS | 108 | 1 | 109 | 99.1 | 49 | 3 | 52 | 94 | 56 | 1 | 57 | 98 | 12 | 218 | 5 | 213 | **97.71** |
| 11 | Kothanalloor | Emmanuel's HSS | 115 | 2 | 117 | 98.3 | | | | | 55 | 2 | 57 | 96 | 27 | 174 | 4 | 170 | **97.70** |
| 12 | Pala | St.Thomas HSS | 96 | 3 | 99 | 97.0 | 53 | 1 | 54 | 98 | | | | | 1 | 153 | 4 | 149 | **97.39** |
| 13 | Pravithanam | St. Michaels HSS | 53 | 1 | 54 | 98.1 | | | | | 57 | 2 | 59 | 97 | 10 | 113 | 3 | 110 | **97.35** |
| 14 | Ramapuram | St.Augustine's HSS | 109 | 0 | 109 | 100.0 | 46 | 4 | 50 | 92 | 48 | 3 | 51 | 94 | 22 | 210 | 7 | 203 | **96.67** |
| 15 | Aruvithura | St.George HSS | 106 | 4 | 110 | 96.4 | | | | | 50 | 2 | 52 | 96 | 11 | 162 | 6 | 156 | **96.30** |
| 16 | Kozhuvanal | St.John's NHSS | 106 | 2 | 108 | 98.1 | 52 | 5 | 57 | 91 | | | | | 7 | 165 | 7 | 158 | **95.76** |
| 17 | Teekoy | St.Mary's HSS | 95 | 2 | 97 | 97.9 | | | | | 49 | 9 | 58 | 84 | 11 | 155 | 11 | 144 | **92.90** |
| | | | **Computer Application** | | | | **M.L.T** | | | | | | | | | | | | |
| 18 | Kuruppanthara | St. Xavier's VHSS | 18 | 2 | 20 | 90 | 27 | 2 | 29 | 93.1 | | | | | 0 | 49 | 4 | 45 | 91.84 |

| Corporate Educational Agency, Diocese of Palai | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| SSLC RESULTS | | March. 2019 | | | | March. 2020 | | | | Remarks |
| Sl. No. | Name of School | Roll | Pass | % | Full A+ | Roll | Pass | % | Full A+ | |
| 1 | Pala St.Mary's GHSS | 244 | 244 | 100.00 | 28 | 239 | 239 | 100.00 | 51 | 4th Time 100% |
| 2 | Cherpunkal Holy Cross HSS | 194 | 194 | 100.00 | 24 | 188 | 188 | 100.00 | 18 | 3rd Time 100% |
| 3 | KuravilangadSt.Mary's GHS | 156 | 156 | 100.00 | 29 | 164 | 164 | 100.00 | 31 | 10th Time 100% |
| 4 | ArakulamSt.Mary's HSS | 213 | 212 | 99.53 | 18 | 164 | 164 | 100.00 | 12 | |
| 5 | MuttuchiraSt.Agnes HS | 149 | 149 | 100.00 | 22 | 156 | 156 | 100.00 | 33 | 3rd Time 100% |
| 6 | KothanalloorEmmanuels HSS | 148 | 148 | 100.00 | 19 | 122 | 122 | 100.00 | 11 | 5th Time 100% |
| 7 | Ramapuram SH GHS | 101 | 101 | 100.00 | 16 | 119 | 119 | 100.00 | 23 | 2nd Time 100% |
| 8 | Chemmalamattom Little Flower HS | 137 | 137 | 100.00 | 13 | 117 | 117 | 100.00 | 5 | 4th Time 100% |
| 9 | TeekoySt.Mary's HSS | 115 | 115 | 100.00 | 6 | 110 | 110 | 100.00 | 17 | 2nd Time 100% |
| 10 | Vadakara Little Flower HS | 97 | 97 | 100.00 | 17 | 107 | 107 | 100.00 | 28 | 4th Time 100% |
| 11 | BharananganamSt.Mary's HSS | 100 | 100 | 100.00 | 6 | 107 | 107 | 100.00 | 3 | 2nd Time 100% |
| 12 | ThudanganadSt.Thomas HS | 83 | 83 | 100.00 | 4 | 104 | 104 | 100.00 | 17 | 6th Time 100% |
| 13 | KadanadSt.Sebastians HSS | 111 | 111 | 100.00 | 11 | 104 | 104 | 100.00 | 16 | 8th Time 100% |
| 14 | PlassanalSt.Antony's HSS | 96 | 96 | 100.00 | 8 | 104 | 104 | 100.00 | 9 | 6th Time 100% |
| 15 | KuravilangadSt.Mary's HSS | 102 | 101 | 99.02 | 9 | 102 | 102 | 100.00 | 4 | |
| 16 | ValiyakumaramangalamSt. Paul's HS | 99 | 99 | 100.00 | 5 | 97 | 97 | 100.00 | 9 | 2nd Time 100% |
| 17 | ElanjiSt.Peter's HSS | 82 | 82 | 100.00 | 1 | 92 | 92 | 100.00 | 9 | 3rd Time 100% |
| 18 | KoottickalSt.George HS | 78 | 77 | 98.72 | 3 | 86 | 86 | 100.00 | 13 | |
| 19 | KurumannuSt.John's HS | 97 | 97 | 100.00 | 5 | 77 | 77 | 100.00 | 8 | 2nd Time 100% |
| 20 | KozhuvanalSt.Johns NHSS | 75 | 75 | 100.00 | 14 | 72 | 72 | 100.00 | 17 | 6th Time 100% |
| 21 | MarangattupallySt.Thomas HS | 68 | 68 | 100.00 | 10 | 69 | 69 | 100.00 | 8 | 2nd Time 100% |
| 22 | Muttuchira Holy Ghost BHS | 71 | 71 | 100.00 | 7 | 67 | 67 | 100.00 | 8 | 13th Time 100% |
| 23 | KuruppantharaSt.Xaviers VHSS | 52 | 52 | 100.00 | 5 | 63 | 63 | 100.00 | 13 | 7th Time 100% |
| 24 | MutholapuramSt.Paul's HS | 54 | 54 | 100.00 | 8 | 61 | 61 | 100.00 | 11 | 8th Time 100% |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 25 | MutholySt.Joseph's GHS | 50 | 50 | 100.00 | 4 | 59 | 59 | 100.00 | 7 | 6th Time 100% |
| 26 | ManalumkalSt.Aloysious HS | 46 | 44 | 95.65 | 2 | 59 | 59 | 100.00 | 4 | |
| 27 | PravithanamSt.Michael's HS | 65 | 65 | 100.00 | 1 | 58 | 58 | 100.00 | 8 | 9th Time 100% |
| 28 | AruvithuraSt.George HSS | 57 | 56 | 98.25 | 1 | 58 | 58 | 100.00 | | |
| 29 | VakakkadAlphonsa GHS | 58 | 58 | 100.00 | 12 | 54 | 54 | 100.00 | 16 | 6th Time 100% |
| 30 | ManathoorSt.Joseph's HS | 75 | 75 | 100.00 | 4 | 54 | 54 | 100.00 | 3 | 12th Time 100% |
| 31 | Kanjiramattom Little Flower HS | 67 | 67 | 100.00 | 8 | 52 | 52 | 100.00 | 9 | 10th Time 100% |
| 32 | ChennadSt.MariaGorettis HS | 51 | 51 | 100.00 | 4 | 51 | 51 | 100.00 | 12 | 2nd Time 100% |
| 33 | PeringulamSt.Augustines HS | 52 | 52 | 100.00 | 4 | 51 | 51 | 100.00 | 3 | 13th Time 100% |
| 34 | KanjirathanamSt.Johns HS | 26 | 26 | 100.00 | 3 | 25 | 25 | 100.00 | | 10th Time 100% |
| 35 | KudakkachiraSt.Josephs HS | 41 | 41 | 100.00 | 3 | 20 | 20 | 100.00 | | 4th Time 100% |
| 36 | KadaplamattomSt.Antony's HS | 18 | 18 | 100.00 | 1 | 19 | 19 | 100.00 | | 7th Time 100% |
| 37 | RamapuramSt.Augustine's HSS | 110 | 110 | 100.00 | 13 | 119 | 118 | 99.16 | 17 | |
| 38 | VilakkumadomSt.Joseph's HS | 143 | 143 | 100.00 | 20 | 103 | 102 | 99.03 | 14 | |
| 39 | MattakaraSt.Joseph's HS | 65 | 61 | 93.85 | 4 | 65 | 64 | 98.46 | 7 | |
| 40 | VellikulamSt.Antony's HS | 61 | 57 | 93.44 | 3 | 52 | 51 | 98.08 | 5 | |
| 41 | Pala St.Thomas BHSS | 146 | 145 | 99.32 | 8 | 145 | 142 | 97.93 | 22 | |

**ഫാ. ബർക്കുമാൻസ് കുന്നുംപുറം**
(കോർപ്പറേറ്റ്, സെക്രട്ടറി)




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**ശനിയാഴ്ചകളിലെ രാത്രി ആരാധന**

പാലാരൂപതാ ഇവാഞ്ചലൈസേഷൻ ടീമിന്റെ ആഭിമുഖ്യത്തിൽ ശനിയാഴ്ചകളിൽ രാത്രി ആരാധന നടത്തി. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ബിനോ വാഴചാലിൽ വി.സി., ഫാ. ഉല്ലാസ് വട്ടംതൊട്ടിയിൽ വി.സി., എന്നിവർ വി. കുർബാനയർപ്പിച്ച് വചനം പങ്കുവച്ചു.

**36 ദിവസത്തെ തിരുനാൾ ഒരുക്ക ആരാധന**

വി. അൽഫോൻസാമ്മയുടെ തിരുനാളിനൊരുക്കമായിട്ടുള്ള 36 ദിവസത്തെ വി. അൽഫോൻസാ സൂക്തങ്ങളെ പരിചിന്തനം ചെയ്തുകൊണ്ടുള്ള ആരാധന ജൂലൈ 18 ന് സമാപിച്ചു. ജൂൺ 13 ന് ആരംഭിച്ച ആരാധന ഫാ. മാർട്ടിൻ കല്ലറയ്ക്കലാണ് നടത്തിയത്.

**വി. അൽഫോൻസാമ്മയുടെ തിരുനാൾ**

ജൂലൈ 19 മുതൽ 28 വരെ അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു. ജനപങ്കാളിത്തം കൂടാതെ തിരുക്കർമ്മങ്ങൾ തൽസമയം സംപ്രേക്ഷണം ചെയ്ത് വിശ്വാസികളിലെത്തിച്ചു. കബറിടം സന്ദർശിച്ചുപോകുവാനുള്ള മുൻകരുതലുകൾ ചെയ്തു. 19-ന് രാവിലെ 10.45-ന് പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ സാമുവൽ മാർ ഐറിനിയോസ് തിരുനാൾ കൊടിയുയർത്തി സന്ദേശം നൽകി. തുടർന്ന് പാലാരൂപതാ സിഞ്ചല്ലൂസ് ഫാ. ജോസഫ് മലേപ്പറമ്പിൽ ആഘോഷമായ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. രാവിലെ 05.30, 07.30, 11.00, ഉച്ചകഴിഞ്ഞ് 03:00, 06:00 എന്നീ സമയങ്ങളിലും വി. കുർബാന ഉണ്ടായിരുന്നു. 19-ന് വൈകുന്നേരം 6-ന് റവ.ഫാ. സെബിൻ കുന്നപ്പള്ളിൽ വി.സി. വി. കുർബാനയർപ്പിക്കുകയും ഡി.എസ്.റ്റി, ഭരണങ്ങാനം മഠത്തിലെ സിസ്റ്റേഴ്സ് ആരാധനയും ജപമാലയും നടത്തുകയും ചെയ്തു.

20/7/2020 ന് പാലാരൂപതാ ചാൻസിലർ ഫാ. ജോസ് കാക്കല്ലിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം ഫാ. ജോസ് തടിക്കൽ സി.എസ്.റ്റി വി. കുർബാനയർപ്പിച്ച് വചനം പങ്കുവച്ചു. വടവാതൂർ സെമിനാരി യിലെ ശെമ്മാശ്ശന്മാർ ആരാധന നടത്തി.

21/7/2020 രാവിലെ 11-ന് പാലാ രൂപതാ കോർപ്പറേറ്റ് സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം വി. കുർബാനയർപ്പിച്ച് പ്രസംഗിച്ചു. വൈകു ന്നേരത്തെ വിശുദ്ധകുർബാനയും ആരാധനയും നടത്തിയത് ഫാ. ജോസ് മട ത്തിക്കുന്നേലാണ്.

22/7/2020- രാവിലെ 11 ന് പാലാ രുപതയുടെ മൈനർ സെമിനാരി റെക്ടർ ഫാ. ജോസഫ് മുത്തനാട്ട് വി. കുർബാന അർപ്പിച്ചു. വൈകുന്നേരം മല്ലികശ്ശേരി അഡോണാ സെമിനാരിയിലെ ഫാ. അനീഷ് കൂവള്ളൂർ വി. കുർബാനയും ഡീക്കൻ ആരാധനയും നടത്തി.

23/7/2020 രാവിലെ 11 മണിക്ക് റവ. ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ (ഡയറക്ടർ, മതബോധന കേന്ദ്രം പാലാ) വി. കുർബാനയർപ്പിച്ചു. വൈകുന്നേരം 6 ന് പാലാ കെ.സി.വൈ.എം. ഡയറക്ടർ ഫാ. തോമസ് തയ്യിൽ വി. കുർബാ നയും ആരാധനയും നടത്തി.

24/7/2020 11-ന് എം.എസ്.റ്റി. ഡയറക്ടർ ജനറൽ ഫാ. ആന്റണി പെരു മാനൂർ ആഘോഷമായ വി. കുർബാനയർപ്പിച്ചു പ്രസംഗിച്ചു. വൈകുന്നേരം ഭര ണങ്ങാനം അസ്സീസി ആശ്രമം സുപ്പീരിയർ ഫാ. മാത്യു മുളങ്ങാശ്ശേരി വി.കുർബാ നയർപ്പിച്ചു സന്ദേശം നൽകുകയും ആരാധന നയിക്കുകയും ചെയ്തു.

25/7/2020 രാവിലെ 11 മണിക്ക് പാലാരൂപതാ സിഞ്ചെല്ലൂസ് വെരി.റവ ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം 6 മണിക്ക് പാലാരൂപതാ ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ വി. കുർബാനയർപ്പിച്ച് ആരാധന നടത്തി.

26/7/2020 രാവിലെ 11 ന് കുറവിലങ്ങാട് ഫൊറോനാ പള്ളി ആർച്ച് പ്രീസ്റ്റ് ഫാ. അഗസ്റ്റിൻ കൂട്ടിയാനി വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. വൈകു ന്നേരം 6 ന് അരുവിത്തുറ സെന്റ് ജോർജ് കോളേജ് ബർസാർ ഫാ. ജോർജ് പുല്ലുകാലായിൽ വി. കുർബാനയർപ്പിച്ചു. വടവാതൂർ സെമിനാരിയിലെ ശെമ്മാ ശ്ശൻമാർ ആരാധന നടത്തി.

27/7/2020 11ന് പാലാരൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറ ങ്ങാട്ട് ആഘോഷമായ വി. കുർബാന അർപ്പിച്ച് തിരുനാൾ സന്ദേശം നൽകി. വൈകുന്നേരം 6 മണിക്ക് പാലാരൂപതയുടെ പ്രൊക്കുറേറ്റർ ഫാ. ജോസ് നെല്ലി ക്കാത്തെരുവിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഭരണങ്ങാനം അൽഫോൻസാമ്മയുടെ മഠത്തിലെ സിസ്റ്റേഴ്സ് ആരാധന നയിച്ചു.

28/7/2020 11 മണിക്ക് പാലാരൂപതാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ആഘോഷമായ റാസയർപ്പിച്ച് തിരുനാൾ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് മൂന്നിന് തീർത്ഥാടനകേന്ദ്രം റെക്ടർ ഫാ. ജോസ് വള്ളോംപുരയിടത്തിൽ വി.കുർബാനയർപ്പിച്ച് വചനം പങ്കുവച്ചു. 6-ന് ഭരണങ്ങാനം ഫൊറോനാ പള്ളി വികാരി ഫാ. അഗസ്റ്റിൻ തെരുവത്ത് വി. കുർബാനയർപ്പിച്ചു. തുടർന്ന് ഭരണ

ജ്ഞാനം എഫ്.സി.സി. മഠത്തിലെ സിസ്റ്റേഴ്സ് വി. കുർബാനയുടെ ആരാധനയും ജപമാലയും നടത്തി.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. വിശ്വാസപരിശീലനവർഷ ഉദ്ഘാടനം**

2020–2021 വിശ്വാസപരിശീലനവർഷം 2020 ജൂലൈ 3 ദുക്റാനതിരുനാൾ ദിനത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. കുടുംബം എന്ന പ്രഥമ വിശ്വാസപരിശീലനവേദിയുടെ പ്രാധാന്യം Online Catechism ക്ലാസ്സുകൾ നടത്തുന്ന ഈ വർഷം കൂടുതൽ വർദ്ധിച്ചിരിക്കുകയാണെന്ന് അഭിവന്ദ്യ പിതാവ് തന്റെ ഉദ്ഘാടനസന്ദേശത്തിൽ പറയുകയുണ്ടായി. വിശ്വാസപരിശീലനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സംസാരിച്ച അഭിവന്ദ്യ പിതാവ് മാതാപിതാക്കന്മാർ ഇക്കാര്യത്തിൽ കൂടുതൽ കരുതലും ശ്രദ്ധയുമുള്ളവരാകണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു.

**2. Online Catechism ക്ലാസ്സുകൾ**

പുതിയ വിശ്വാസപരിശീലനവർഷം (2020–2021) Online Catechism ക്ലാസ്സുകളുമായി 2020 ജൂലൈ 5 ഞായറാഴ്ച ആരംഭിച്ചു. 1 മുതൽ 3 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി വീഡിയോ ക്ലാസ്സുകളും 4 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി Document Type ക്ലാസ്സുകളുമാണു നൽകുന്നത്. ഓരോ ഞായറാഴ്ചയും വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട് കുട്ടികൾ ചെയ്യേണ്ടതും പഠിക്കേണ്ടതുമായ കാര്യങ്ങളെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലനപദ്ധതിയാണു നടപ്പിലാക്കുന്നത്.

**3. സേ പരീക്ഷാഫലം**

X, XII ക്ലാസ്സുകളിലെ വാർഷികപരീക്ഷയിൽ ആദ്യപരിശ്രമത്തിൽ വിജയിക്കാത്തവർക്കായി 2020 ജൂൺ 20 ന് നടത്തിയ സേ പരീക്ഷയുടെ റിസൾട്ട് 2020 ജൂലൈ 1-ാം തീയതി പ്രസിദ്ധീകരിച്ചു.

**4. പാഠപുസ്തകങ്ങൾ**

Online Catechism ക്ലാസ്സുകൾ ഭംഗിയായി നടക്കുന്നതിന് എല്ലാ കുട്ടികൾക്കും പാഠപുസ്തകം ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ എല്ലാവർക്കും പുസ്തകം ലഭ്യമായിട്ടുണ്ടെന്ന് ഇടവകയിൽ വിശ്വാസപരിശീലനച്ചുമതലയുള്ളവർ ഉറപ്പുവരുത്തേണ്ടതാണ്.

**5. പുതിയ വിശ്വാസപരിശീലന മേഖലാ ഡയറക്ടർമാർ**

താഴെപ്പറയുന്നവരെ വിശ്വാസപരിശീലനത്തിന്റെയും ചെറുപുഷ്പ മിഷൻ ലീഗിന്റെയും തിരുബാലസഖ്യത്തിന്റെയും പുതിയ മേഖലാ ഡയറക്ടർമാരായി അഭിവന്ദ്യ പിതാവ് നിയമിച്ചിരിക്കുന്നു.

1. കുറവിലങ്ങാട് - ഫാ. തോമസ് കൊച്ചോടക്കൽ
2. മുട്ടുചിറ - ഫാ. ജോർജ്ജ് പൊന്നുംവരിക്കയിൽ
3. ചേർപ്പുങ്കൽ - ഫാ. ജോർജ്ജ് ഈറ്റയ്ക്കക്കുന്നേൽ
4. കോതനല്ലൂർ - ഫാ. ജോസഫ് കുറുമുട്ടത്ത്
5. പ്രവിത്താനം - ഫാ. മാത്യു കാടൻകാവിൽ
6. കൂട്ടിക്കൽ - ഫാ. മാത്യു വാഴചാരിക്കൽ

പുതിയ മേഖലാ ഡയറക്ടർമാർക്ക് അഭിനന്ദനങ്ങളും ആശംസകളും.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. കുടുംബക്കൂട്ടായ്മകളും പ്രാർത്ഥനാസമ്മേളനങ്ങളും**

ആനുകാലിക സാഹചര്യങ്ങൾക്കനുസരിച്ച് കൃത്യമായ സുരക്ഷാക്രമീകരണങ്ങളോടു കൂടിത്തന്നെ നമ്മുടെ മിഷൻ ഗ്രാമങ്ങളിൽ കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ പുനരാരംഭിച്ചു. ബഹു. വൈദികരും സിസ്റ്റേഴ്സും ഉപദേശിമാരും നേതൃത്വം കൊടുക്കുന്നു. ആരോഗ്യസുരക്ഷയെ മുൻനിർത്തി ചെറിയ ഗ്രൂപ്പുകളായിത്തിരിച്ച് വിശ്വാസികൾക്കായി കൂടുതൽ സമ്മേളനങ്ങൾ നടത്താൻ പരിശ്രമിക്കുന്നു. വചനപഠനവും പരി. കുർബാനയെക്കുറിച്ചുള്ള പഠനവും ഈ സമ്മേളനങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

**2. കൃഷിയിലൂടെ**

മഴക്കാലമാണ്. കൃഷിയിറക്കുന്ന കാലമാണ്. പാലാ മിഷന്റെ ഗൊല്ലപ്പള്ളി കേന്ദ്രത്തിലെ അഞ്ച് ഏക്കർ പാടത്ത് നെൽക്കൃഷിയിറക്കി. ഗൊല്ലപ്പള്ളിയിലെ വിശ്വാസികൾ ബഹു. ആന്റണി ജോർജ് വാഴയിൽ അച്ചന്റെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി നിശ്ചിതസമയത്തുതന്നെ 'ഞാറു നടീൽ' പൂർത്തിയാക്കി. മൈലാരം LAR മഠത്തിലെയും ഗൊല്ലപ്പള്ളി സി.എം.സി. മഠത്തിലെയും വന്ദ്യ സഹോദരിമാരും സഹായവും സഹകരണവുമായി കൂടെയെത്തി.

**3. മാമ്മോദീസായ്ക്കും ദിവ്യകാരുണ്യസ്വീകരണത്തിനും ഒരുങ്ങുന്നു.**

മന്നഗുഡം, ഗൊല്ലപ്പിള്ളി മിഷനുകളിൽ കുട്ടികളും മുതിർന്നവരുമായി ഒരുകൂട്ടം വിശ്വാസികൾ മാമ്മോദീസാവഴിയായി ഈശോയെ സ്വീകരിക്കാനും ദിവ്യകാരുണ്യസ്വീകരണംവഴി ഈശോയെ ഉൾക്കൊള്ളാനും ഒരുങ്ങുന്നു. ബഹു. വൈദികരും സിസ്റ്റേഴ്സും അവരെ ഒരുങ്ങുവാൻ സഹായിക്കുന്നു. കർത്താവിന്റെ സഭയിൽ ചേർന്ന് അവിടുത്തെ അനുഭവിക്കാൻ ഒരുങ്ങുന്ന കുട്ടികൾക്കും യുവാക്കൾക്കും മുതിർന്നവർക്കും അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

**4. ഭവനനിർമ്മാണസഹായം**

മന്നഗുടം, നെന്നൽ, കൊത്തഗുടം ഗ്രാമങ്ങളിൽ ഓരോ കുടുംബത്തിനു ഭവനനിർമ്മാണത്തിനു സഹായം നൽകി. വാസയോഗ്യമായ ഭവനമില്ലാതിരുന്നതിനാൽ അവരെ സഹായിക്കേണ്ടത് നമ്മുടെ കടമായായിരുന്നു. മൂന്നു ഭവനങ്ങളും പൂർത്തിയായി ആശീർവാദകർമ്മവും നടന്നു.

**5. നാശനഷ്ടം വരുത്തിയ കൊടുങ്കാറ്റും പേമാരിയും**

മേയ് 29-ാം തീയതി രാത്രിയിൽ വീശിയടിച്ച കൊടുങ്കാറ്റും പേമാരിയും നെന്നല ഹോസ്റ്റൽ കെട്ടിടത്തിനും കൊത്തഗുഡം മഠത്തിനും സാരമായ കേടുപാടുകൾ വരുത്തി. നെന്നലയിലെ ഹോസ്റ്റൽ കെട്ടിടത്തിന്റെ മുകളിലത്തെ രൂപക്കൂട് ഏകദേശം പൂർണ്ണമായി തകരുകയും വി. മദർ തെരേസായുടെ രൂപം നിലംപതിക്കുകയും ചെയ്തു. ഹോസ്റ്റൽ ടോയ്‌ലറ്റുകളുടെ ഷെഡ് തകർന്നു. മുറ്റത്തെ വൃക്ഷങ്ങൾ കടപുഴകി. മീത്തിന്റെ പകുതിഭാഗത്തോളം മേൽക്കൂര കാറ്റ് പറത്തിക്കൊണ്ടുപോയി. കൂളർ, കസേരകൾ, ഫാനുകൾ, മേശ, ഇലക്ട്രിക് ഉപകരണങ്ങൾ എല്ലാറ്റിനും നാശം സംഭവിച്ചു. അഭിവന്ദ്യ പിതാവും പ്രൊക്യുറേറ്ററും സ്ഥലം സന്ദർശിക്കുകയും നാശനഷ്ടങ്ങൾ വിലയിരുത്തുകയും ചെയ്തു.

**6. വചനപഠനം ഉച്ചാരണമത്സരത്തിലൂടെ**

കൊറോണക്കാലത്ത് കൊറോണാനിയമങ്ങൾ അനുസരിച്ചു കൊണ്ടുതന്നെ തിരുവചനപഠനത്തിനു പുതിയ വഴിതേടുകയാണ് മന്നഗുടം ഇടവക. സുപ്പീരിയർ സി. ജാൻസി LAR ന്റെയും സി. റെജീനാ LAR ന്റെയും നേതൃത്വത്തിൽ ഇടവകജനങ്ങളെ ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ വിഭാഗങ്ങളായി തിരിച്ച് തിരുവചന ഉച്ചാരണമത്സരം നടത്തുകയുണ്ടായി. തിരുവചനം വായിച്ചുപഠിച്ച് ഒരുങ്ങിയാണ് ഇടവകജനങ്ങൾ മത്സരത്തിൽ പങ്കെടുത്തത്. ഓരോ വിഭാഗത്തിലും വിജയികൾക്ക് ഒന്ന്, രണ്ട്, മൂന്ന് സമ്മാന ങ്ങളും നൽകപ്പെടും. തുടർന്നും ഈ തിരുവചനോച്ചാരണമത്സരങ്ങളിലൂടെ ജനങ്ങളെ വചനം പഠിപ്പിക്കാൻ ഒരുങ്ങുകയാണ് ഇവർ. തികച്ചും അനുകരണീയ മായ ഒരു സുവിശേഷവൽക്കരണ പ്രവർത്തനമാണിത്.

**ഫാ. ജോർജ് കാരാംവേലിൽ** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

1. ദുക്റാന തിരുനാൾ ആചരണം

അഹമ്മദാബാദ് ഗുജറാത്ത് റീജണൽ സെന്ററിൽ ഇപ്പോഴത്തെ പരിമിതമായ സാഹചര്യത്തിൽ ജൂൺ 30, ജൂലൈ 1, 2 തീയതികളിൽ വൈകുന്നേരങ്ങളിൽ പരി. കുർബാനയും നൊവേനയും ജൂലൈ 3-ന് ആഘോഷമായ തിരുനാൾ കുർബാനയും പ്രദക്ഷിണവും നടത്തപ്പെട്ടു. റീജണിലെ എല്ലാ ഇടവകകളും ദുക്റാന തിരുനാൾ ആചരിച്ചു.

**2. മാർ വാലാഹ് : യുവജന സെമിനാർ**

ജൂലൈ 5 ഞാറാഴ്ച വൈകിട്ട് 6:30 ന് യുവജനങ്ങളെ മാർത്തോമ്മാ നസ്രാണി പാരമ്പര്യത്തെക്കുറിച്ച് ബോധവാന്മാരും ബോധവതികളുമാക്കുക എന്ന ലക്ഷ്യത്തോടെ zoom meeting വഴി യുവജന സെമിനാർ നടത്തപ്പെട്ടു. റീജണിലെ ഭൂരിഭാഗം യുവജനങ്ങളും അതിൽ പങ്കുചേർന്നു.

**3. വൈദികരുടെ മാസധ്യാനം**

ജൂലൈ 4 ശനിയാഴ്ച വൈകുന്നേരം 6:30 ന് വൈദികരുടെ മാസധ്യാനം zoom meeting വഴി നടത്തപ്പെട്ടു. ബിഷപ്പ് മാർ റാഫേൽ തട്ടിൽ ധ്യാനചിന്തകൾ വൈദികരുമായി പങ്കുവച്ചു. തുടർന്ന് രൂപതയിലെ വിവിധ റീജണൽ മിഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ അതാത് റീജണിന്റെ ചാർജ്ജുള്ള വൈദികർ പങ്കുവച്ചു. യോഗം പ്രവർത്തനങ്ങൾ വിലയിരുത്തുകയും അനുയോജ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

**4. സൺഡേ സ്കൂൾ ഹെഡ്മാസ്റ്റേഴ്സ് മീറ്റിംഗ്**

ജൂലൈ 19 ഞായർ വൈകുന്നരം 5 മണിക്ക് zoom meeting വഴി സൺഡേ സ്കൂൾ ഹെഡ് മാസ്റ്റേർമാരുടെ മീറ്റിംഗ് നടത്തപ്പെട്ടു. നിലവിലെ സാഹചര്യത്തിൽ വിശ്വാസപരിശീലനക്ലാസുകളുടെ സുഗമമായ നടത്തിപ്പിനു വേണ്ട കാര്യങ്ങൾ ചർച്ച ചെയ്തു.

**ബഹു. ജോസഫ് കൊല്ലംപറമ്പിലച്ചൻ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**ജൂലൈ 2020 പ്രവർത്തനവർഷ ഉദ്ഘാടനം**

ഈ വർഷത്തെ ചെറുപുഷ്പ മിഷൻലീഗ് രൂപതാതല പ്രവർത്തനോദ്ഘാടനം 2020 ജൂലൈ 12 ഞായറാഴ്ച ഷാലാം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം നിർവ്വഹിച്ചു. രാവിലെ രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിലിന്റെ കാർമികത്വത്തിൽ വി. കുർബാനയർപ്പിച്ചു. തുടർന്നുനടന്ന ഉദ്ഘാടന സമ്മേളനത്തിൽ പ്രവർത്തനവർഷത്തെ മാർഗരേഖ രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ വയലിലിനു നൽകി പ്രകാശനം ചെയ്തു. ദേശീയ പ്രസിഡന്റ് ബിനോയി പള്ളിപ്പറമ്പിൽ, രൂപതാ വൈസ് പ്രസിഡന്റ് എബി പാലത്തിങ്കൽചാലിൽ, രൂപതാ സെകട്ടറി മനു ചെറുകാട്ടിൽ, ജനറൽ ഓർഗനൈസർ ജോബി ആലയ്ക്കാപ്പറമ്പിൽ, ബെന്നി മുത്തനാട്ട്, സോബിച്ചൻ ചൊവ്വാറ്റുകുന്നൽ തുടങ്ങിയവർ നേതൃത്വം നൽകി. കോവിഡ് 19-ന്റെ പശ്ചാത്തലത്തിലുള്ള മാർഗ്ഗനിർദേശങ്ങൾ പൂർണമായും പാലിച്ചുകൊണ്ടായിരുന്നു ഉദ്ഘാടനം.

**പഠനവിഷയം**

'മിഷനെ അറിയാം, മിഷനറിയാകാം! മിഷൻലീഗിലൂടെ!' എന്നതാണ് സംഘടനയുടെ ഈ വർഷത്തെ പഠനവിഷയം. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ഭാരവാഹികളുടെ കാലാവധി**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയിലെ മേഖല, ശാഖ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്താൻ കഴിയാത്ത സാഹചര്യത്തിൽ നിലവിലുള്ള എല്ലാ ഭാരവാഹികളും രൂപതാകേന്ദ്രത്തിൽനിന്ന് ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ തൽസ്ഥാനങ്ങളിൽ തുടരേണ്ടതാണ്.

**കുഞ്ഞുമിഷനറി മാസിക**

കോവിഡ് 13-ന്റെ പശ്ചാത്തലത്തിലുള്ള നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ കുഞ്ഞുമിഷനറി മാസിക വായനക്കാരുടെ കൈകളിലെത്തിക്കുന്നതിന് ഏറെ പരിമിതികളുണ്ട്. അതിനാൽ ജൂലൈ ലക്കം കുഞ്ഞുമിഷനറി മാസിക PDF രൂപത്തിൽ വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ് ഗ്രൂപ്പുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. അനുകൂലസാഹചര്യം ഉണ്ടാകുന്നതുവരെ തുടർന്നുള്ള ലക്കങ്ങളും ഇത്തരത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഇത് എല്ലാ കുട്ടികളിലേക്കും എത്തിച്ചു വായിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

**സഹനജ്യോതിസ്**

ചെറുപുഷ്പ മിഷൻലീഗിന്റെ ഉപമധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാളിനൊരുക്കമായി വിശുദ്ധയുടെ സൂക്തങ്ങളും കുഞ്ഞുമിഷനറിമാർ ചെയ്യേണ്ട പ്രവർത്തനങ്ങളും കോർത്തിണക്കിക്കൊണ്ട് 'സഹനജ്യോതിസ് എന്ന പേരിൽ ഒരു മാർഗരേഖ ജൂലൈ 19 മുതൽ 28 വരെ തീയതികളിൽ വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ അംഗങ്ങൾക്കു നൽകി.

**സംഘടനാപ്രവർത്തനങ്ങൾ**

സാധാരണ നിലയിലുള്ള വിശ്വാസപരിശീലനക്ലാസുകൾ ആരംഭിക്കുന്നതുവരെ മിഷൻലീഗ് പ്രവർത്തനങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗിച്ചു മുന്നോട്ടു കൊണ്ടുപോകാൻ നാം പരിശ്രമിക്കുകയാണ്. സാഹചര്യങ്ങൾ അനുകൂലമാകുന്ന തുവരെ രൂപതാതലത്തിൽ കൂടുതൽ ആളുകളെ സംഘടിപ്പിച്ചുള്ള സംഗമങ്ങൾ, സമ്മേളനങ്ങൾ, കലോത്സവങ്ങൾ എന്നിവ ഉണ്ടായിരിക്കുകയില്ല.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

## എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. തുർബാ ഗൂഗിൾ മീറ്റ് കോൺഫറൻസ് നടത്തി**

കോവിഡ് 19 പ്രതികൂലസാഹചര്യം കണക്കിലെടുത്ത് ഈ വർഷത്തെ അർദ്ധവാർഷിക സെനറ്റ്, തുർബാ (കൂടിച്ചേരൽ) എന്ന പേരിൽ ഓൺലൈൻ ഗൂഗിൾ മീറ്റ് കോൺഫറൻസുകളായി നടത്തി. ഫൊറോനാതലത്തിൽ നടത്തപ്പെടുന്ന പ്രസ്തുത കോൺഫറൻസുകളിൽ റിപ്പോർട്ട് അവതരണം, കോവിഡ് -19 പ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങളുടെ വിശദമായ ചർച്ചകളും നടന്നു.

ജൂൺ 27-ാം തീയതി കുറവിലങ്ങാട് ഫൊറോന, ജൂൺ 28-ന് മൂലമറ്റം ഫൊറോന, ജൂൺ 29-ന് തുടങ്ങനാട് ഫൊറോന, ജൂലൈ 1-ന് അരുവിത്തുറ ഫൊറോന, ജൂലൈ 11-ന് മുട്ടുചിറ ഫൊറോന, ജൂലൈ 12-ന് ചേർപ്പുങ്കൽ ഫൊറോന എന്നിങ്ങനെ തുർബാ നടത്തപ്പെട്ടു. എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, പ്രസിഡന്റ് ബിബിൻ ബെന്നി ചാമക്കാലായിൽ,

രൂപതാ ഭാരവാഹികൾ, ഫൊറോനാ ഭാരവാഹികൾ, ഓരോ ഫൊറോനയിലെയും യൂണിറ്റ് ഡയറക്ടർമാർ, ആനിമേറ്റർ സിസ്റ്റേഴ്സ്, മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ തുടങ്ങിയവർ കോൺഫറൻസുകളിൽ സംബന്ധിച്ചു.

**2. സഭാദിനാഘോഷവും യാത്രയയപ്പു സമ്മേളനവും**

ജൂലൈ 3-ാം തീയതി നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ആഘോഷിച്ചു. തോമാശ്ലീഹായുടെ നാമധേയം പേറുന്ന എസ്.എം.വൈ.എം. ഡയറക്ടറുടെ നാമഹേതുകത്തിരുനാൾ ആഘോഷവും നടത്തി. സ്തുത്യർഹമായ റീജൻസി കാലത്തിനുശേഷം ദൈവശാസ്ത്രപഠനത്തിൽ പ്രവേശിച്ച ബഹുമാനപ്പെട്ട മാത്യു പനങ്ങാട്ട് ബ്രദറിന് യാത്രയയപ്പു നൽകി. പ്രസ്തുത യോഗത്തിൽ ജോയിന്റ് ഡയറക്ടർ റവ. സി. ജോസ്മിത എസ്.എം.എസ്. 2019, 2020 സമിതികളിലെ എല്ലാ ഭാരവാഹികളും സന്നിഹിതരായിരുന്നു.

**3. പാസ്റ്ററൽ കൗൺസിൽ യോഗം**

ജൂലൈ 10-ാം തീയതി നടന്ന രൂപതാ പാസ്റ്ററൽ കൗൺസിൽ സൂം കോൺഫറൻസിൽ എസ്.എം.വൈ.എം. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ പങ്കെടുത്തു.

**4. പാലാ സമരിറ്റൻ ഫോഴ്സ് രൂപീകൃതമായി**

കോവിഡ് 19 മഹാമാരി കൂടുതൽ വ്യാപിക്കുന്ന പശ്ചാത്തലത്തിൽ പാലാ രൂപതയിലെ വിവിധ സംഘടനകളുടെ സഹകരണത്തോടെ പാലാ സമരിറ്റൻ ഫോഴ്സ് എന്ന പേരിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. 20 വയസ്സിനു മുകളിലും 30 വയസ്സിനു താഴെയുമുള്ള സന്നദ്ധരായ യുവജനങ്ങൾക്കാണ് വോളണ്ടിയർ ആകാൻ അവസരം. സന്നദ്ധരാകുന്നവർക്ക് ഗവൺമെന്റിന്റെ പ്രത്യേക ടീം പരിശീലനം നൽകുന്നതായിരിക്കും. കോവിഡ്-19 മൂലം മരണമടയുന്നവരുടെ മൃതസംസ്കാരകർമ്മങ്ങൾ മുതലായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പ്രത്യേക പരിശീലനം നേടിയ മറ്റൊരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നുണ്ട്.

**5. ടി.വി. വിതരണം ചെയ്തു**

എസ്.എം.വൈ.എം. ഉം ജീസസ് യൂത്തും സംയുക്തമായി ചേർന്ന് ലഭിച്ച വനിതാദിനാഘോഷത്തിന്റെ നീക്കിയിരിപ്പു വിഹിതം ഉപയോഗിച്ച് ഓൺലൈൻ പഠനത്തിന് സൗകര്യാർത്ഥം ഒരു നിർദ്ധനകുടുംബത്തിന് ടി വി നൽകി.

**6. ഫീസ്റ്റും ബെർത്ത്ഡേയും ആഘോഷിച്ചു.**

ജൂലൈ 25-ാം തീയതി യാക്കോബ് നാമധാരിയായ എക്സിക്യൂട്ടീവ് അംഗം കെവിൻ മൂങ്ങാമാക്കലിന്റെ നാമഹേതുകത്തിരുനാൾ വീട്ടിൽ പോയി വൃക്ഷത്തൈ നട്ടു ആഘോഷിച്ചു.

ജൂലൈ 26-ാം തീയതി എസ്.എം.വൈ.എം. രൂപതാ ജനറൽ സെക്രട്ടറി മിജോയിൻ വലിയകാപ്പിലിന്റെ ജന്മദിനം വീട്ടിൽ ചെന്ന് വൃക്ഷത്തൈ നട്ടു ആഘോഷിച്ചു.

## പ്രത്യേകം ശ്രദ്ധിക്കുക

**1. എസ്.എം.വൈ.എം. അംഗങ്ങൾക്ക് ഐ.ഡി. കാർഡ്**

ഈ വർഷത്തെ ഐ.ഡി. കാർഡുകൾ ഓഫീസിൽനിന്ന് വാങ്ങിയെന്ന് ഭാരവാഹികൾ ഉറപ്പാക്കുക. ആവശ്യസമയത്ത് ഐ.ഡി. കാർഡുകൾ രേഖയായി കാണിക്കേണ്ടതാണ്.

**2. എല്ലാ യുവതീയുവാക്കളും സഭയുമായി ബന്ധത്തിലായിരിക്കുവാനുള്ള പരിശ്രമം**

വിദേശത്തുള്ളവർ ഉൾപ്പെടെ 15 മുതൽ 30 വയസ്സുവരെയുള്ള എല്ലാ യുവതീയുവാക്കളുടെയും വിവരങ്ങൾ ശേഖരിക്കുന്നു. ഓരോ ബാച്ചിനുമായി വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചുകഴിഞ്ഞു. സൺഡേ സ്കൂൾ ബാച്ച്വൈസിൽ പേരുവിവരങ്ങൾ ശേഖരിച്ച് കോൺടാക്ട് നമ്പർ സഹിതം രൂപത ഓഫീസിൽ എത്തിക്കാൻ ഭാരവാഹികളെ ഓർമ്മിപ്പിക്കുമല്ലോ. എല്ലാ യുവാക്കളെയും അതാത് ഗ്രൂപ്പുകളിൽ ചേർക്കുന്നത് സഭയുമായി ബന്ധത്തിലായിരിക്കാൻ നല്ലതാണ്.

**3.** ഫൊറോന, ഇടവകതലങ്ങളിൽ ലേ-ആനിമേറ്റേഴ്സിനെ ബഹു. ഡയറക്ടറച്ചന്മാർ നിയമിക്കുക. യുവാക്കൾക്ക് 30 വയസ്സ് കഴിഞ്ഞ ആനിമേറ്ററെയും യുവതികൾക്ക് 30 വയസ്സുകഴിഞ്ഞ ലേഡി ആനിമേറ്ററെയും നിയമിക്കുന്നത് ഉചിതമാണ്. ആനിമേറ്റർ സിസ്റ്റേഴ്സിന്, യുവതികളുടെ ഉത്തരവാദിത്വം കൂടുതലായി നൽകുന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**4. 2020-ലെ ബർത്ത്ഡേ ആഘോഷങ്ങൾ (കർഷകവർഷം)**

ബർത്ത്ഡേ ആഘോഷിക്കുന്ന എസ്.എം.വൈ.എം. അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച് അവരെക്കൊണ്ട് വൃക്ഷത്തൈകൾ നടീക്കണം. കുറഞ്ഞപക്ഷം യൂണിറ്റ് മീറ്റിംഗിൽ വൃക്ഷത്തൈകൾ കൊടുത്തുവിടുകയെങ്കിലും വേണം. കാർഷികസംസ്കാരം വളർത്തുവാനുള്ള കർമ്മപരിപാടിയാണിത്.

**5.** യൂണിറ്റുകളിൽ ആനുകാലികവിഷയങ്ങളെക്കുറിച്ച് ക്ലാസുകൾ എടുക്കാൻ ടീമുകൾ തയാറാണ്.

**6. ഫെയ്ത്ത് ഫോർമേഷൻ ഫോളോഅപ് പ്രോഗ്രാം**

യുവാക്കൾക്ക് വിശ്വാസപരിശീലനത്തുടർച്ച എസ്.എം.വൈ.എം. നടത്തിവരുന്നു. സഭ, ബൈബിൾ, കൂദാശ സംബന്ധമായ സംശയങ്ങൾക്ക് ഉത്തരം, സുറിയാനി ആത്മീയത, ദൈവശാസ്ത്രം, അച്ചടക്കം, ആരാധനക്രമം എന്നിവയാണ് പ്രധാന പ്രമേയങ്ങൾ. 15 വയസ്സു മുതലുള്ള യുവാക്കളെ പ്രോഗ്രാമിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കുമല്ലോ. മുതിർന്നവരും ക്ലാസ്സുകളിൽ പങ്കെടുക്കാൻ വരാറുണ്ട്. രണ്ടാം ശനിയാഴ്ചകളിൽ എസ്.എം.എസ്. ജനറലേറ്റ്, പാലായിലും മൂന്നാം ശനിയാഴ്ചകളിൽ സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോം, ചേർപ്പുങ്കൽ- കുമ്മണ്ണൂരിലും വച്ചാണ് പ്രോഗ്രാം നടക്കുന്നത്. സമയം 2.30 pm -5.00 pm. (ലോക്ഡൗണിനുശേഷം തുടരുന്നതാണ്.)

**7. ബ്ലഡ് ഫോറം**

ബ്ലഡ് ഫോറം പുതുക്കിക്കൊണ്ടിരിക്കുന്നു. യുവാക്കളെ ചേർക്കാൻ പ്രേരിപ്പിക്കുകയും ലിസ്റ്റ് എത്രയും വേഗം രൂപതാ ഓഫീസിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**8. അവയവദാനം**

രൂപതാസമിതി നടത്തിയ അവയവദാനസമ്മതം യൂണിറ്റുകളിലേക്കു വ്യാപിപ്പിക്കാൻ ആഗ്രഹിക്കുന്നു. സന്നദ്ധരായവർ രൂപതാ ഓഫീസുമായി ബന്ധപ്പെടുക

**9. വിവിധ ഫോറങ്ങളുടെ രൂപീകരണം**

കൃഷി, ഉദ്യോഗം, വിവിധ രാജ്യങ്ങളിലുള്ള പ്രവാസം, പൗരാണികത്വം, വിദ്യാഭ്യാസം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ വിവിധ ഫോറങ്ങൾ + വാട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചുകഴിഞ്ഞു. സാധിക്കുന്നതുപോലെ ഇക്കാര്യങ്ങൾ യുവജനങ്ങളെ അറിയിച്ച് ശ്രദ്ധയിൽപ്പെടുത്തുമല്ലോ.

**10. 2020 ഡയറക്ടറി (മിഷൻ ഇയർ കെ.സി.ബി.സി. + കർഷകവർഷം പാലാ രൂപത)**

ഈ വർഷത്തെ കർമ്മരേഖ പ്രസിദ്ധീകരണത്തിന് 90% പൂർത്തിയായിക്കഴിഞ്ഞു. എല്ലാ ഇടവകകളിലും യൂണിറ്റുകൾ രൂപീകരിക്കപ്പെടാൻ ഫൊറോനാസമിതിയും ശ്രദ്ധിക്കണം. യൂണിറ്റ്-ഫൊറോനാ-രൂപതാതല പ്രവർത്തനങ്ങളുടെ വിലയിരുത്തലിനായി രൂപത പ്രസിദ്ധീകരിക്കുന്ന കർമ്മരേഖകളിൽ കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

**11. യൂണിറ്റ്, ഫൊറോന സന്ദർശനങ്ങൾ**

വിവിധ യുവജന-സാമുദായിക-സാമൂഹികവിഷയങ്ങളും പരിഹാരങ്ങളും എന്ന ലക്ഷ്യം മുൻനിർത്തി രൂപതാ ഡയറക്ടർ, ആനിമേറ്റർ സിസ്റ്റേഴ്സ്, ഭാരവാഹികൾ എന്നിവർ വിവിധ ഘടകങ്ങൾ വർഷത്തിലൊരിക്കലെങ്കിലും സന്ദർശിക്കാനും സംവദിക്കാനും ആഗ്രഹിക്കുന്നു. വിവിധ ക്ലാസുകൾ നയിക്കുന്നതിന് റിസോഴ്സ് പേഴ്സൺസ് ലഭ്യമാണ്.

***നടക്കാനിരിക്കുന്നവ***

**എസ്.എം.വൈ.എം. – കെ.സി.വൈ.എം. പാലാ രൂപതാ ടാസ്ക് ഫോഴ്സ് രൂപീകരണം**

കോവിഡ് 19 സമൂഹവ്യാപനം, വെള്ളപ്പൊക്കംപോലുള്ള പ്രകൃതിദുരന്തങ്ങൾ എന്നിവ ഉണ്ടായാൽ സന്നദ്ധപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സേനയെ രൂപീകരിക്കുന്നതിനാണിത്. കെ.സി.ബി.സി. ഹെൽത്ത് കമ്മീഷനും അമല ഹോസ്പിറ്റലും സംയുക്തമായി ചേർന്ന് ടാസ്ക്ഫോഴ്സ് രൂപീകരിക്കുന്നു. 50 വീടുകൾക്ക് ഒരാൾവീതം പേര് രജിസ്റ്റർ ചെയ്യാനായി രൂപതാ എക്സിക്യൂട്ടീവിന്റെ പക്കൽ എത്രയുംവേഗം ലിസ്റ്റ് നല്കുമല്ലോ.

**ഫാ. സിറിൽ തയ്യിൽ** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. മദ്ധ്യസ്ഥപ്രാർത്ഥന**

ജൂലൈ 4-ന് ഇന്റർവെഷൻ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഓൺലൈൻ ജപമാല നടത്തി. പകർച്ചവ്യാധി അവസാനിക്കാൻ ജീസസ് യൂത്ത് അംഗങ്ങൾ പ്രാർത്ഥിച്ചു.

**2. നേതൃത്വ ടീം - അരുവിത്തുറ കോളേജ്**

അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ 10 അംഗ കോർ ടീം ജൂലൈ 5-ന് തിരഞ്ഞെടുക്കപ്പെട്ടു. ആൽഫി സെബാസ്റ്റ്യൻ കോർഡിനേറ്ററായും അഞ്ജന സണ്ണി അസി. കോർഡിനേറ്ററായും തിരഞ്ഞെടുക്കപ്പെട്ടു.

**3. പോൾ കോഴ്സ്**

ജീസസ് യൂത്തിന്റെ ഫോർമേഷൻ പ്രോഗ്രാമായ പോൾ കോഴ്സ് ഓൺലൈനായി ജൂലൈ മാസത്തിൽ നടത്തപ്പെട്ടു.

**4. കിഡ്സ് ടീം**

ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ പുതിയ കിഡ്സ് ടീം രൂപീകൃതമായി. രാജു സെബാസ്റ്റ്യൻ കോർഡിനേറ്ററായും നിഷ മരിയ ജോർജ് അസി. കോർഡിനേറ്ററായും തിരഞ്ഞെടുക്കപ്പെട്ടു.

**5. നേതൃത്വരൂപീകരണം - ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ ഹോളി ക്രോസ് കോളേജിൽ ജീസസ് യൂത്ത് നേതൃത്വ പുനഃസംഘടന ജൂലൈ 9-ന് ഓൺലൈനായി നടന്നു. ബെൻസൺ ബെന്നി കോർഡിനേറ്ററായും ലിബിൻ എബ്രാഹം അസി. കോർഡിനേറ്ററായും തിരഞ്ഞെടുക്കപ്പെട്ടു.

**6. ദിവ്യകാരുണ്യ ആരാധന**

യൂട്യൂബ് വഴിയുള്ള ലൈവ് ദിവ്യകാരുണ്യ ആരാധന ജൂലൈ 11-ന് ജീസസ് യൂത്ത് അംഗങ്ങൾക്കുവേണ്ടി നടത്തപ്പെട്ടു.

**7. നേതൃത്വ പുനഃസംഘടന - സെന്റ് തോമസ് കോളേജ്**

പാലാ സെന്റ് തോമസ് കോളേജിലെ ജീസസ് യൂത്ത് നേതൃത്വ പുനഃസംഘടന ജൂലൈ 11-ന് ഓൺലൈനായി നടന്നു. എട്ടംഗ ടീമിൽ ജിതിൻ കോർഡിനേറ്ററായും ആൽബിൻ അസി. കോർഡിനേറ്ററായും തിരഞ്ഞെടുക്കപ്പെട്ടു.

**8. ടീൻസ് മിനിസ്ട്രി**

ടീൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 12-ന് ഒരു ടീൻസ് ട്രെയിനിംഗ് നടന്നു. ജിന്നു അലന്റ് ക്ലാസ് നയിച്ചു. സെബാസ്റ്റ്യൻ പൈനിക്കുളം, സിബിൻ ചാലിൽ എന്നിവർ നേതൃത്വം നൽകി.

**9. പുതിയ കോർ ടീം - ഉഴവൂർ**

ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിൽ പുതിയ കോർ ടീം അമൽ ഷാജിയുടെയും ഡോൺ ബോസിന്റെയും നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ടു.

**10. ട്രെയിനിംഗ് പ്രോഗ്രാം - രാമപുരം**

രാമപുരം മാർ ആഗസ്തിനോസ് കോളേജിന്റെ നേതൃത്വത്തിൽ ജൂലൈ 12-ന് ജീസസ് യൂത്തിന്റെ ആറ് സ്ഥായീഘടകങ്ങളെപ്പറ്റി ട്രെയിനിംഗ് പ്രോഗ്രാം നടന്നു. നിജോ, ഷാരോൺ എന്നിവർ നേതൃത്വം നല്കി.

**11. ഹൗസ് ഹോൾഡ് സമ്മേളനം - കുറവിലങ്ങാട്**

ജീസസ് യൂത്തിന്റെ ഹൗസ് ഹോൾഡ് സമ്മേളനം കുറവിലങ്ങാട് റീജിയൺ ജൂലൈ 19-ന് നടന്നു. ബിജിഷ് ജോസഫ് നേതൃത്വം നൽകി.

**12. പാരിഷ് മിനിസ്ട്രി**

പാരിഷ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ പുതിയ ആളുകൾക്കുള്ള പരിശീലനപ്രോഗ്രാം ജൂലൈ 19-ന് നടന്നു. മരിയാമോൾ ജോസഫ്, റിജോ എന്നിവർ നേതൃത്വം നൽകി.

**13. പ്രാർത്ഥനാസമ്മേളനം**

അരുവിത്തുറ കോളേജ്, പാലാ അൽഫോൻസാ, ചേർപ്പുങ്കൽ കോളേജ് , ദേവമാതാ കുറവിലങ്ങാട്, മാർ ആഗസ്തീനോസ് രാമപുരം, സെന്റ് സ്റ്റീഫൻസ് ഉഴവൂർ എന്നീ കോളേജുകളിൽ ഓൺലൈൻ പ്രാർത്ഥനാസമ്മേളനവും കോർടീം മീറ്റിംഗും നടന്നു.

**14. പ്രാർത്ഥനാകൂട്ടായ്മ**

ചാവറ സി.എം.ഐ. പബ്ലിക് സ്കൂൾ, സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ പാലാ എന്നിവിടങ്ങളിൽ ഓൺലൈൻ പ്രാർത്ഥനാകൂട്ടായ്മകൾ നടന്നു.

**15. സംയുക്തമീറ്റിംഗ്**

കേരള ജീസസ് യൂത്ത് കൗൺസിലും പാലാ സോണൽ കൗൺസിലും ചേർന്നുള്ള സംയുക്തസമ്മേളനം ജൂലൈ 23-ന് ഓൺലൈനായി നടന്നു.

**16. പഠനസഹായസാമഗ്രികൾ**

ഓൺലൈൻ പഠനത്തിന് സൗകര്യമില്ലാത്ത വിദ്യാർത്ഥികൾക്ക് ജീസസ് യൂത്ത് ലീഡേഴ്സിനുള്ള ഫോർമേഷന്റെ ഓറിയന്റേഷൻ ജൂലൈ 26-ന് നടത്തപ്പെട്ടു.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡയറക്ടേഴ്സ്)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക കോഴ്സ്

**1. സർട്ടിഫിക്കറ്റ്**

**ജൂലൈ മാസത്തെ ഓൺലൈൻ** വിവാഹ ഒരുക്ക കോഴ്സിൽ 170 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

2020 ആഗസ്റ്റ്, സെപ്റ്റംബർ മാസത്തെ ഓൺലൈൻ കോഴ്സിലേക്ക് രജിസ്ട്രേഷൻ തുടരുന്നു.

## B. പിതൃവേദി

### 1. പിതൃദിനം-ജൂൺ 21

പിതൃദിനത്തോടനുബന്ധിച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ പാലാ ഷലോം പാസ്റ്ററൽ സെന്റർ ചാപ്പലിൽ വിശുദ്ധകുർബാനയർപ്പിച്ച് പിതൃവേദി പിതാക്കൻമാർക്ക് പിതൃദിനാശംസകൾ നേർന്നു.

### 2. നിയമാവലി പരിഷ്കരണം

പിതൃവേദി നിയമാവലി പരിഷ്കരണത്തിന്റെ ഭാഗമായി രൂപത ഭാരവാഹികൾ ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ ജൂൺ 21 ഉച്ചകഴിഞ്ഞ് 3.30 മുതൽ 6.30 വരെയും, ജൂൺ 23 രാവിലെ 10 മുതൽ 4 വരെയും ഷലോം പാസ്റ്ററൽ സെന്ററിൽ ഒത്തുകൂടി വേണ്ട നിർദ്ദേശങ്ങളും മാറ്റങ്ങളും ചർച്ചചെയ്തു.

### 3. പുതിയ യൂണിറ്റ് – മാൻവെട്ടം

മാൻവെട്ടം ഇടവകയിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് ഉദ്ഘാടനം വിശുദ്ധ കുർബാനയർപ്പിച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ നിർവഹിച്ചു. വികാരി റവ. ഡോ. സൈറസ് വേലംപറമ്പിൽ, അസി.വികാരി ജീമോൻ പനച്ചിക്കൽ കരോട്ട് എന്നിവരുടെ നേതൃത്വത്തിൽ യൂണിറ്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് തദവസരത്തിൽ നടത്തപ്പെട്ടു.

### 4. അനുശോചനം

പിതൃവേദിയുടെ രൂപത പ്രസിഡന്റ് ശ്രീ ജോസ് കീലത്തിന്റെ അമ്മ ശ്രീമതി ത്രേസ്യാമ്മ ജോൺ ജൂലൈ മാസം 2-ാം തീയതിയും പിതാവ് ശ്രീ. ജോൺ കീലത്ത് ജൂലൈ മാസം 20-ാം തീയതിയും നിര്യാതരായി. ഡയറക്ടർ അച്ചനും പിതൃവേദി രൂപത ഭാരവാഹികളും ആ ദിവസങ്ങളിൽ ഭവനം സന്ദർശിച്ച് പരേതർക്കുവേണ്ടി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

## C. മാതൃവേദി

### 1. കുരുവിനാൽ

മാതൃവേദിയുടെയും പ്രോലൈഫ് സമിതിയുടെയും ആഭിമുഖ്യത്തിൽ കുരുവിനാൽ ഇടവകയിലെ 9 കുട്ടികളുള്ള ടോമി, അമ്പിളി ദമ്പതികളുടെ ഭവനം സന്ദർശിച്ചു.

### 2. അവലോകനമീറ്റിംഗ്

വനിതാദിനം അവലോകനമീറ്റിംഗ് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ, ജോ. ഡയറക്ടർ സി. എൽസാ ടോം എസ്.എച്ച്, സിജി ലൂക്ക്സൺ പടന്നമാക്കൽ (പ്രസിഡന്റ്) എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

### 3. പഠനോപകരണ വിതരണം

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ കുട്ടികളുടെ ഓൺലൈൻ പഠനത്തിനായി നിർദ്ധരരായ 5 കുടുംബങ്ങൾക്ക് TV സമ്മാനമായി നല്കി.

## D. പ്രോലൈഫ്

### 1. ആദരവ്

മല്ലികശ്ശേരി പൊന്നൊഴുകുംതോടിനു സമീപം കൈത്തോട്ടിൽ വീണ് ഒഴുക്കിൽപ്പെട്ട കുറുപ്പുന്തറ മറ്റത്തിൽ ജോമിയുടെ മകൾ 2 വയസ്സുകാരി തെരേസയെ രക്ഷിച്ച എലിക്കുളം പാമ്പോലി കല്ലമ്പള്ളിൽ ആനന്ദ് സുഭാഷ്, മണ്ഡപത്തിൽ നിഖിൽ മാത്യു, കിണറ്റുകര ഡിയോൺ നോബി, സഹോദരൻ റെയോൺ നോബി എന്നിവരെ ആദരിച്ചു. പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടും സഹായമെത്രാൻ മാർ ജേക്കബ് മുരിക്കനും ചേർന്ന് ഉപഹാരം നൽകി. വികാരി ജനറാൾ റവ.ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ, പ്രോലൈഫ് സമിതി പ്രസിഡന്റ് ശ്രീ മാത്യു എം. കുര്യക്കോസ്, സെക്രട്ടറി ഡോ. ഫെലിക്സ് വെട്ടുകാട്ടിൽ എന്നിവർ സന്നിഹിതരായിരുന്നു. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെയും പ്രോലൈഫ് സമിതിയുടെയും നേതൃത്വത്തിലാണ് പ്രസ്തുത ചടങ്ങ് നടത്തപ്പെട്ടത്.

## E. സീറോ മലബാർ പാലാ മാട്രിമോണി

### 1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമോണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമോണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക മാട്രിമോണിയലിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 04822 200065 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

### 2. മാഗസിൻ

സീറോ മലബാർ മാട്രിമോണിയുടെ ജൂൺ - ജൂലൈ മാസത്തെ മാഗസിൻ വിതരണം പൂർത്തിയായി.

## F. മംഗല്യനിധി

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴിയായി കഴിഞ്ഞമാസം **രാമപുരം, അന്ത്യാളം, കുറിഞ്ഞി, വെള്ളികുളം, കുറവിലങ്ങാട്, കൂട്ടിക്കൽ, മണ്ണാറപ്പാറ, തീക്കോയി, കുറവിലങ്ങാട്** ഇടവകകളിൽ നിർദ്ധനരായ കത്തോലിക്കപെൺകുട്ടികൾക്ക് വിവാഹസഹായമായി **39,000** രൂപാ നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. ഫെറോസിമെന്റ് മീൻകുളങ്ങൾ**

അന്താരാഷ്ട്ര കായൽ കൃഷി ഗവേഷണകേന്ദ്രത്തിന്റെ സാങ്കേതിക വിദ്യയിലുള്ള ഫെറോസിമെന്റ് മീൻകുളങ്ങൾ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നിർമ്മിച്ചുനൽകുന്നു. 7000 ലിറ്റർ മുതൽ 2 ലക്ഷം ലിറ്റർ വരെയുള്ള ടാങ്കുകളാണ് നിർമ്മിച്ചുവരുന്നത്. കേടുപാടുകൾ വരാതെ ദീർഘ കാലം നിലനിൽക്കുന്നതും മത്സ്യവെയ്സ്റ്റുകൾ ഓട്ടോമാറ്റിക്കായി നീക്കം ചെയ്യുന്നരീതിയിലുമാണ് ടാങ്കുകൾ രൂപകല്പന ചെയ്തിരിക്കുന്നത്. പരിസ്ഥിതി സൗഹൃദമായ ടാങ്കുകൾ നിലത്തുനിന്ന് ഉയർന്നു നിൽക്കുന്നതിനാൽ കുട്ടികൾക്കും വളർത്തുമൃഗങ്ങൾക്കും സുരക്ഷ ഉറപ്പുവരുത്തുന്നു. മീൻകുളങ്ങൾ നിർമ്മിക്കുവാൻ താത്പര്യമുള്ളവർ പി.എസ്.ഡബ്ല്യു.എസ്. മായി ബന്ധപ്പെടുക.

**2. മത്സ്യക്കുഞ്ഞു വിതരണം**

മത്സ്യക്കുളങ്ങൾ നിർമ്മിക്കുന്നതോടൊപ്പം വിവിധയിനം മത്സ്യക്കുഞ്ഞുങ്ങൾ, മത്സ്യത്തീറ്റ, പമ്പു സെറ്റുകൾ, വലകൾ തുടങ്ങിയ അനുബന്ധഘടകങ്ങളും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിവഴി വിതരണം ചെയ്യുന്നു.

**3. കാർഷികയന്ത്രവത്കരണ പദ്ധതി സർക്കാർ സഹായം**

ഭാരതസർക്കാർ കൃഷിമന്ത്രാലയത്തിന്റെയും കേരള കാർഷിക വികസന കർഷകമേള വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് കാർഷികയന്ത്രവത്കരണപദ്ധതി. പ്രസ്തുതപദ്ധതി കർഷകർക്കും കർഷകഗ്രൂപ്പുകൾക്കും നേടിയെടുക്കുവാൻ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി എല്ലാവിധത്തിലുമുള്ള സാങ്കേതികസഹായം നൽകുന്നു. കാർഷികമേഖലയിൽ യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുക, കാർഷികയന്ത്രങ്ങൾ സ്വന്തമായി വാങ്ങുന്നതിന് കർഷകർക്കു സാമ്പത്തിക സഹായം നൽകുക, കാർഷികയന്ത്രങ്ങളുടെ വാടകകേന്ദ്രങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. കാടുവെട്ട് യന്ത്രം, പവർ ട്രില്ലർ, നടീൽ യന്ത്രം, ട്രാക്ടർ, സസ്യസംരക്ഷണ ഉപകരണങ്ങൾ, കൊയ്ത്തുമെതിയന്ത്രം തുടങ്ങിയ വിവിധതരത്തിലുള്ള യന്ത്രങ്ങൾ വാങ്ങുന്നതിന് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 50% വരെ സബ്സിഡി ലഭിക്കുന്നു. കൃഷിയന്ത്രങ്ങളുടെ വാടകകേന്ദ്രങ്ങൾ ആരംഭിക്കുന്ന സൊസൈറ്റി/സംഘങ്ങൾക്ക് 80% വരെ സാമ്പത്തികാനുകൂല്യം ലഭിക്കും. കർഷകർ, കർഷക സ്വയംസഹായ സംഘങ്ങൾ, കാർഷിക ഉത്പാദക സംഘങ്ങൾ തുടങ്ങിയവയുടെ ഗുണഭോക്താക്കൾക്കു പദ്ധതിയുടെ നിബന്ധനകൾക്കനുസരിച്ചുള്ള സർക്കാർ സബ്സിഡി ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.ഡബ്ല്യു.എസ്. ഓഫീസുമായി ബന്ധപ്പെടുക.

**4. ഫലവൃക്ഷത്തൈവിതരണം തുടരുന്നു.**

പാലാ സെന്റ് തോമസ് പ്രസ്സിനു സമീപമുള്ള അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വിവിധയിനം തെങ്ങിൻതൈകൾ, പ്ലാവ്, മാവ്, സപ്പോർട്ട, കടപ്ലാവ്, പേര, നെല്ലി, കുടംപുളി, റമ്പൂട്ടാൻ, മധുര അമ്പഴം, അവക്കാഡോ, ചാമ്പ തുടങ്ങിയ വിവിധയിനം ഫലവൃക്ഷത്തൈകളുടെ വിതരണം തുടരുന്നു.

**5. സൗജന്യ ടെലികൗൺസലിംഗ്**

കാൻസർ രോഗികൾക്കായി കൊറോണാ കാലഘട്ടത്തിൽ സൗജന്യ ടെലികൗൺസലിംഗിന് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി അവസരമൊരുക്കുന്നു. താത്പര്യമുള്ളവർ ബന്ധപ്പെടുക. മെർലി ജെയിംസ് എം. എസ്.ഡബ്ല്യു. ഫോൺ: 9447143305.

**6. ആശാകിരണം ധനസഹായി**

ആശാകിരണം ക്യാൻസർ സഹായപദ്ധതിപ്രകാരം 24 ക്യാൻസർ രോഗികൾക്ക് സൊസൈറ്റി ചികിത്സാസഹായം വിതരണം ചെയ്തു. പ്രസ്തുത ധനസഹായപദ്ധതിയുടെ വിതരണോദ്ഘാടനം കേരളാ സോഷ്യൽ സർവ്വീസ് ഫോറം കോർഡിനേറ്റർ സിബി പൗലോസ് ഉദ്ഘാടനം ചെയ്തു. പി.എസ്. ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അദ്ധ്യക്ഷത വഹിച്ചു.

**7. നാടൻ ഉത്പന്നങ്ങൾ പി.എസ്.ഡബ്ല്യു.എസ്. വഴി വിതരണം ചെയ്യുന്നു.**

കർഷകർ ഉത്പാദിപ്പിക്കുന്ന തേൻ, നെയ്യ്, കുടംപുളി, കാപ്പിപൊടി, നെല്ല്, പാനി, കൂവപ്പൊടി തുടങ്ങിയ വിവിധ ഉത്പന്നങ്ങൾ പി.എസ്.ഡബ്ല്യു. എസ്. വഴി വിതരണം ചെയ്തുവരുന്നു.

**8. കുടുംബോദ്ധാരണപദ്ധതിയിൽ 50 പുതിയ കുടുംബങ്ങളെ എടുക്കുന്നു.**

സേവ് എ ഫാമിലി പ്ലാനിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന കുടുംബോദ്ധാരണപദ്ധതിയിൽ 50 പുതിയ കുടുംബങ്ങളെ എടുക്കുന്നു. പ്രത്യക്ഷത്തിൽ ദരിദ്രരായ 12 വയസ്സിൽ താഴെയുള്ള കുട്ടികളുള്ള കുടുംബങ്ങൾക്ക് അപേക്ഷിക്കാം. വിധവകൾ, ക്യാൻസർ രോഗം, ക്ഷയം, മാനസിക ശാരീരികവൈകല്യങ്ങൾ എന്നിവയിൽ ഏതെങ്കിലും ഒന്നുള്ള കുടുംബമായിരിക്കണം. പദ്ധതിയിൽ പ്രവേശനം ലഭിച്ചാൽ 6 വർഷക്കാലയളവിൽ പ്രസ്തുത കുടുംബത്തിന്റെ ജീവിതനിലവാരം ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ നടത്തുന്നതിനാണ് ധനസഹായം നൽകുക.

**കോവിഡ് അതിജീവനം**

കോവിഡ് രോഗത്തെ പ്രതിരോധിക്കുന്നതിനുള്ള സാനിറ്റൈസർ, ഹാൻഡ് വാഷ്, സോപ്പുകൾ എന്നിവ പി.എസ്.ഡബ്ല്യു.എസ്. ൽ വിതരണം ചെയ്തുവരുന്നു.

**10. ജൈവവളങ്ങൾ**

പച്ചക്കറിക്കൃഷിക്കുള്ള എല്ലുപൊടി, മണ്ണിരക്കമ്പോസ്റ്റ്, വേപ്പിൻ പിണ്ണാക്ക്, കോഴിവളം, ചാണകപ്പൊടി തുടങ്ങിയ വിവിധ ജൈവവളങ്ങൾ

സ്യൂഡോമോണസ്, ട്രൈക്കോഡമ തുടങ്ങിയ ജൈവകീടനാശിനികളും പാലാ അഗ്രിമ ഓപ്പൺ മാർക്കറ്റുവഴി വിതരണംചെയ്യുന്നു.

**11. ജൈവഭരണി**

ലളിതമായ രീതിയിൽ വീടുകളിലെ ജൈവമാലിന്യങ്ങൾ ഉപയോഗിച്ച് മണ്ണിരകമ്പോസ്റ്റ് ഉല്പാദിപ്പിക്കുവാൻ പര്യാപ്തമായ മൺഭരണികൾ പി. എസ്.ഡബ്ല്യു.എസ്. വഴി വിതരണം ചെയ്യുന്നു.

**12. ഓൺലൈൻ പഠനസഹായം**

കൊറോണാരോഗത്തിന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ പഠനത്തിന് സഹായകമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് എൽ.ഇ.ഡി. ടി.വി.കൾ വിതരണം ചെയ്തു. ബിഷപ് ഹൗസിൽ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

## ഡി.സി.എം.എസ്.

**1. സ്കോളർഷിപ്പുകൾ**

2019 - 2020 ലെ അദ്ധ്യനവർഷത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി, പിജി ഇതരകോഴ്സുകളിലെ പരീക്ഷകളിൽ ഫസ്റ്റ് ക്ലാസ്സ് വാങ്ങി വിജയിച്ച ദലിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് ഡി.സി.എം.എസ് പാലാ രൂപതാ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. അപേക്ഷഫോറം പൂരിപ്പിച്ച് മാർക്ക് ലിസ്റ്റ് കോപ്പി സഹിതം ആഗസ്റ്റ് 15 -നകം ഡി.സി.എം.എസ് രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**2. പ്രതിഭാ സ്കോളർഷിപ്പ്**

കഴിഞ്ഞ വർഷം (2019-2020) 5 -ാം ക്ലാസ്സിലും 7-ാം ക്ലാസ്സിലും വാർഷിക പരീക്ഷയ്ക്ക് എല്ലാ വിഷയങ്ങൾക്കും A grade വാങ്ങിയ ഡി.സി.എം.എസ് അംഗങ്ങളുടെ കുട്ടികൾക്ക് പ്രതിഭാ സ്കോളർഷിപ്പ് നൽകുന്നതാണ്.

**3. കലാനിധി**

കലാപരിശീലനം നടത്തുന്ന ദലിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് ഡി.സി.എം.എസ് സംഘടനയിൽനിന്ന് പഠനസഹായങ്ങൾ നൽകുന്നതാണ്. ബി.എഡ്, നേഴ്സിങ് കോഴ്സുകൾക്ക് അപേക്ഷകൾ സ്വീകരിക്കുന്നു. അർഹരായ വിദ്യാർത്ഥികൾ ഡി.സി.എം.എസ് ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്.

**4. തൊഴിലധിഷ്ഠിത കോഴ്സുകൾ**

പ്ലസ്ടു കഴിഞ്ഞ് ഉപരിവിദ്യാഭ്യാസം (നേഴ്സിങ്, ഹോട്ടൽമാനേജ്മെന്റ്, എഞ്ചിനീയറിങ്) തുടങ്ങിയവ നടത്താൻ ആഗ്രഹിക്കുന്ന ദലിത് കത്തോലിക്കാ

കുട്ടികൾ ഡി.സി.എം.എസ് രൂപതാ ഓഫീസിൽ ബന്ധപ്പെടേണ്ടതാണ്.

**5. ഉന്നതവിദ്യാഭ്യാസം നടത്തിവരുന്ന കുട്ടികൾക്ക് പഠനസഹായം, പഠന വായ്പ എന്നിവ നൽകുന്നു.**

കൊറോണയോടനുബന്ധിച്ച് ദളിത് സമൂഹം നേരിടുന്ന കടുത്ത സാമ്പത്തികപ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ ഉന്നതവിദ്യാഭ്യാസം നേടിവരുന്ന കുട്ടികളുടെ പഠനത്തിനുള്ള ഫീസ് അടയ്ക്കുവാൻ ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ വിവരങ്ങൾ (കുട്ടിയുടെ പേര്, പഠിക്കുന്ന കോഴ്സ്, ഈ വർഷം അടയ്ക്കേണ്ട ഫീസ്) ഓഫീസിൽ അതാത് ഇടവകവികാരിയുടെ ഒപ്പോടുകൂടിയ അപേക്ഷയായി നൽകിയാൽ സാദ്ധ്യമായ സഹായങ്ങൾ രൂപത ഓഫീസിൽനിന്ന് നൽകുന്നതാണ്.

**6. ഭക്ഷ്യകിറ്റ് വിതരണോദ്ഘാടനം**

ദലിത് കത്തോലിക്കാ മഹാജനസഭ (ഡി.സി.എം.എസ്) പാലാ രൂപതക്കമ്മറ്റിയുടെ നേതൃത്വത്തിൽ കോവിഡ്-19 മൂലം ദുരിതമനുഭവിക്കുന്ന പാലാ രൂപതയിലെ നിർദ്ധനരായ ഡി.സി.എം.എസ് കുടുംബാംഗങ്ങൾക്കായി ഭക്ഷ്യധാന്യക്കിറ്റ്, ചികിത്സാസഹായഫണ്ട്, ഉപരിപഠനസഹായ, പലിശരഹിത വായ്പാവിതരണം എന്നിവയുടെ ഉദ്ഘാടനം പാലാ രൂപത അധ്യക്ഷൻ മാർ. ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു.

ആദിമ നൂറ്റാണ്ടിൽ സഭയിൽ നിലനിന്നിരുന്ന പൈതൃകം ഇന്നും തുടരുന്നതിന്റെ തെളിവാണ് വേദനിക്കുന്നവരോട് പക്ഷംചേരുന്ന, പങ്കുവയ്ക്കലിലൂടെ ഇവിടെ യാഥാർത്ഥ്യമാകുന്നത്. ഈ മഹത്തായ പ്രവർത്തനത്തിലൂടെ ഈശോയുടെ സന്ദേശമാണ് കൈമാറ്റം ചെയ്യപ്പെടുന്നത് എന്ന് ബിഷപ് സൂചിപ്പിച്ചു.

പാലാ രൂപത വികാരി ജനറാൾ വെരി. റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ, DCMS പാലാ രൂപത ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത സെക്രട്ടറി ശ്രീ. ജോണി പരമല രൂപത ഓർഗനൈസർ ശ്രീ പി.ഒ. പീറ്റർ രൂപത ജോ. സെക്രട്ടറി ശ്രീമതി ബിജി സാലസ്, ശ്രീ സദീപ്, ശ്രീ സിബി തുടങ്ങിയവർ സംസാരിച്ചു.

**7. ഭക്ഷ്യക്കിറ്റ് തയ്യാറാക്കലും വിതരണവും**

ഡി.സി.എം.എസ്. പാലാ രൂപത കമ്മറ്റിയുടെ തീരുമാനപ്രകാരം ഡി.സി.എം.എസ്. യൂണിറ്റുകളിലുള്ള രോഗികൾ, പ്രായമായവർ, അംഗവൈകല്യമുള്ളവർ വിധവകൾ എന്നിവർക്ക് നൽകുന്നതിനായി ഭക്ഷ്യക്കിറ്റ് രൂപതാകേന്ദ്രത്തിൽ വെച്ചു തയ്യാറാക്കുകയുണ്ടായി. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത സെക്രട്ടറി ശ്രീ. ജോണി പരമല, ജോ. സെക്രട്ടറി ബിജി സാലസ്, ഓർഗനൈസർ ശ്രീ പി.ഒ പീറ്റർ, ശ്രീ സദീപ് കെ.പി. ശ്രീ സിബി ചാക്കോ, മീനു തോമസ്, അഞ്ജലി ബേബി, ജെറിൻ, സോണിയ തോമസ്, ട്രീസ ബേബി, ജിൽബിയ, എബിൻ, ദീപു, മെൽബിൻ, ജോഷ്വാ, ആഗിമോൾ സാലസ് എന്നിവർ കിറ്റ് തയ്യാറാക്കുന്നതിന് നേതൃത്വം കൊടുത്തു.

പാലാ, പൂവരണി, മുത്തോലി, നെല്ലിയാനി, ചേർപ്പുങ്കൽ, മണലുങ്കൽ, മൂഴൂർ, മംഗളാരാം, കടപ്ലാമറ്റം, മുണ്ടാങ്കൽ, ഉള്ളനാട്, കടനാട്, ഉറുമ്പുകാവ്, മാനത്തൂർ, വാകക്കാട്, തിടനാട്, ചേന്നാട്, ചെമ്മലമറ്റം, പയ്യാനിത്തോട്ടം, കൈപ്പള്ളി, മലയിഞ്ചിപ്പാറ, കുടയത്തൂർ, രാമപുരം, കരൂർ, അന്ത്യാളം, ഏഴാച്ചേരി, കൊണ്ടാട്, ഇലഞ്ഞി, മരങ്ങോലി, മുത്തോലപുരം, ജോസ്ഗിരി, പിറവം, മുട്ടുചിറ, മലപ്പുറം, കാഞ്ഞിരത്താനം, സേവ്യർപുരം, പിറവം, മുട്ടുചിറ, മലപ്പുറം, കാഞ്ഞിരത്താനം, ജയ്ഗിരി, മാൻവെട്ടം, മണ്ണാറപ്പാറ, കുറവിലങ്ങാട്, മോനിപ്പള്ളി, വാക്കാട്, ഉദയഗിരി എന്നീ ഇടവകകളിൽ ഭക്ഷ്യക്കിറ്റും ചികിത്സസഹായവും ഇടവകവികാരിമാരുടെ സാന്നിധ്യത്തിൽ വിതരണം ചെയ്തു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

---

# കെയർ ഹോംസ്

---

പാലാ രൂപത പാസ്റ്ററൽ കൗൺസിൽ സൂം മീറ്റിംഗിൽ ഡയറക്ടർ, ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടം** (ഡയറക്ടർ)

---

# കെ.എൽ.എം.

---

**വിവിധ ക്ഷേമനിധികളിലേക്ക് അംഗങ്ങളാവാൻ അവസരം.**

(1) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി (2) അസംഘടിത തൊഴിലാളി ക്ഷേമനിധി (3) കർഷകത്തൊഴിലാളി ക്ഷേമനിധി (4) മോട്ടോർ തൊഴിലാളി ക്ഷേമനിധി (5) തയ്യൽത്തൊഴിലാളി ക്ഷേമനിധി (6) ചെറുകിട തോട്ടംതൊഴിലാളി ക്ഷേമനിധി (7) പ്രവാസി ക്ഷേമനിധി.

ജൂലൈ 1 മുതൽ രജിസ്ട്രേഷൻ ആരംഭിക്കുന്നു.

**വിശദവിവരങ്ങൾക്ക്:**

പാലാ ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ താഴെക്കാണുന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

Mob: 8304981275 (O), 9400661492

**ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടം** (ഡയറക്ടർ)

---

# അഡാർട്ട്

---

**അഡാർട്ടിൽ ഒ.പി. വിഭാഗം**

കേന്ദ്രഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരളത്തിലെ ആദ്യത്തെ ലഹരിവിമോചനചികിത്സാകേന്ദ്രമായ അഡാർട്ടിൽ ഒ.പി. വിഭാഗവും ആരംഭിച്ചിരിക്കുന്നു. സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ (Ministry

of Social Justice & Empowerment)) ശുപാർശപ്രകാരമാണ് ഒ.പി. വിഭാഗം ആരംഭിക്കാനുള്ള  അനുമതി ലഭിച്ചിരിക്കുന്നത്. ഡോ. ജോയി ഫ്രാൻസിസ് എം.ഡി തിങ്കൾ മുതൽ വെള്ളി (2 pm to 4 pm) വരെയും ഡോ. സി. പ്രശാന്തി സി.എം. സി. എല്ലാ ശനിയാഴ്ചകളിലും ഉച്ചയ്ക്ക് 2 മുതൽ വൈകിട്ട് 4 വരെയും അഡാർട്ടിൽ ഒ.പി. വിഭാഗത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഐ.പി. വിഭാഗം എല്ലാദിവസവും പ്രവർത്തിക്കുന്നതാണ്. 31 ദിവസത്തെ സൗജന്യ ചികിത്സയാണ് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ഐ.പി. വിഭാഗത്തിനു ലഭിക്കുന്നത്.

**അഡാർട്ടിന്റെ 37-ാം ജന്മദിനാചരണം**

1984 ജൂലൈ  മൂന്നാം തീയതി ദുക്റാനാ തിരുനാൾദിനം ഉദ്ഘാടനം ചെയ്യപ്പെട്ട അഡാർട്ടിന്റെ 37-ാം ജന്മദിനം ജൂലൈ മൂന്നാംതീയതി അഡാർട്ടിൽ ആചരിക്കുകയുണ്ടായി. രാവിലെ 10 മണിക്ക് ആരംഭിച്ച യോഗം ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് ഉദ്ഘാടനം ചെയ്തു. പ്രോജക്ട് കോ-ഓർഡിനേറ്റർ എൻ. എം. സെബാസ്റ്റ്യൻ അഡാർട്ടിന്റെ ചരിത്രരേഖ അവതരിപ്പിച്ചു.

**ലോക ലഹരിവിരുദ്ധദിനാചരണം**

ലോക ലഹരിവിരുദ്ധദിനമായ ജൂൺ 26-ന് അഡാർട്ടിൽവച്ച് ലഹരി വിരുദ്ധദിനാചരണം നടത്തി. പാലാ രൂപതാ എസ്.എം.വൈ.എം.ഉം അഡാർട്ടും സംയുക്തമായാണ് ദിനാചരണം നടത്തിയത്. രാവിലെ 11 മണിക്ക് അഡാർട്ടിൽ ആരംഭിച്ചയോഗം ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് ഉദ്ഘാടനം ചെയ്തു. എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ ഫാ. തോമസ് തയ്യിൽ മുഖ്യാതിഥി ആയിരുന്നു. ലഹരിവിരുദ്ധ ദിനത്തിന്റെ ചിന്താവിഷയമായ 'Better Knowledge for Better Care' (മെച്ചപ്പെട്ട അറിവിലൂടെ മെച്ചപ്പെട്ട ജാഗ്രത) എന്ന വിഷയത്തെ ആസ്പദമാക്കി പ്രോജക്ട് കോ-ഓർഡിനേറ്റർ എൻ.എം. സെബാസ്റ്റ്യൻ ക്ലാസ്സെടുത്തു. എസ്.എം.വൈ.എം. രൂപതാ ഭാരവാഹികൾ സംബന്ധിച്ചു. അഡാർട്ട് കൗൺസിലർ പ്രൊഫ. ഗ്രേസി ജോയി ആശംസാപ്രസംഗം നടത്തി. കൗൺസിലർമാരായ ഡിജോ ദാസ് സ്വാഗതവും ഷാജി കച്ചിറമറ്റം കൃതജ്ഞതയും പറഞ്ഞു. ലഹരി വിരുദ്ധ പ്രതിജ്ഞയോടുകൂടി യോഗം പര്യവസാനിച്ചു.

**എ.എ. ഓൺലൈൻ മീറ്റിംഗ്**

ലഹരിരഹിതജീവിതം നയിക്കുന്നവരുടെ ആഗോളകൂട്ടായ്മയാണ് എ.എം. ആൽക്കഹോളിക്സ് അനോനിമസ്. അഡാർട്ടിൽ എല്ലാ ഞായറാഴ്ചകളിലും ഉച്ചയ്ക്ക് 1.45 മുതൽ 3 വരെയും നടത്തിയിരുന്ന എ.എ. പ്രോഗ്രാം കോവിഡ്-19 രോഗം മൂലം നിറുത്തിവച്ചിരുന്നു. എ.എ. അംഗങ്ങളുടെ താത്പര്യപ്രകാരം ഓൺലൈനിൽ 19/7/2020 മുതൽ എ.എ. പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. ഇതിനായി 77259726884 എന്ന ഐഡിയും 12345 എന്ന പാസ്‌വേർഡും Zoom ൽ ഉപയോഗിച്ചാൽ മതി. ഓൺലൈൻ എ.എ. പ്രോഗ്രാമിന്റെ ഉദ്ഘാടനം ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് നിർവ്വഹിച്ചു.

**ഫോളോ അപ്പ് പ്രോഗ്രാം**

ചികിത്സ കഴിഞ്ഞ് പോയവർക്ക് ലഹരിരഹിതജീവിതം തുടർന്ന് മുമ്പോട്ടുകൊണ്ടുപോകാൻ ഫോളോ അപ്പ് (തുടർ ചികിത്സ) ആവശ്യമാണ്.

കോവിഡ് രോഗഭീഷണിമൂലം തുടർചികിത്സയ്ക്കും കൗൺസിലിങ്ങിനും വരാൻ സാധിക്കാത്തവർക്കുവേണ്ടി അഡോർട്ടിലെ മെഡിക്കൽ ടീമിന്റെയും കൗൺസിലർമാരുടെയും നേതൃത്വത്തിൽ ടെലികൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

**ജയിൽ മിനിസ്ട്രി**

ജീസസ് ഫ്രട്ടേണിറ്റി പാലാ രൂപതയുടെ നേതൃത്വത്തിൽ പാലാ സബ് ജയിലിൽ മാസ്ക് തയ്യാറാക്കുന്നതിന് തയ്യൽ മെഷീൻ സംഭാവന നൽകി. പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസാണ് തയ്യൽ മെഷീൻ സംഭാവനയായി നൽകിയത്.

ഇടുക്കി ജില്ലാ സബ് ജയിലിൽ (മുട്ടം) എല്ലാ മുറികളിലും സൗണ്ട് ബോക്സ് തയ്യാറാക്കിക്കൊടുത്തു. പാലാ സി.എം.സി. പ്രൊവിൻഷ്യൽ ഹൗസാണ് ഇതു സംഭാവനയായി നൽകിയത്.

നാലുവർഷത്തോളം ഇടുക്കി ജില്ലാ ജയിൽ സൂപ്രണ്ടായി മുട്ടം ജയിലിൽ സേവനം അനുഷ്ഠിച്ച് കൊല്ലം ജില്ലാ ജയിലിലേക്കു സ്ഥലം മാറിപ്പോയ കെ.ബി. അൻസാറിന് ജീസസ് ഫ്രട്ടേണിറ്റി പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ മെമന്റോ നൽകി യാത്രാമംഗളങ്ങൾ ആശംസിച്ചു.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

---

# ബൈബിൾ അപ്പോസ്തലേറ്റ്

---

**1. ബൈബിൾ കോഴ്സ്**

പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ബൈബിൾ ക്ലാസ് വി. യോഹന്നാന്റെ സുവിശേഷം അടിസ്ഥാനമാക്കി 9 ക്ലാസുകൾ പൂർത്തിയായി.

**2. ലോഗോസ് ക്വിസ് പഠനസഹായി**

ഈ വർഷത്തെ ലോഗോസ് ക്വിസ് പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**3. കെറിയാന**

ഒരു വർഷംകൊണ്ട് ദൈവവചനം വായിക്കുവാൻ സഹായിക്കുന്ന 'കെറിയാനയുടെ' കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**4. ഓൺലൈൻ മത്സരവിജയികൾ**

ബൈബിൾ അപ്പോസ്തലേറ്റ് 2020 ജൂൺ മാസത്തിൽ 'ഒയിസ്ത്രോസ്' എന്ന പേരിൽ സംഘടിപ്പിച്ച ഓൺലൈൻ മത്സരങ്ങളിലെ വിജയികൾ.

**വീഡിയോ മത്സരം**

ഫസ്റ്റ് - ദീപാ ജോസ്, കുറ്റിയാനിക്കൽ, വേലനിലം ഇടവക

സെക്കന്റ് - ജോമോൻ പാലിയിൽ പുത്തൻപുരയിൽ, കാഞ്ഞിരത്താനം

**മൈം മത്സരങ്ങൾ**

ഫസ്റ്റ് - ജോൺസ് ഷിബു & ടീം, കാഞ്ഞിരമറ്റം ഇടവക

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. സോണൽ സേവനസമിതി സമ്മേളനം**

സോണൽ സേവനസമിതി സമ്മേളനം 2020 ജൂലൈ ഒന്നാം തീയതി കോവിഡ്19-ന്റെ പശ്ചാത്തലത്തിൽ ഓൺലൈനായി നടത്തപ്പെട്ടു.

ജൂലൈ പതിനൊന്നാം തീയതി രാവിലെ 10 മുതൽ 1 മണിവരെ ശാലോം പാസ്റ്റർ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

മിനിസ്ട്രികൾക്ക് ചുമതലവഹിക്കുന്ന സേവനസമിതി അംഗങ്ങൾ തങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെക്കുറിച്ചും ഓൺലൈനിൽ നല്ല രീതിയിൽ നടത്തുന്ന പ്രവർത്തനരീതിയെക്കുറിച്ചും പങ്കുവെച്ചു.

ഡയറക്ടർ റവ.ഫാ. വിൻസെന്റ് മുങ്ങാമാക്കൽ സേവനസമിതി സമ്മേളനത്തിനു നേതൃത്വം നൽകി. പുതിയ സാധ്യതകൾ കണ്ടെത്തി എല്ലാ രീതിയിലും ശുശ്രൂഷകൾ നടത്തണമെന്നും അംഗങ്ങളെ ഓർമിപ്പിച്ചു. ഒരു മണിയോടെ സേവനസമിതി സമ്മേളനം സമാപന ആശീർവാദ പ്രാർത്ഥനയിലൂടെ അവസാനിച്ചു.

**2. സ്കൂൾ ഓഫ് ലീഡർഷിപ്പ്**

കേരള കരിസ്മാറ്റിക് മുന്നേറ്റത്തിന് അടുത്ത നേതൃത്വനിരയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2020 ഏപ്രിലിൽ ആരംഭംകുറിച്ച ട്രെയിനിങ് പ്രോഗ്രാം ജൂലൈ മാസവും ഓൺലൈനായി നടത്തി. അടുത്ത ബാച്ച് രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു, നമ്മുടെ രൂപതയിൽനിന്ന് 15 പേർ പങ്കെടുത്തു കൊണ്ടിരിക്കുന്നു.

3. **L.S.S (Life in Spirit Seminar)**

കരിസ്മാറ്റിക് നവീകരണത്തിന് അടിസ്ഥാനം പരിശുദ്ധാത്മാവിലുള്ള ജ്ഞാനസ്നാന അനുഭവമാണെന്നു മനസ്സിലാക്കിക്കൊണ്ട് ഈ അനുഭവത്തിൽ വളരാൻ സഹായകമായ വിവിധ മോഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് L.S.S.

നമ്മുടെ രൂപത സോണിൽനിന്ന് 73 ഓളം പേർ ഈ ട്രെയിനിങ് പ്രോഗ്രാമിൽ ഓൺലൈനായി പങ്കെടുത്തുകൊണ്ടിരിക്കുന്നു.

വ്യത്യസ്തമായ വിഷയങ്ങളിലൂടെ ആഴമേറിയ ദൈവാനുഭവത്തിലേക്കു നയിക്കാൻ ഈ പ്രോഗ്രാം അംഗങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്നു. ഇടവക പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങളുടെ സമഗ്രമായ വളർച്ച ഇതിലൂടെ സാധ്യമാകുന്നു.

**4. കാരിസ് യൂത്ത് കോൺഫ്രൻസ്**

'യുവജന പ്രേഷിതത്വത്തിൽ മുതിർന്നവർ അവരുടെ ഒപ്പം അനുയാത്ര ചെയ്യുന്നവരും അനുധാവനം ചെയ്യുന്നവരും ആകണം' എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം അനുസരിച്ച് കരിസ്മാറ്റിക് നവീകരണരംഗത്ത് ഇടവക തലത്തിൽ പ്രവർത്തിക്കുന്ന യുവജനങ്ങളുടെയും നവീകരണ ആഭിമുഖ്യം ഉള്ളവരുടെയും ഒത്തുചേരലാണ് കാരിസ് യൂത്ത് കോൺഫ്രൻസ്. അഞ്ഞൂറോളം

പേർ ഇപ്പോൾ ഓൺലൈനായി ഈ ഗ്രൂപ്പിൽ പങ്കാളികളാണ്. ബൈബിൾ പകർത്തി എഴുതുക, വചനം പങ്കുവെക്കുക, വെള്ളിയാഴ്ചകളിൽ ഉപവസിക്കുക തുടങ്ങിയ പ്രവർത്തനത്തിലൂടെ യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കാളികളാകുന്നു. ഡയറക്ടർ റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കലും, കാരിസ് യൂത്ത് കോഡിനേറ്റർ ലിൻസിമോൾ സജി കുരിശുംമൂട്ടിലും ഇതിന് നേതൃത്വം നൽകുന്നു.

**5. ക്രിസ്റ്റീൻ മിനിസ്റ്ററി കൂട്ടായ്മ**

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ, സേവനസമിതി അംഗങ്ങളുടെ മീറ്റിംഗ് രണ്ടുപ്രാവശ്യം ഓൺലൈനായി നടത്തി. കുട്ടികൾക്കും അമ്മമാർക്കും ഏറ്റവും പ്രയോജനം ചെയ്യുന്ന വിധത്തിൽ ശുശ്രൂഷകൾ പ്രവൃത്തിപഥത്തിൽ എത്തിക്കാൻ മറിയം മിഖായേൽ റെശ് സൈന്യം എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് നടത്തിവരുന്നു. ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, മിനിസ്റ്ററി കോർഡിനേറ്റർ ബിയ ജോജറ്റ് നേതൃത്വം നൽകുന്നു.

**6. രാത്രി ആരാധന**

രൂപത സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാനം ശനിയാഴ്ചകളിൽ മാത്രം നടത്തിവരുന്ന രാത്രി ആരാധന കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ജൂൺ 27 മുതൽ ഓൺലൈനായി എല്ലാ ശനിയാഴ്ചകളിലും നടത്തപ്പെടുന്നു. മൂവായിരത്തോളം പേർ ഓൺലൈനായി വിശുദ്ധ കുർബാനയിലും പരിശുദ്ധ ആരാധനയിലും ജപമാലയിലും പങ്കെടുത്തു കൊണ്ടിരിക്കുന്നു. വൈകുന്നേരം നാലരമുതൽ രാത്രി ഒമ്പതു മണിവരെയാണ് ശുശ്രൂഷകൾ നടത്തപ്പെടുന്നത്.

ജൂൺ ഇരുപത്തി ഏഴാം തീയതി റവ.ഫാ. പോൾ വടക്കുംമുറി CMI, ജൂലൈ നാലാം തീയതി റവ.ഫാ. ബിനോ വാഴച്ചാലിൽ VC, പതിനൊന്നാം തീയതി റവ.ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, പതിനെട്ടാം തീയതി റവ.ഫാ. ഉല്ലാസ് വട്ടംതൊട്ടിയിൽ VC എന്നിവർ വചന ശുശ്രൂഷയും ആരാധനയും നയിച്ചു. റവ. ഫാ. ജോസ് വള്ളോംപുരയിടം, റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**7. പ്രാർത്ഥനാ കൂട്ടായ്മകൾ**

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇടവകകളിൽ ഒരുമിച്ചുക്കൂടി പ്രാർത്ഥിക്കാൻ സാധിക്കാത്തതിനാലും കൊറോണ വൈറസ് വ്യാപനം രൂക്ഷമാകുന്ന സഹ്യചാര്യവും ഉള്ളതിനാൽ കർത്തൃസന്നിധിയിൽ കരുണയ്ക്കായി കരങ്ങൾ ഉയർത്തിക്കൊണ്ട് എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞ് 2 മണിമുതൽ 3:30 വരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ പ്രാർത്ഥനശുശ്രുഷകൾ നടത്തപ്പെടുന്നു. രൂപത സോണൽ സേവനസമിതി ഇതിനു നേതൃത്വം നൽകുന്നു.

**8. കോവിഡ്-19 വ്യാപനത്തിന് എതിരേ മധ്യസ്ഥപ്രാർത്ഥന - പ്രാർത്ഥന നമ്മുടെ ശക്തി**

കോവിഡ് 19 വ്യാപനം രൂക്ഷമായിക്കൊണ്ടിരിക്കുന്നതിനാൽ പ്രാർത്ഥനയാണ് നമ്മുടെ ശക്തി എന്നു മനസ്സിലാക്കിക്കൊണ്ട് സോണൽ സേവനസമിതിയുടെ

നേതൃത്വത്തിൽ 9 ദിവസം തുടർച്ചയായി ദിവ്യകാരുണ്യ സന്നിധിയിൽ ഒരുമയോടെയും, ഏകമനസോടെയും ഒന്നിച്ചുചേർന്ന് പ്രാർത്ഥിച്ചു. പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ഉപവിപ്രവർത്തികളിലൂടെയും ദൈവികയിടപെടൽ ശക്തമായി ഉണ്ടാകും എന്ന വിശ്വാസത്തിൽ ആഴപ്പെട്ട് ജൂലൈ 22 ബുധനാഴ്ച രാവിലെ 10 മുതൽ ജുലൈ 30 തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് നാലു മണിവരെ പാലാ കത്തീഡ്രൽ പള്ളിയിൽ വെച്ചാണ് മധ്യസ്ഥപ്രാർത്ഥന ശുശ്രശുശ്രുഷകൾ നടത്തപ്പെട്ടത്. സോണൽ സേവനസമിതി അംഗങ്ങളും,18 സബ് സോൺ സേവനസമിതി അംഗങ്ങളും പങ്കുചേർന്നു. റവ.ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, കത്തീഡ്രൽ പള്ളി വികാരി റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു.

**9. KCCRST സോണൽ സന്ദർശനം.**

KCCRST ചെയർമാനും, KCBC കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറിയുമായ റവ.ഫാ. ജോസഫ് താമരവെളിയുടെ നേതൃത്വത്തിൽ കരിസ്മാറ്റിക് സെൻട്രൽ മിനിസ്ട്രി അംഗങ്ങൾ ഓൺലൈനായി 20/7/ 2020 ന് പാലാ സോൺ സന്ദർശനം നടത്തി. നാളിതുവരെ ചെയ്ത എല്ലാ പ്രവർത്തനങ്ങളെയും കോവിഡ്-19 കാലഘട്ടത്തിൽ ചെയ്ത നിരവധി ശുശ്രൂഷകളും സേവനപ്രവർത്തനങ്ങളെയും വിലയിരുത്തുകയും എല്ലാവരെയും, പ്രത്യേകിച്ച് നേതൃത്വം നൽകുന്ന റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കലിനെയും അഭിനന്ദിച്ചു. കേരളത്തിലെ മറ്റൊരു കരിസ്മാറ്റിക് സോണിലും നടത്താത്ത ശുശ്രുഷകളാണ് പാലായിൽ നടത്തപ്പെട്ടത് എന്ന് പ്രത്യേകം പരാമർശിക്കുകയും ചെയ്തു. സെൻട്രൽ മിനിസ്ട്രി അംഗങ്ങളും സോണൽ സേവനസമിതി അംഗങ്ങളും യോഗത്തിൽ സംബന്ധിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

---

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

---

കൊറോണാ ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ, ദൈവശക്തി വ്യാപരിക്കുന്നു എന്ന പേരിൽ ദിവസേന ഒരു മണിക്കൂർ ദൈർഘ്യമുള്ള സെഷനുകളോടെ യൂട്യൂബ് വഴി ഏപ്രിൽ പതിനാലാം തിയതി ആരംഭിച്ച ഓൺലൈൻ ധ്യാനം തുടർന്നുകൊണ്ടിരിക്കുന്നു. ധ്യാനകേന്ദ്രത്തിന്റെ mountnebo.online എന്ന വെബ്സൈറ്റിൽ പ്രസ്തുത പരിപാടി ലഭ്യമാണ്. ധ്യാനത്തിന്റെ ലിങ്ക് ചുവടെ ചേർക്കുന്നു:

Online retreat -> https://www.youtube.com/playlist?list=PLKZ57M4kVz4ePgWpKzwzFFUXIxfCUihk8

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

പാലാ രൂപതയിലെ ഫ്രാൻസിസ്കൻ അല്മായ സഭ യൂണിറ്റ്, റീജിയൻ, രൂപതാതല മീറ്റിംഗുകളും പരിപാടികളും കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടന്നുവരുന്നു. വിവിധ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ സൗജന്യ ഭക്ഷ്യധാന്യക്കിറ്റു വിതരണം, ചികിത്സാസഹായം തുടങ്ങിയവ നൽകുകയും പരിസ്ഥിതിദിനാചരണത്തോടനുബന്ധിച്ച് പച്ചക്കറി, ഫലവൃക്ഷത്തൈകൾ വിതരണം നടത്തുകയും ചെയ്തു.

അല്മായ സഭ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ രൂപതയിലെ എല്ലാ ഫ്രാൻസിസ്കൻ അല്മായ സഭാംഗങ്ങൾ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സൗജന്യമായി ഫേസ്മാസ്ക് വിതരണം ചെയ്തു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനവും പകർച്ചവ്യാധിക്കെതിരേയുള്ള പ്രാർത്ഥനാസമാഹാരത്തിന്റെ ആശീർവ്വാദകർമ്മവും ഭരണങ്ങാനം അസ്സീസി ആശ്രമത്തിൽവച്ച് രൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ നിർവ്വഹിച്ചു. ആശ്രമം സുപ്പീരിയർ ഫാ. മാത്യു മുളങ്ങാശ്ശേരിൽ, സ്പിരിചൽ അസിസ്റ്റന്റ് ഫാ. ആന്റണി വെച്ചൂർ, രൂപതാ പ്രസിഡന്റ് സോജൻ മാത്യു, ജോ സെബാസ്റ്റ്യൻ, റോസമ്മ ജോസ്, ടോമി കെ. മാത്യു, റ്റിസി രാജു, രൂപതാസമിതി ഭാരവാഹികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**ഫാ. ആന്റണി വെച്ചൂർ** OFM Cap. (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

മാൻവെട്ടം ഇടവകയിലെ ഒരു കുടുംബത്തിന് പഠനേപകരണമായി ടി. വി. നൽകി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. കർഷകവർഷം**

പാലാ രൂപത പ്രഖ്യാപിച്ചിരിക്കുന്ന കർഷകവർഷത്തിന്റെ വിജയത്തിന് എല്ലാ യൂണിറ്റുകളും സജീവമായി സഹകരിക്കാൻ വേണ്ട നിദ്ദേശങ്ങൾ നൽകി പി.എസ്.ഡബ്ല്യു.എസ്.ന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ച് പച്ചക്കറികളും ഫലവൃക്ഷതൈകളും വിതരണം ചെയ്യാനും വ്യാപിപ്പിക്കാനും പ്രോത്സാഹനം നൽകി വരുന്നു.

**2. പ്രതിഷേധിച്ചു.**

കർഷകരുടെ ദുരിതങ്ങളെ കണക്കിലെടുക്കാതെ മുന്നോട്ടുപോകുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നടപടികളെ രൂപതാ എക്സിക്യൂട്ടീവ് അപലപിക്കുകയും പ്രതിക്ഷേധിക്കുകയും ചെയ്തു. റബർ കർഷകരുടെ പ്രശ്നങ്ങളെ സർക്കാരുകളുടെ പക്കൽ വീണ്ടും ഉണർത്തിക്കാൻ യോഗം തീരുമാനിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)

**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)

# Received Heavenly Reward



# ആദരാഞ്ജലികൾ



## സി. മേരി റോസറ്റ് കുന്നപ്പള്ളിൽ എസ്.എച്ച്.

പാലാ രൂപത പൈക ഇടവകയിൽ ദൈവവിളികളാൽ സമ്പന്നവും കുലീനവുമായ കുന്നപ്പള്ളി കുടുംബത്തിൽ പരേതരായ ശ്രീ ദേവസ്യായുടെയും പനച്ചിക്കൽ റോസയുടെയും എട്ടു മക്കളിൽ ആറാമത്തെ മകളായി അച്ചാമ്മ എന്ന ഓമനപ്പേരിലറിയപ്പെട്ടിരുന്ന റോസറ്റമ്മ 1934 മാർച്ച് 8-ാം തീയതി ഭൂജാതയായി. മാമ്മോദീസായിൽ ലഭിച്ച പേര് റോസ എന്നായിരുന്നു. വിളക്കുമാടം സെന്റ് ജോസഫ്സ് ഹൈസ്കൂളിൽനിന്നു സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കി. തിരുഹൃദയസന്ന്യാസിനീസമൂഹത്തിലേക്കുള്ള വിളി മനസ്സിലാക്കി 1957-ൽ പാലാ തിരുഹൃദയമഠത്തിൽ അർത്ഥിനിയായി ചേർന്നു. സന്ന്യാസപരിശീലനത്തിനുശേഷം 1959 ഏപ്രിൽ 11-ാം തീയതി ആദ്യവ്രതമനുഷ്ഠിച്ച് സി. മേരി റോസറ്റ് എന്ന സന്ന്യാസനാമം സ്വീകരിച്ചു 1962 ൽ നിത്യവ്രതവാഗ്ദാനം നടത്തി.

കൊട്ടിയം ഹോളി ക്രോസ് ഹോസ്പിറ്റലിൽനിന്ന് നേഴ്സിംഗ് പഠനം പൂർത്തിയാക്കി കാഞ്ഞിരപ്പള്ളി മേരി ക്യൂൻസ്, മലബാറിലെ വെള്ളാട് എസ്.എച്ച്, ചക്കാമ്പുഴ എസ്.എച്ച്., മൂലമറ്റം ബിഷപ്പ് വയലിൽ മെമ്മോറിയൽ എന്നീ ഹോസ്പിറ്റലുകളിൽ സേവനം അനുഷ്ഠിച്ചു. 12 വർഷം മൂലമറ്റം ബി.വി.എം.സിയിൽ അഡ്മിനിസ്ട്രേറ്ററായി ഹോസ്പിറ്റലിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുവേണ്ടി അഹോരാത്രം അദ്ധ്വാനിച്ചു. കണ്ടുമുട്ടിയവർക്കെല്ലാം, തന്റെ ശുശ്രൂഷ സ്വീകരിച്ചവർക്കെല്ലാം അനുഗ്രഹത്തിന്റെ, ആശ്വാസത്തിന്റെ സാന്നിധ്യമായിരുന്നു റോസറ്റമ്മ. അനാഥക്കുഞ്ഞുങ്ങളെ സ്വന്തം മക്കളെപ്പോലെയും അശരണരും അഗതികളുമായ വൃദ്ധരെ സ്വന്തം മാതാപിതാക്കളെപ്പോലെയും കരുതണം എന്നുപഠിപ്പിച്ചു. സമൂഹസ്ഥാപകപിതാവ് ധന്യൻ കദളിക്കാട്ടിൽ അച്ചന്റെ വാക്കുകൾക്ക് ജീവൻ പകർന്ന് പാലാ രൂപതാ വക സ്ഥാപനമായ കുമ്മണ്ണൂർ സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോമിലും തിരുഹൃദയസന്ന്യാസിനീസമൂഹത്തിന്റെ വിളക്കുമരുത് സെന്റ് റോക്കീസ് വൃദ്ധസദനത്തിലും അറുനൂറ്റിമംഗലം ബാലഭവനിലും സേവനമനുഷ്ഠിച്ചു.

തിരുഹൃദയസന്ന്യാസിനീസമൂഹത്തിന്റെ ചൈതന്യത്തിൽ ജീവിക്കുന്ന സമർപ്പിതരെ രൂപപ്പെടുത്തുന്ന സന്ന്യാസപരിശീലനരംഗത്ത് ഏഴുവർഷം നോവിസ് ഡയറക്ടറായി സേവനമനുഷ്ഠിച്ചു. കൂടാതെ, മദർ സുപ്പീരിയർ, പ്രൊവിൻഷ്യൽ സുപ്പീരിയർ എന്നീ ഉത്തരവാദിത്വങ്ങളും അതിന്റെ ചൈതന്യത്തിൽ നിർവ്വഹിച്ചു. എത്ര ഉന്നതസ്ഥാനം ലഭിച്ചാലും അതിൽ അഹങ്കരിക്കാതെ എല്ലാവരോടും സമഭാവനയോടെ വർത്തിക്കുക എന്നത് ആദർശമായി സ്വീകരിച്ച റോസറ്റമ്മ എല്ലാവരെയും തുല്യമായി പരിഗണിച്ചിരുന്നു.

ദൈവസ്നേഹത്തിന്റെ തീരത്തേക്കു സ്നേഹശുശ്രൂഷയിലൂടെ സഹോദരങ്ങളെ നയിക്കുന്ന തീക്ഷ്ണമതിയായ പ്രേഷിതയായിരുന്നു റോസറ്റമ്മ. തന്റെ 85-ാമത്തെ വയസ്സിലും വർദ്ധിച്ച തീക്ഷ്ണതയോടെ യാമപ്രാർത്ഥനകളിലും സമൂഹത്തിലെ ചെറുതും വലുതുമായ എല്ലാ ജോലികളിലും പങ്കെടുത്തിരുന്നു. നിരന്തരമായ പ്രാർത്ഥനയും ആത്മാർത്ഥതയും അർപ്പണചൈതന്യവും അതുല്യമായ സഹോദരസ്നേഹവും വിശുദ്ധിയും അമ്മയിൽ നിറഞ്ഞുനിന്നിരുന്നു. 2008 മുതൽ മാനത്തൂർ മഠത്തിലായിരുന്നുകൊണ്ട് അവിടെയുള്ള പ്രായമായ സിസ്റ്റേഴ്സിന്റെ ശുശ്രൂഷയിലും ഭവനത്തിലെ ജോലികളിലും ഇടവകയിൽ ലിറ്റർജി കാര്യങ്ങളിലും കുടുംബക്കൂട്ടായ്മകളിലും സജീവമായും എന്നാൽ, വിനീതമായും തന്റെ ശുശ്രൂഷകൾ നിർവ്വഹിച്ചു. 'ശാന്തതയിൽ ശക്തി ശക്തിയിൽ ശാന്തത' ഇതായിരുന്നു റോസറ്റമ്മയുടെ ഉൾക്കരുത്ത്.

30 വർഷത്തോളം പ്രമേഹരോഗത്തിന്റെ അസ്വസ്ഥതകൾ ഉണ്ടായിരുന്നിട്ടും അവയൊന്നും വകവയ്ക്കാതെ, തികഞ്ഞ സംതൃപ്തിയോടെ സന്തോഷപൂർണമായ സന്ന്യാസജീവിതത്തിന്റെ 60 വർഷങ്ങൾ പൂർത്തിയാക്കി ജീവിച്ചുവരവേ 2019 ൽ ഉദരസംബന്ധമായ രോഗംമൂലം അമ്മയെ വിദഗ്ദ്ധചികിത്സയ്ക്കു വിധേയമാക്കി. പാൻക്രിയാസിൽ ക്യാൻസർ രോഗം ബാധിച്ച അമ്മയ്ക്കു സാധ്യമായ എല്ലാ ചികിത്സകളും നൽകിയെങ്കിലും കാര്യമായ ഫലപ്രാപ്തി ലഭിച്ചില്ല. കൂടുതൽ പരിചരണാർത്ഥം റോസറ്റമ്മയെ മൂലമറ്റം ബി.വി.എം.സി.യിലാക്കി. രോഗത്തിന്റെ അസ്വസ്ഥതകൾക്കിടയിലും തന്നെ സന്ദർശിക്കാനെത്തുന്നവരോടു സന്തോഷത്തോടെ സംസാരിക്കുകയും വിശുദ്ധി നിറഞ്ഞ പുഞ്ചിരി സമ്മാനിക്കുകയും ചെയ്തിരുന്നു. തന്റെ അവസാനനാളുകൾ അടുത്തെത്തിയിരിക്കുന്നുവെന്നു തിരിച്ചറിഞ്ഞിരുന്ന റോസറ്റമ്മ മരണത്തിനു രണ്ടാഴ്ചമുമ്പ് ഒരു പ്രവചനംപോലെ ഇപ്രകാരം പറഞ്ഞു: "ഞാനൊരു പുസ്തകം എഴുതുകയാണ്, തിരുഹൃദയതിരുനാൾ ദിവസം അത് പൂർത്തിയാകും." 2020 ജൂൺ 19-ാം തീയതി തിരുഹൃദയതിരുനാൾ ദിവസം വെള്ളിയാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് 86 വർഷത്തെ അർത്ഥപൂർണ്ണവും ത്യാഗസുരഭിലവുമായ തന്റെ ജീവിതബലി പൂർത്തിയാക്കി. ബഹു. റോസറ്റമ്മ തിരുഹൃദയനാഥനിൽ വിലയംപ്രാപിച്ചു.

മൃതസംസ്കാരശുശ്രൂഷകൾ 20-ാം തീയതി ഉച്ചയ്ക്ക് 1.30-ന് റോസറ്റമ്മയുടെ സഹോദരീപുത്രൻ കാഞ്ഞിരപ്പള്ളി രൂപതാ വികാരി ബഹു. ബോബി മണ്ണംപ്ലാക്കലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൂലമറ്റം ബിഷപ്പ് വയലിൽ മെഡിക്കൽ സെന്റർ ചാപ്പലിൽ സമൂഹബലിയോടെ ആരംഭിച്ചു. വി. കുർബാനമദ്ധ്യേ റോസ

റ്റമ്മയുടെ സുകൃതപൂർണ്ണമായ ജീവിതത്തെ അനുസ്മരിച്ച് മാനത്തൂർ പള്ളി വികാരി ബഹു. കുര്യാക്കോസ് ഹൃദയസ്പർശിയായ ചരമപ്രസംഗം നടത്തി. ഹോസ്പിറ്റൽ ചാപ്പലിലെ ശുശ്രൂഷകൾക്കുശേഷം മൃതദേഹം മൂലമറ്റം സെന്റ് ജോർജ് ഫൊറോനപള്ളിയിലേക്കു സംവഹിക്കപ്പെട്ടു. കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കലിന്റെ കാർമ്മികത്വത്തിലും പാലാ രൂപത വികാരി ജനറാൾ പെരിയ ബഹു. ജോസഫ് തടത്തിലിന്റെയും മറ്റു വൈദികരുടെയും ചുരുക്കം ബന്ധുമിത്രാദികളുടെയും സമൂഹാധികാരികളുടെയും സാന്നിധ്യത്തിലും മൃതദേഹം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. പ്രിയപ്പെട്ട റോസറ്റമ്മയുടെ പാവനസ്മരണക്കുമുമ്പിൽ ആദരാഞ്ജലികളർപ്പിച്ച് പ്രാർത്ഥിക്കുന്നു.



## സി. ബർണഡിറ്റ് എഫ്.സി.സി. പാലാ

പാലാ രൂപതാ നരിയങ്ങാനം ഇടവകയിൽ പരുന്തുംകൂട്ടിൽ ഔസേപ്പ് മത്തായി – ബ്രിജിറ്റ് ദമ്പതികളുടെ നാലാമത്തെ സന്താനമായി സി. ബർണഡിറ്റ് ഭൂജാതയായി. മാമ്മോദീസായിൽ ബർണദീത്താ എന്ന പേരു നല്കപ്പെട്ടു. 1968–ൽ എസ്.എസ്.എൽ.സിയും തുടർന്ന് 1970–ൽ ഡ്രോയിംഗ് ആന്റ് പെയിന്റിംഗ് ഡിസൈനിംഗ് പാസായി. 09.12.1974–ൽ പൂഞ്ഞാർ എസ്.എം.വി. ഹൈസ്കൂളിൽ ഡ്രോയിംഗ് അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കെ 20.07.1975–ൽ രാമപുരം വിമല നൊവിഷ്യേറ്റ് ഹൗസിൽ അർത്ഥിനിയായി ചേർന്നു. 27.12.1977–ൽ ആദ്യവ്രതവാഗ്ദാനവും 21.05.1987–ൽ നിത്യവ്രതവാഗ്ദാനവും അനുഷ്ഠിച്ച് നാഥനു സമ്പൂർണ്ണമായി സമർപ്പിച്ചു. തുടർന്ന് പാദുവാ, പെരിങ്ങുളം എന്നീ സ്കൂളുകളിൽ ഡ്രോയിംഗ് അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു. കുട്ടികളെ ചിത്രകലയിൽ വളർത്തിയതോടൊപ്പം മതബോധനക്ലാസുകളിലൂടെ ആത്മീയമായും വളർത്തുന്നതിൽ സി. ബർണഡിറ്റ് അതീവ ശ്രദ്ധാലുവായിരുന്നു. സാൻതോം മുത്തോലി, സാൻഡമിയാനോ പ്രൊവിൻഷ്യൽഹൗസ്, സെറാഫിക് കോൺവെന്റ്, ആശാനിലയം, പെരുംതുരുത്ത്, കലാനിലയം, മൂഴൂർ എന്നിവിടങ്ങളിൽ സുപ്പീരിയർ, ബോർഡിംഗ് മിസ്ട്രസ്, മെസ് മാനേജർ എന്നീ നിലകളിൽ തന്റെ ശുശ്രൂഷാദൗത്യം അതിന്റെ പൂർണ്ണതയിൽ നിർവ്വഹിച്ച് ക്രിസ്തുവിനു സാക്ഷിയായി. ഏകദേശം 12 വർഷക്കാലം ഷാലോം ഡി.സി.എം.ആർ. സ്കൂൾ ബോർഡിംഗിലെ കുട്ടികൾക്കായും മൂന്നുവർഷക്കാലം ആശാനിലയം Physically handicapped centre-ലും സിസ്റ്റർ തന്റെ കഴിവും, ആരോഗ്യവും സമയവും മാറ്റിവച്ച് ചെയ്ത സ്നേഹസേവനങ്ങൾ ഏവർക്കും മാതൃകാപരമായിരുന്നു. പ്രാർത്ഥനാരൂപി, സേവനതത്പരത, വിനീതമനസ്ഥിതി, സന്തോഷപ്രകൃതി, അടുക്കും ചിട്ടയും വൃത്തിയും വെടിപ്പുമുള്ള സ്വഭാവം എന്നിവ സി. ബർണഡിറ്റിൽ വിളങ്ങിയിരുന്ന സുകൃതങ്ങളായിരുന്നു. 'To love and serve God and Men' എന്നതായിരുന്നു സിസ്റ്ററിന്റെ ആദർശവാക്യം. പലവിധ രോഗങ്ങളാൽ കഷ്ടപ്പെട്ടിരുന്നെങ്കിലും യാതൊരാവലാതിയും കൂടാതെ അവയെല്ലാം സന്തോഷത്തോടെ സഹിച്ചിരുന്നു. സി. ബർണഡിറ്റ് 2020 ജൂലൈ 2–ാം തീയതി വ്യാഴാഴ്ച പനിയെത്തുടർന്ന് മരിയൻ

മെഡിക്കൽ സെന്ററിൽ അഡ്മിറ്റായി. വിദഗ്ദ്ധ പരിശോധനയിൽ ഡെങ്കിപ്പനിയാണെന്നു സ്ഥിരീകരിച്ചു. പെട്ടെന്ന് ക്ഷീണം വർദ്ധിച്ചതിനെത്തുടർന്ന് 10-ാം തീയതി വ്യാഴം വൈകിട്ട് 7.30ന് ബഹു. ജോർജ്ജ് ഞാറക്കുന്നേൽ അച്ചനിൽനിന്നു രോഗീലേപനം സ്വീകരിച്ചു. സിസ്റ്ററിന്റെ ആരോഗ്യസ്ഥിതി മോശമാണെന്നറിഞ്ഞ് വ്യാഴ്യാഴ്ച വൈകിട്ട് വെന്റിലേറ്ററിൽ പ്രവേശിപ്പിച്ചു. പിറ്റേന്ന് വെള്ളിയാഴ്ച രാവിലെ 11.10ന് സന്ന്യാസസഹോദരങ്ങളും, കുടുംബാംഗങ്ങളും പ്രാർത്ഥനാനിരതരായി നോക്കിനിൽക്കെ പെട്ടെന്നുണ്ടായ കാർഡിയാക് അറസ്റ്റിനെത്തുടർന്ന് സിസ്റ്ററിന്റെ പാവനാത്മാവ് സ്വർഗ്ഗത്തിലേക്കു പറന്നുയർന്നു.

2020 ജൂലൈ 12-ാം തീയതി മൂഴൂർ മഠം ചാപ്പലിൽ ബഹു. ജിസ്മോൻ മാണിക്ക്യത്തുപറമ്പിൽ സി.എസ്.റ്റി. അച്ചന്റെ കാർമ്മികത്വത്തിൽ ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. ബഹു. ജോസഫ് തടത്തിൽ അച്ചൻ മഠത്തിലെ ചാപ്പലിൽവച്ച് സന്ദേശം നൽകി. ബഹു. വികാരി റവ. ഫാ. ഇഗ്നേഷ്യസ് നടുവിലേക്കുറ്റ് ഭവനത്തിലെ മൃതസംസ്കാരശുശ്രൂഷകൾക്കു നേതൃത്വം നൽകി. അതിനുശേഷം മൃതദേഹം അരുണാപുരം പള്ളിയിലേയ്ക്കു സംവഹിക്കപ്പെട്ടു. പള്ളിയിലെ തിരുകർമ്മങ്ങൾക്ക് മോൺസിഞ്ഞോർ പെരിയ ബഹുമാനപ്പെട്ട ജോസഫ് തടത്തിലച്ചൻ നേതൃത്വം നല്കിക്കൊണ്ട് അർത്ഥസംപുഷ്ടമായ ചരമപ്രസംഗം നടത്തുകയും ചെയ്തു. തുടർന്ന് അരുണാപുരം പള്ളി സെമിത്തേരിയിൽ അമ്മയുടെ മൃതശരീരം സംസ്കരിച്ചു. അമ്മയെ സർവ്വേശ്വരൻ നിത്യകിരീടമണിയിക്കട്ടെ എന്നു നമുക്ക് ഒന്നുചേർന്നു പ്രാർത്ഥിക്കാം.



## സി. ലിഗോരിയ എഫ്.സി.സി.

പാലാ രൂപതയിൽ പ്ലാശനാൽ ഇടവകയിൽ കുലീനവും പുരാതനവും ദൈവവിളികളാൽ സമ്പന്നവുമായ ആലപ്പാട്ടു കുന്നേൽ കുടുംബത്തിൽ ജോസഫ്-അന്നമ്മ ദമ്പതികളുടെ ഏഴു മക്കളിൽ മൂന്നാമത്തെ സന്താനമായി 15-6-1928-ൽ ലിഗോരിയാമ്മ ജനിച്ചു. 21-6-1928 ൽ പ്ലാശനാൽ പള്ളിയിൽ വച്ച് അന്ന എന്ന പേരിൽ മാമ്മോദീസ സ്വീകരിച്ചു.

പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം 29-5-1947 ൽ അന്നമ്മ എഫ്.സി.സിയിൽ അർത്ഥിനിയായി ചേർന്നു. സന്ന്യാസപരിശീലനത്തിനുശേഷം 17-5-1950 ൽ സഭാവസ്ത്രം സ്വീകരിച്ച് സി. ലിഗോരിയ എന്ന പേര് സ്വീകരിച്ചു. 17-11-1952 ൽ നിത്യവ്രതം ചെയ്തു നാഥനായി സമ്പൂർണ്ണസമർപ്പണം ചെയ്തു.

കണ്ണാടിയുറുമ്പ്, കല്ലൂർക്കുളം, വിമലഗിരി, അരുവിത്തുറ, വാകക്കാട്, പാളയം, തീക്കോയി എന്നീ മഠങ്ങളിൽ അമ്മ തന്റെ സേവനം കാഴ്ചവച്ചു. താമസിച്ച മഠങ്ങളിലെല്ലാം അമ്മ സൂപ്പർവൈസറായും ലിഗോരിയാമ്മ ശുശ്രൂഷ ചെയ്തിരുന്നു. തന്നെ ഏല്പിച്ചിരുന്ന ഉത്തരവാദിത്വങ്ങൾ ഏറെ സ്നേഹത്തോടെയും കൃത്യ

മായും ചെയ്തിരുന്നു. എഫ്.സി.സി.യുടെ കാരിസം അതിന്റെ തനിമയിൽ ജീവിച്ച വ്യക്തിയായിരുന്നു ലിഗോരിയാമ്മ. അധ്വാനിച്ച് തഴമ്പിച്ച കൈകളും എളിമ നിറഞ്ഞ മനസും ദൈവാശ്രയബോധവുമായിരുന്നു അമ്മയുടെ സമ്പത്ത്.

സ്നേഹം, സേവനം, സഹനം എന്നതായിരുന്നു അമ്മയുടെ മോട്ടോ. ദൈവത്തിനും ദൈവജനത്തിനുംവേണ്ടി ജീവിക്കുക. എളിയ ജീവിതം നയിച്ച് സ്വർഗത്തിലെത്തുക. ഇതായിരുന്നു അമ്മയുടെ ജീവിതലക്ഷ്യം. അമ്മ പ്രാർത്ഥനയെ സ്നേഹിക്കുകയും ധാരാളം പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. മാതാവിനോട് അതീവഭക്തിയുള്ള അമ്മ ധാരാളം ജപമാലകൾ ചൊല്ലിയിരുന്നു. അമ്മയുടെ കൈയിൽ എപ്പോഴും ജപമാലയുണ്ടായിരുന്നു. ജപമാലയാണ് എന്റെ ശക്തി, ഇതാണ് എന്റെ ആയുധം എന്ന് അമ്മ പറയുമായിരുന്നു. യാമപ്രാർത്ഥനകളിലെല്ലാം അമ്മ കൃത്യമായും സംബന്ധിച്ചിരുന്നു.

അങ്ങനെയിരിക്കെ, മെയ്മാസം 17-ാം തീയതി ഞായറാഴ്ച വെളുപ്പിന് അമ്മ മുറിയിൽ വീഴുകയും ബോധരഹിതയായിത്തീരുകയും ചെയ്തു. ഉടൻതന്നെ മരിയൻ മെഡിക്കൽ സെന്ററിൽ ഐ.സി.യുവിൽ പ്രവേശിപ്പിച്ചു. 9 ദിവസം ഐ.സി.യുവിൽ ആയിരുന്നെങ്കിലും കാര്യമായ പുരോഗതി കാണാത്തതിനാൽ കൂടുതൽ നേഴ്സിംഗ് പരിചരണം ലഭിക്കുന്നതിനായി തിടനാട് കോൾബെ ഹോസ്പിറ്റലിലേക്കു മാറ്റുകയും ചെയ്തു. ദിവസംതോറും രോഗത്തിന്റെ അസ്വസ്ഥതകൾ വർദ്ധിച്ചുവന്നിരുന്നു. 27-6-2020 ശനിയാഴ്ച വെളുപ്പിന് 4-ന് ബഹു. മദറും സിസ്റ്റേഴ്സും പ്രാർത്ഥനാനിരതരായി നോക്കിനിൽക്കെ അമ്മയുടെ പാവനാത്മാവ് നിത്യജ്യോതിയിൽ ലയിച്ചുചേർന്നു.

പിറ്റേദിവസം 28-6-2020 ഞായറാഴ്ച അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് രാവിലെ 11.30 ന് തീക്കോയി പള്ളി വികാരി റവ.ഡോ. തോമസ് മേനാച്ചേരി അച്ചന്റെയും അസി. വികാരി റവ. ഫാ. ജോസഫ് പുരയിടത്തിൽ മാട്ടേലച്ചന്റെയും മുഖ്യകാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. ബഹു. വികാരിയച്ചൻ ചരമപ്രസംഗം നടത്തി. തുടർന്ന് മൃതദേഹം പള്ളിയിലേക്കു സംവഹിക്കപ്പെട്ടു. പള്ളിയിലെ കർമ്മങ്ങൾക്ക് പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ നേതൃത്വം നൽകുകയും അനുസ്മരണപ്രസംഗം നടത്തുകയും ചെയ്തു. ഏകദേശം 12.30 നോടുകൂടി ബഹു. ലിഗോരിയാമ്മയുടെ മൃതദേഹം തീക്കോയി സെന്റ് മേരീസ് ഫൊറോനാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

ഒരു ശിശുവിനെപ്പോലെ, നിഷ്കളങ്കമായ പുഞ്ചിരിയോടെ എല്ലാവരെയും സ്നേഹിച്ചും സേവിച്ചും തന്റെ ജീവിതദൗത്യം പൂർത്തിയാക്കിയ ബഹു. ലിഗോരിയാമ്മയെ തന്റെ ദിവ്യമണവാളൻ നിത്യകിരീടം അണിയിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.



## സി. എമിരിച്ച് സി.എം.സി

സി. എമിരിച്ച് കോതമംഗലം രൂപത പേങ്ങാട്ടൂർ ഇടവകയിൽ കളപ്പുരയ്ക്കൽ വർക്കി-മറിയാമ്മ എന്നീ മാതാപിതാക്കളുടെ ഒമ്പതു മക്കളിൽ നാലാമത്തെ സന്താനമായി 7-5-1931 -ന് സി എമിരിച്ച് ജനിച്ചു. മാമ്മോദീസായിൽ ക്ലാര എന്ന പേര് നല്കപ്പെട്ടു. സ്നേഹധനരായ മാതാപിതാകളുടെ ശിക്ഷണത്തിൽ വളർന്നുവന്ന സി. എമിരിച്ചിന് ചെറുപ്പം മുതലേ പരിശുദ്ധ അമ്മയോട് സവിശേഷഭക്തിയുണ്ടായിരുന്നു. വിശുദ്ധരുടെ ജീവചരിത്രങ്ങൾ, വിശിഷ്യാ നവമാലിക വായിക്കുന്നതിൽ ആനന്ദം കണ്ടെത്തി യിരുന്നു.

സാമാന്യവിദ്യാഭ്യാസത്തിനുശേഷം 28-5-1958-ന് ആദ്യവ്രതവും 28-5-1962-ന് നിത്യവ്രതവും അനുഷ്ഠിച്ചു. 2008-ൽ വ്രതാർപ്പണത്തിന്റെ സുവർണജൂബിലി ആഘോഷിച്ചു. പ്രവിത്താനം, കരൂർ, മുട്ടുചിറ, ലിസ്യു കോൺവെന്റ്, മല്ലികശ്ശേരി, അരുണാപുരം, താബോർ എന്നി മഠങ്ങളിൽ പേഷിതശുശ്രൂഷ നിർവഹിച്ച എമരിച്ചമ്മ 1955 മുതൽ മുണ്ടാങ്കൽ മഠത്തിലായിരുന്നു. മൂന്നു വർഷത്തെ താബോർ പ്രാർത്ഥനാലയത്തിലെ മധ്യസ്ഥ പ്രാർത്ഥനാജിവിതം ഒരു വലിയ അനുഭവമായിരുന്നു. ജപമാലയും കരുണക്കൊന്തയും ചൊല്ലി നിരന്തരം തിരുസഭയ്ക്കും ലോകം മുഴുവനും വേണ്ടിയും മധ്യസ്ഥപ്രാർത്ഥന നടത്തിയിരുന്നു. തകർച്ചയിലായിരുന്ന പല കുടുംബങ്ങൾക്കും ആശ്വാസവും സമാധാനവും അഭിവൃദ്ധിയും ലഭിച്ചതായി അനുഭവങ്ങൾ സാക്ഷിക്കുന്നുണ്ട്. വനത്തിലെ ജോലികൾ മെസ്സ് മാനേജർ, കൃഷി, രോഗീശുശ്രൂഷ എന്നിവ വളരെ ഉത്തരവാദിത്വപൂർവ്വം ചെയ്തിരുന്നു. പ്രാർത്ഥനാരൂപി, നിയമാനുഷ്ഠാന തത്പരത സന്തോഷപ്രകൃതി തുടങ്ങിയവ ഈ സിസ്റ്ററിൽ വിളങ്ങിയിരുന്നു. വിശ്രമജീവിതം നയിച്ചിരുന്ന അമ്മ സദാസമയവും യേശുനാമം ജപിക്കുന്നതിൽ ആനന്ദിച്ചിരുന്നു. ക്ഷീണം വർദ്ധിച്ചിരുന്നതിനാൽ കൂടുതൽ പരിചരണം ലഭിക്കുന്നതിനായി കാർമ്മൽ ആശുപ്രതിയിലേക്കു കൊണ്ടുപോയി. സുബോധത്തോടെ ബഹു. അലക്സാണ്ടർ ഓലിക്കലച്ചനിൽ നിന്നു രോഗീലേപനം സ്വീകരിച്ചു. സമൂഹാംഗങ്ങളുടെ പ്രാർത്ഥ നയ്ക്കിടയിൽ 02-07-2020 വ്യാഴം രാത്രി 11-ന് അമ്മയുടെ ആത്മാവ് നിത്യഗേഹത്തിലേക്കു യാത്രയായി. പിറ്റേദിവസം 12.30 ന് ബഹു. തോമസ് OFM Cap. ന്റെ പധാന കാർമ്മികത്വത്തിൽ മഠം ചാപ്പലിൽ പരിശുദ്ധ കുർബാനയോടെ സംസ്കാര ശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് മൃതശരീരം മുണ്ടാങ്കൽ പള്ളിയിലേക്കു സംവഹിക്കപ്പെട്ടു. പള്ളിയിലെ തിരുകർമ്മങ്ങൾക്കു പാലാ രൂപതാ വികാരി ജനറാൾ റവ. ഡോ. ജോസഫ് തടത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് വൈദികരുടെയും സിസ്റ്റേഴ്സിന്റെയും കുടുംബാംഗങ്ങളുടെയും ഇടവക സമൂഹത്തിന്റെയും സാന്നിധ്യത്തിൽ മൃതദേഹം മുണ്ടാങ്കൽ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. നന്മയുടെ പ്രകാശം പരത്തി കടന്നുപോയ എമിരിച്ചമ്മയെ ദിവ്യനാഥൻ നിത്യകിരീടം അണിയിക്കട്ടെ.



# സി. ക്ലെമൻസ് സി.എം.സി

തന്റെ വിശുദ്ധരുടെ മരണം കർത്താവിന്
അമൂല്യമാണ് സങ്കീ. 116/15

പാലാ രൂപതയിലെ ജയ്ഗിരി ഇടവകയിൽ വഴുതനപ്പള്ളി - അപ്പോർമറ്റം കുടുംബത്തിൽ സിറിയക്-ക്ലാരമ്മ ദമ്പതികളുടെ ഏഴു മക്കളിൽ 4-ാമത്തെ സന്താനമായി 1934 ഒക്ടോബർ 30-ന് സി. ക്ലെമൻസ് ഭൂജാതയായി, മാമ്മോദീസായിൽ സിസിലി എന്ന പേരു നൽകപ്പെട്ടു.

1953-ൽ കുറവിലങ്ങാട് ഗേൾസ് ഹൈസ്കൂളിൽനിന്നും എസ്.എസ്. എൽ.സി പാസായി. കുറവിലങ്ങാട് കർമ്മലീത്താമഠത്തിലെ സിസ്റ്റേഴ്സിന്റെ പ്രാർത്ഥനയും പരിശീലനവും സന്മാതൃകയും അമ്മയെ കർമ്മലയിലേക്കാകർഷിച്ചു.

1953 നവംബർ 14-ന് കുറവിലങ്ങാട് മഠത്തിൽ അർത്ഥിനിയായി ചേർന്നു. തുടർപരിശീലനം ഈ മഠത്തിൽത്തന്നെ പൂർത്തിയാക്കിയ ക്ലെമൻസമ്മ 1954 മെയ് 18-ന് കുറവിലങ്ങാട് പള്ളിയിൽവച്ച് സഭാവസ്ത്രം സ്വീകരിച്ചു. 1955 മെയ് 19-ന് ആദ്യവ്രതവും 1958 മെയ് 19-ന് നിത്യവ്രതവും അനുഷ്ഠിച്ച അമ്മയ്ക്ക് 2005-ൽ തന്റെ അനുഗ്രഹപൂർണ്ണമായ സന്ന്യാസ സമർപ്പണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും ലഭിച്ചു.

1955-ൽ തിരുവനന്തപുരം സെന്റ് റോക്ക്സ് ട്രെയിനിംഗ് സ്കൂളിൽനിന്ന് റ്റി.റ്റി.സി. പഠനം പൂർത്തിയാക്കിയ അമ്മ 1956-ൽ കുറവിലങ്ങാട് ഗേൾസ് ഹൈസ്കൂളിൽ തന്റെ അധ്യാപനജീവിതത്തിന്റെ തുടക്കംകുറിച്ചു. 35 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം 1991-ൽ മുണ്ടാങ്കൽ ലിറ്റിൽ ഫ്ളവർ സ്കൂളിൽനിന്നും വിരമിച്ചു.

കുറവിലങ്ങാട്, ചേർപ്പുങ്കൽ, വിളക്കുമാടം, മണ്ണാറപ്പാറ, മുണ്ടാങ്കൽ, കാർമ്മൽഭവൻ എന്നീ മഠങ്ങളിൽ താമസിച്ച് അധ്യാപനശുശ്രൂഷയോടൊപ്പം വിശ്വാസപരിശീലനം, കുടുംബക്കൂട്ടായ്മ, വിവിധ സംഘടനകൾ തുടങ്ങിയ ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും സജീവ പങ്കാളിയായി.

1991 മുതൽ 1995 വരെ വിളയംകാട് മഠത്തിന്റെ സുപ്പീരിയറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. കൂടാതെ അസി. മദർ, കൗൺസിലർ, ജൂണിയർ മിസ്ട്രസ്, ഫിനാൻസ് ഓഫീസർ, ഹോസ്റ്റൽ വാർഡൻ തുടങ്ങിയ ഉത്തരവാദിത്വമേറിയ ജോലികൾ കർമ്മലയിൽ നിർവഹിച്ചു.

എപ്പോഴും എല്ലാവർക്കും സംലഭ്യയായിരുന്ന അമ്മയുടെ സന്തോഷപ്രകൃതി, ശാന്തത, വിനയം, ക്ഷമ, അധികാരവിധേയത്വം, അധ്വാനശീലം ഭക്തകാര്യങ്ങളിലുള്ള നിഷ്ഠ എന്നിവയെല്ലാം ഏറെ അനുകരണാർഹമായിരുന്നു.

2014-ൽ ക്യാൻസർ രോഗബാധിതയായ അമ്മ തന്റെ ആത്മ മണവാളന്റെ കരങ്ങളിൽനിന്നും വിശ്വാസത്തോടും സമചിത്തതയോടും കൂടെ സ്വീകരിച്ചു.

2000 ജൂലൈ 1-ന് രോഗത്തിന്റെ അസ്വസ്ഥതകൾ വർദ്ധിച്ചതിനെത്തുടർന്ന് അമ്മ രോഗീലേപനം സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ബഹു. ആർച്ച് പ്രീസ്റ്റ് റവ. ഡോ. അഗസ്റ്റിൻ കുട്ടിയാനിയിൽനിന്ന് രോഗീലേപനം സ്വീകരിക്കുകയും ചെയ്തു.

ജൂലൈ 10-ന് ഉച്ചയോടുകൂടി രോഗം മൂർച്ഛിക്കുകയും ബഹു. കുര്യാക്കോസ് വെള്ളച്ചാലിൽ അച്ചനിൽനിന്നും ആശീർവ്വാദം സ്വീകരിച്ച് സമൂഹാംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും പ്രാർത്ഥനാമദ്ധ്യേ 3.30 pm ന് തന്റെ പാവനാത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു. പിറ്റേദിവസം രാവിലെ 11 ന് മഠം ചാപ്പലിൽ ബഹു. ആർച്ച് പ്രീസ്റ്റ് റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനിയുടെ കാർമികത്വത്തിൽ നടന്ന ദിവ്യബലിക്കുശേഷം പാലാരൂപത വികാരി ജനറാൾ മോൺ. റവ.ഡോ. ജോസഫ് തടത്തിലിന്റെ പ്രധാനകാർമ്മികത്വത്തിലും ബഹു. ആർച്ചു പ്രീസ്റ്റിന്റെയും സഹവൈദികരുടെയും സാന്നിധ്യത്തിലും മൃതദേഹം മേജർ ആർക്കി എപ്പിസ്ക്കോപ്പൽ മർത്ത്മറിയം ആർച്ചുഡീക്കൻ തീർത്ഥാടന ദൈവാലയ സിമിത്തേരിയിൽ സംസ്കരിച്ചു.




| | | JULY 2020 |
|---|---|---|
| 2 | 12.00 noon | രാമപുരം ഇടവകയിൽ കീലത്ത് ത്രേസ്യാമ്മയുടെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 8 | 10.00 am | അരമനയിൽവച്ച് പൗരസ്ത്യസുറിയാനി ഭാഷാ പഠനകേന്ദ്രം House of Wisdom of the East Syriac Studies ഉദ്ഘാടനം ചെയ്തു. |
| | 04.00 pm | ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പുതുതായി കൊണ്ടുവന്ന മെഷീൻ വെഞ്ചരിച്ചു. |
| 10 | 03.00 pm | സൂം കോൺഫ്രൻസ് വഴി സംഘടിപ്പിച്ച പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിന് നേതൃത്വം നൽകി. |
| 12 | 10.00 am | അരമനയിൽ വച്ച് ഡി.സി.എം.എസ്. സംഘടനയുടെ നേതൃത്വത്തിൽ ക്രമീകരിച്ച ഭക്ഷണക്കിറ്റ് വിതരണം ഉദ്ഘാടനം ചെയ്തു. |
| 13 | 03.00 pm | മുളക്കുളം ഇടവകയിൽ ബഹു. ഇമ്മാനുവേൽ പെരിയപ്പുറത്തച്ചന്റെ സഹോദരൻ ശ്രീ ജോയി സിറിയക്കിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 20 | 03.30 pm | അരമനയിൽവച്ച് പ്രവാസി മീറ്റിംഗിൽ സംബന്ധിച്ചു. |
| 24 | 10.00 am | അരമനയിൽ വച്ച് ഹയർ സെക്കന്ററി പരീക്ഷയിൽ പാലാ കോർപ്പറേറ്റിന്റെ കീഴിലുള്ള സ്കൂളുകളിൽ നൂറിൽ നൂറുമാർക്കും കരസ്ഥമാക്കിയ കുട്ടികളെ അഭിനന്ദിച്ചു. |
| | 03.00 pm | അരമനയിൽവച്ച് കർഷകമീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 25 | | രൂപതാ സപ്തതി ദിനാഘോഷത്തിന്റെ ഭാഗമായി വിശുദ്ധ കുർബാന അർപ്പിച്ച് രൂപതയ്ക്കുവേണ്ടി പ്രാർത്ഥിച്ചു. |
| 27 | 11.00 am | ഭരണങ്ങാനം അൽഫോൻസാ ഷ്റൈനിൽ അൽഫോൻസാ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 02.30 pm | മൂഴൂർ ഇടവകയിൽ ബഹു. കുര്യൻ തടത്തിലച്ചന്റെ പിതാവ് ശ്രീ. റ്റി.എം. മാണിയുടെ മൃതസംസ്കാരശുശ്രൂഷയ്ക്കു ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 29 | 03.00 pm | അരമനയിൽ വച്ച് കൺസൾട്ടൻസ് ബോഡി & ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 30 | 03.00 pm | അരമനയിൽവച്ച് തോമസ് മൂലയിലച്ചന്റെ നേതൃത്വത്തിൽ പൂർത്തിയാക്കിയ പുസ്തകം പ്രകാശനം ചെയ്തു. |
| 31 | 11.00 am | രാമപുരം ഇടവകയിൽ മാർ ആഗസ്തിനോസ് കോളേജിന്റെ ജൂബിലി സമാപനത്തിന്റെ ഭാഗമായി സന്ദേശം നൽകി. |
| | 03.00 pm | സൂം കോൺഫ്രൻസ്വഴി സംഘടിപ്പിച്ച പ്രസ്ബിറ്ററൽ കൗൺസിലിന് നേതൃത്വം നൽകി. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

| | | JULY 2020 |
|---|---|---|
| 02 | 10.15 am | രാമപുരം ഇടവകയിൽ കീലത്ത് ത്രേസ്യാമ്മ ജോണിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | പാലാ മരിയൻ മെഡിക്കൽ സെന്ററിൽ പാലാ ബ്ലഡ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന രക്തദാനപ രിപാടി ഉദ്ഘാടനം ചെയ്തു. |
| | 11.30 am | മുണ്ടാങ്കൽ പള്ളിയിൽ എസ്.എം.വൈ.എം. ന്റെ നേതൃ ത്വത്തിലുള്ള ഗ്രീൻഹൗസ് പച്ചക്കറിത്തോട്ടം സന്ദർശിച്ചു. |
| | 12.00 noon | മുണ്ടാങ്കൽ പള്ളിയിൽ വിവാഹവാഗ്ദാനം ആശീർവ ദിച്ചു. |
| | 01.00 pm | പാലാ മരിയസദനത്തിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 01.45 pm | മേരിഗിരി ഐ.എച്ച്.എം. ആശുപത്രിയിലെ ചീഫ് ഫിസിഷ്യനായിരുന്ന ഡോ. വി.എക്സ്. മാത്യു വെട്ടി ക്കാപ്പള്ളിയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 03 | 02.00 pm | കൂത്രപ്പള്ളി എസ്റ്റേറ്റ് സന്ദർശിച്ചു. |
| | 03.00 pm | ചങ്ങനാശ്ശേരി അരമനയിൽ അഭിവന്ദ്യ തോമസ് തറ യിൽ പിതാവിനെ സന്ദർശിച്ച് നാമഹേതുകത്തിരുനാൾ മംഗളങ്ങൾ നൽകി. |
| 04 | 10.30 am | ഇടമറ്റം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 05 | 07.00 am | ഡി.എസ്.ടി. പ്രൊവിൻഷ്യൽ ഹൗസിൽ ജൂബിലി ആഘോഷിക്കുന്ന 19 സിസ്റ്റേഴ്സിന് വി. കുർബാന യർപ്പിച്ച് ആശംസകൾ നൽകി. |

| | | |
|---|---|---|
| 08 | 10.00 am | അരമനയിൽ പൗരസ്ത്യ സുറിയാനി ഭാഷാ പഠനകേന്ദ്രത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ സംബന്ധിച്ചു. |
| 09 | 12.00 noon | ഇടമറ്റം ഇടവകയിൽ 'സത്യം ഓൺലൈൻ' വാർത്താ ഓഫീസിന്റെ വെഞ്ചരിപ്പ് കർമ്മം നടത്തി. |
| 10 | 03.00 pm | അരമനയിൽ സൂം കോൺഫറൻസിലൂടെ നടത്തപ്പെട്ട പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 11 | 11.00 am. | മേലുകാവുമറ്റം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 12 | 11.00 am | എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ജൂബിലി ആഘോഷിക്കുന്ന ബഹു. സിസ്റ്റേഴ്സിന് വി. കുർബാനയർപ്പിച്ച് ആശംസകൾ നൽകി. |
| | 12.15 pm | മൂഴൂർ മഠത്തിൽ സി. ബർണ്ണർഡിറ്റ് എഫ്.സി.സി.യുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 13 | 08.00 am | പൂവരണി ഇടവകയിൽ ശ്രീ. തോമസ് കെ.ജോസ് കാവുംപുറത്തിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | മുളക്കുളം ഇടവകയിൽ ബഹു. ഇമ്മാനുവേൽ പെരിയപ്പുറം അച്ചന്റെ സഹോദരനായ ശ്രീ. ജോയി സിറിയക്കിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 15 | 10.15 am | അരമനയിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നിർധനരായ കുട്ടികൾക്കായി ടെലിവിഷനുകൾ വിതരണം ചെയ്തു. |
| | 03.00 pm | അരമനയിൽവച്ച് രൂപതയുടെ ഇംഗ്ലീഷ് മീഡിയം സ്കൂൾ മാനേജർമാരുടേയും പ്രിൻസിപ്പൽമാരുടെയും മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.00 pm | ഇളംതോട്ടം ഇടവകയിൽ അന്നമ്മ ജോസഫ് കുന്നുംപുറത്തിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 16 | 06.15 am | സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. |

| | | |
|---|---|---|
| 18 | 7.00 am | മുട്ടുചിറ സി.എം.സി. മഠത്തിന്റെ ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| | 09.30 am | മുട്ടുചിറ ഇടവകയിൽ വാഴപ്പറമ്പിൽ ചാക്കോച്ചന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 19 | 06.15 am | എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ ജൂബിലി ആഘോഷിക്കുന്ന ബഹു. സിസ്റ്റേഴ്സിനായി വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 03.00 pm | പുതുക്കിപ്പണിത ഇലഞ്ഞി പഴയപള്ളിയുടെ വെഞ്ചരിപ്പുകർമ്മം നടത്തി. ഇടവകയുടെ നേതൃത്വത്തിൽ പണികഴിക്കപ്പെട്ട അഞ്ചാമത്തെ വീട് വെഞ്ചരിക്കുകയും ചെയ്തു. |
| 20 | 03.30 pm | അരമനയിൽ വച്ച് പ്രവാസിമീറ്റിംഗിൽ സംബന്ധിച്ചു. |
| 21 | 02.30 pm | ഭരണങ്ങാനത്ത് വി. അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ പ്രാർത്ഥിച്ചു. തുടർന്ന് ഭരണങ്ങാനം ഫൊറോനാപള്ളിയിൽ വൈദികപരിശീലനം നടത്തുന്ന ദൈവശാസ്ത്രവിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി. |
| | 3.00 pm | ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ച് ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ നേതൃത്വത്തിൽ നിർമ്മിച്ച മാസ്കുകളുടെ വിതരണം നടത്തി. |
| | 6.00 pm | രാമപുരം ഇടവകയിൽ കീലത്ത് ജോൺ ജോസഫിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 22 | 12 noon - 04.00 pm | പാലാ കത്തീഡ്രൽ, ചേർപ്പുങ്കൽ, കുറവിലങ്ങാട്, അരുവിത്തുറ എന്നീ ഫൊറോനകളിൽ വൈദികപരിശീലനം നേടുന്ന രൂപതയിലെ ദൈവശാസ്ത്രവിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി. |
| 27 | 03.00 pm | മൂഴൂർ ഇടവകയിൽ ബഹു. കുര്യൻ തടത്തിലച്ചന്റെ പിതാവ് ശ്രീ റ്റി.എം. മാണിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം നൽകി. |

| | | |
|---|---|---|
| 28 | 09.30 am | പാലാ മരിയൻ മെഡിക്കൽ സെന്ററിൽ പുതിയ 'കാത്ത് ലാബി'ന്റെ വെഞ്ചരിപ്പ് കർമ്മം നടത്തി. |
| | 11.00 am | ഭരണങ്ങാനത്ത് വി. അൽഫോൻസാമ്മയുടെ കബറിട ദൈവാലയത്തിൽ പരിശുദ്ധ റാസ അർപ്പിച്ച് സന്ദേശം നൽകി. |
| 29 | 06.15 am | കരൂർ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു. |
| | 03.00 pm | അരമനയിൽ വച്ച് കൺസൾട്ടൻസ് ബോഡി & ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 30 | 03.00 pm | അരമനയിൽ വീഡിയോ കോൺഫറൻസിലൂടെ ഡി.സി.എം.എസ്. ഡയറക്ടേഴ്സ് മീറ്റിൽ പങ്കെടുത്തു. |
| 31 | 03.00 pm | അരമനയിൽ വീഡിയോ കോൺഫറൻസിലൂടെ പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു. |



ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പുതിയതായി വാങ്ങിയ മെഷീൻ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



DCMS സംഘടനയുടെ നേതൃത്വത്തിൽ ക്രമീകരിച്ച ചികിത്സാസഹായവും
ഭക്ഷണകിറ്റ് വിതരണവും  അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



പ്രവാസികളുടെയും തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തിയവരുടെയും വിവരശേഖരണത്തിനുള്ള
ഗൂഗിൾ ഫോം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പ്രകാശനം ചെയ്യുന്നു.

2020
AUGUST

# SANTHWANAPRAKASHAM

PALAI DIOCESAN BULLETIN




Printed at St. Thomas Press, Palai and Published by Fr. John Edettu